# ജെയിൻ

## [പ്രണയപുഷ്പം][AKH]

**Author : AKH**




""കുളിരണിഞ്ഞ മഞ്ഞിൻ ശോഭയുള്ള ഒരു സായാഹ്നം......"" മലമുകളിൽ വെള്ളിമേഘങ്ങൾ മുട്ടിയുരുമ്മിഅവരുടെ സഞ്ചാരപഥത്തിലൂടെ തെന്നിനീങ്ങുന്നു...... ചുവപ്പിന്റെ ശോഭയുള്ള സൂര്യകിരണങ്ങൾ

മലമുകളിൽ പുതിയൊരു വർണ്ണവസന്തം വിതറുന്നു..... """"

""""""""ജെയിൻ..... നിന്നെ തേടിയുള്ള എന്റെ യാത്ര പരിസമാപ്തിയിൽ എത്തിയിരിക്കുന്നു....... എത്രയെത്ര രാപ്പകലുകൾ നിന്നെ തേടി അലഞ്ഞു......

അവസാനം ഇങ്ങനെയൊരു കൂടിക്കാഴ്ച്ചക്കായിരുന്നുവോ..... നമ്മൾ സ്നേഹിച്ചത്...... """"

അഞ്ചു വർഷങ്ങൾക്കു ശേഷം.........

""ടീ.... കോഫി... കോഫി... ടീ.... കോഫീ """"

ട്രെയിനിലെ നിത്യകാഴ്ചകളുടെ ശബ്ദവിതാനങ്ങൾ മൂലം പ്രവിയുടെ മിഴികൾ താനെ തുറന്നു.....

വിന്ഡോയിലൂടെ അരിച്ചിറങ്ങുന്ന സൂര്യരശ്മികൾ മിഴികളിലേക്ക് ആഗികരണം ചെയ്യാൻ പ്രവിക്ക് കുറച്ചു നേരത്തെ സമയം വേണ്ടി വന്നു....

മിഴികൾ തിരുമി പ്ലാറ്റഫോമിലേക്ക് വീക്ഷിച്ചപ്പോൾ പ്രവിക്ക് ഒരു കാര്യം മനസിലായി ....'''' താൻ ഇറങ്ങേണ്ട സ്റ്റോപ്പ് പിന്നിട്ടു എന്ന് ''''

പ്രവി വേഗം തന്നെ തന്റെ സഞ്ചിയും എടുത്തു ആ ജനറൽ കംപാർട്മെന്റിന്റെ ബോഗിയിൽ നിന്നും പ്ലാറ്റഫോമിലേക്ക് കാലുകൾ എടുത്തു വെച്ചു ....

കുറെ വർഷങ്ങൾക്കു ശേഷം സ്വന്തം നാട്ടിലെ ഗന്ധം പ്രവിയെ തേടിയെത്തി .... പ്രവി ഒറ്റശ്വസത്തിൽ അതു വലിച്ചെടുത്തെട്ടു നേരെ പ്ലാറ്റഫോമിലൂടെ പുറത്തേക്കുള്ള വഴിയിലേക്ക് വെച്ചു പിടിച്ചു ....

പ്ലാറ്റ്ഫോമിൽ അങ്ങിങ്ങായി നിൽക്കുന്ന യാത്രക്കാരുടെ രൂക്ഷമായ നോട്ടം പ്രവി കണ്ടില്ലെന്നു നടിച്ചു .....

അല്ല അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല .....

ഒരു മുഷിഞ്ഞ പാന്റും അതിനു മുകളിൽ മണ്ണിന്റെ നിറമുള്ള മുഷിഞ്ഞ ജൂബയും ഒതുക്കമില്ലാത്ത ചീകാത്ത നീട്ടിവളർത്തിയ മുടിയും താടിയും ...... കണ്ടാൽ ഒരു ഭ്രാന്തൻ ലുക്ക് ..... അതായിരുന്നു പ്രവി...

യവ്വനം നിറഞ്ഞു നിൽക്കേണ്ട പ്രായത്തിൽ വാർദ്ധക്യത്തിലേക്ക് കൂപ്പ് കുത്തിയ മനസ്സായിരുന്നു പ്രവിയുടേത്......

ഇനി പ്രവിയുടെ ഭാക്ഷയിൽ പറയുകയാണെങ്കിൽ ""കാലാനുപോലും വേണ്ടാത്തോരു ജന്മം """

""ഡിംഗ്... ഡിംഗ്... ""

ബെല്ലിന്റെ സൗണ്ടും കണ്ടക്ടർ ഉച്ചത്തിൽ വിളിച്ചു പറയുന്ന സ്ഥലപ്പേരും കേട്ടപ്പോൾ പ്രവി ബസിൽ നിന്നും ഇറങ്ങാനായി തയാറെടുത്തു....

സിറ്റിയിൽ നിന്നും കുറച്ചു അകലെയായി നെൽവയലുകളും ചെറു തോടുകളും ജലാശയങ്ങളും കുളങ്ങളും കൊണ്ട് സമ്രുദ്ധമായ ഒരു ഗ്രാമപ്രദേശത്തിന്റെ കവലയിൽ ബസ് നിന്നപ്പോൾ പ്രവി ആ ബസിൽ നിന്നും ഇറങ്ങി.....

""അധികം മാറ്റമൊന്നുമില്ല..... ""

ബസിൽ നിന്നും ഇറങ്ങിയ പാടെ ചുറ്റുമൊന്നും കണ്ണോടിച്ച പ്രവിയുടെ മനസ്സ് മന്ത്രിച്ചു....

""വേലായുധേട്ടന്റെ ചായക്കടയും.. നാണുവേട്ടന്റെ ബാർബർ ഷോപ്പും... പിന്നെ തൊട്ടു തൊട്ടു കാണുന്ന പലചരക്ക് കടയും ... അങ്ങനെ അഞ്ചു വർഷങ്ങൾക്കു മുൻപ് പോകുമ്പോൾ ഉണ്ടായിരുന്ന എല്ലാം ഇപ്പോഴും അവിടെ ഉണ്ട് .... എന്നാലും പുതുതായി ഒന്ന് രണ്ടു പുതിയ കടകൾ പ്രവിയുടെ ശ്രദ്ധയിൽ പെട്ടു.... '"

ചുറ്റുമൊന്നു വീക്ഷിച്ചിട്ട് പ്രവി വേലായുധേട്ടന്റെ ചായക്കട ലക്ഷ്യമാക്കി നടന്നു ...

ട്രെയിൻ യാത്രയും സ്റ്റേഷനിൽ നിന്നും ഒരു മണിക്കൂർ ബസ് യാത്രയും പ്രവിയെ നന്നേ ക്ഷീണിപ്പിച്ചിരുന്നു....

ചായക്കടയുടെ പുറത്തിരിക്കുന്ന ബക്കറ്റിലെ വെള്ളം കപ്പ് കൊണ്ട് കോരി മുഖവും കൈയും കഴുകി ചായക്കടയിലേക്ക് കയറിയ പ്രവിയോട് വേലായുധൻ ചേട്ടൻ പുറത്തെ മൂലയിലെ ബെഞ്ചിലേക്ക് ചൂണ്ടി കാണിച്ചു ....

""തന്റെ രൂപം ഇതായതുകൊണ്ടായിരിക്കും വേലായുധൻ ചേട്ടൻ പുറത്തെ ബഞ്ചിൽ ഇരിക്കാൻ തന്നോട് പറഞ്ഞത്.... """"

""വേലു ഏട്ടാ.... ഒരു കട്ടൻ കടുപ്പം കുറച്ചു..... """

വളരെ പ്രയാസപ്പെട്ട് ചെറിയൊരു പുഞ്ചിരിമുഖത്തു വരുത്തിക്കൊണ്ട് പ്രവി പറഞ്ഞു...

പ്രവിയുടെ ശബ്ദം വേലായുധന് ഒരു ഞെട്ടൽ ഉണ്ടാക്കി.... ""മുൻപ് എവിടെയോ കേട്ട് പരിചയം ഉള്ള ശബ്ദം..... ""

വേലായുധൻ പ്രവിയെ സൂക്ഷിച്ചു നോക്കി ....

പ്രവിയുടെ കണ്ണുകളിൽ നിന്നും പ്രവിയെ മനസിലാക്കിയ വേലായുധൻ വേഗം തന്നെ പ്രവിയുടെ അടുത്തേക്ക് ഓടി വന്നു.....

""പ്രവി മോൻ...... """

വേലായുധന്റെ നാവുകൾ മന്ത്രിച്ചു....

പ്രവി അതുകേട്ടപ്പോൾ ""അതെ ""എന്നർത്ഥത്തിൽ തലയാട്ടി....

""എവിടെ ആയിരുന്നുടാ..... എന്തുകോലമാ ഇത്..... """

വേലായുധൻ പ്രവിയുടെ ശിരസ്സിൽ തഴുകി കൊണ്ട് പറഞ്ഞപ്പോൾ ... പ്രവി ഒന്ന് പുഞ്ചിരിച്ചു....

"വിശേഷങ്ങൾ ഒക്കെ ഞാൻ പിന്നെ പറയാം വേലു ഏട്ടാ..... ആദ്യം ഏട്ടൻ എനിക്ക് ഒരു കട്ടൻ ഇട്ടു താ.... """

പ്രവി പറഞ്ഞത് കേട്ടപ്പോൾ .... വേലായുധൻ ""ഇപ്പോ തരാം ""എന്ന് പറഞ്ഞു ചായ എടുക്കാൻ പോയി....

""മോനെ,.. ഇന്നാ .. ""

എന്ന് പറഞ്ഞു വേലായുധൻ ഒരു ഗ്ലാസിൽ കട്ടൻ ചായയും ഒരു താക്കോലും എടുത്തു പ്രവിയുടെ മുന്നിൽ വെച്ചു.....

"""ഇതിപ്പോഴും സൂക്ഷിച്ചു..... ""

താക്കോൽ കണ്ടപ്പോൾ പ്രവി പറഞ്ഞു....

""ഉം .... ഇടക്ക് ഞാനും സാവിത്രിയും കൂടി അടിച്ചുവാരി വൃത്തിയാക്കി ഇടാറുണ്ട് ....മോൻ എപ്പോഴാ വരുക എന്ന് അറിയതോണ്ട് ആർക്കും വാടകക്ക് കൊടുത്തുമില്ല.... ""

അതു കേട്ടപ്പോൾ പ്രവി ചെറുപുഞ്ചിരി വേലു ഏട്ടനായി സമ്മാനിച്ചു .....

""എവിടെ ആയിരിന്നു ..... ഒന്നും പറയാതെ പോയതാ ..... ജീവിച്ചിരിപ്പുണ്ടോന്നു പോലും അറിയില്ലായിരുന്നു...... എന്താ മോന് പറ്റിയത്?? ...... ഇഷ്ടപ്പെട്ട കുട്ടി മോനെ ഇട്ടിട്ടു പോയെന്നു കരുതി ഇങ്ങനെ നാട് വിടണമായിരിന്നോ??? .... """""

""അതു പിന്നെ വേലു ഏട്ട അപ്പോഴത്തെ സാഹ്യചാരത്തിൽ അങ്ങനെയൊക്കെ പറ്റി..... പിന്നെ എവിടെയായിരുന്നു ഇത്രയും നാൾ എന്ന് ചോദിച്ചാൽ എനിക്ക് ഉത്തരമില്ല ..... യാത്രയിലായിരുന്നു..... ഒരുപാട് പേരറിയാത്ത സ്ഥലങ്ങളിലൂടെ കുറെ ദൂരം സഞ്ചരിച്ചു.....ഉത്തരവാദിത്തങ്ങളും ലക്ഷ്യങ്ങളും അവസാനിച്ച മനുഷ്യന് ഈ ഭൂമിയിൽ എത്ര ദൂരം വേണമെങ്കിലും സഞ്ചരിക്കാല്ലോ.... """""

കട്ടൻ ചായ ഒരിറക്ക് കുടിച്ചുകൊണ്ട് പ്രവി പറഞ്ഞു...

""ഉം ശെരി....ഇനിയുള്ള കാലം ഇവിടെ കാണുമല്ലോ .....??? """

അതിനുള്ള ഉത്തരം ഒരു ചിരിയിൽ ഒതുക്കി പ്രവി....

""എന്നാ പിന്നെ ഞാൻ ഇറങ്ങട്ടെ വേലു ഏട്ട.... ""

""ഉം ... വീട്ടിലേക്ക് അല്ലെ ..... ""

""ഉം...അതെ.... """

""ഞാൻ ഉച്ചയാകുമ്പോ അങ്ങോട്ടേക്ക് ഇറങ്ങാം ..... ""

""ഉം ... ശെരി വേലു ഏട്ടാ....."""

പ്രവി അതും പറഞ്ഞു ആ താക്കോലും എടുത്തു കടയിൽ നിന്നും ഇറങ്ങി.....

""അഞ്ചു വർഷങ്ങൾ ...... ഇവിടം വിട്ടു പോയിട്ട് ....... അധികം ഒന്നും മാറ്റങ്ങൾ ഇല്ല ..... """

ചെറിയ ടാറിട്ട വഴിയിലൂടെ കുറച്ചു ദൂരം സഞ്ചരിച്ചു .... ഒരു പഴയ ഓടിട്ട വീടിന്റെ മുന്നിൽ എത്തിയ പ്രവി ചുറ്റുപാടും വീക്ഷിച്ചുകൊണ്ട് മനസ്സിൽ മന്ത്രിച്ചു.....

വേലു ഏട്ടൻ നൽകിയ താക്കോൽ കൊണ്ട് പ്രവി ആ ഓടിട്ട വീടിന്റെ വാതിൽ തുറന്നു.....

ആൾതാമസം ഇല്ലാതെ കിടക്കുന്ന ഒരു വീടിന്റെ എല്ലാ പ്രതീതിയും ആ വീട്ടിലും ഉണ്ടായിരുന്നു.....

മുറ്റത്ത് കുറെ ഇലകളും ,, ഓടിൻ പുറത്ത് അവിടെയിവിടെയായി മാറാലകളും ....

എന്നാലും വേലു ഏട്ടന്റെ ഇടക്കുള്ള വൃത്തിയാക്കലിൽ അധികം കേടുപാടുകൾ ഇല്ലാതെ ഇരിക്കുന്നു....

പ്രവി ആ ചെറിയ വീട്ടിലെ എല്ലാം വീക്ഷിച്ചു ..... പ്രവി ഉപയോഗിച്ചിരുന്ന പഴയ കട്ടിൽ കണ്ടപ്പോൾ അതിലേക്ക് പ്രവി ഇരുന്നു .... പതിയെ അതിലേക്ക് പ്രവി ചാഞ്ഞു.......

""എത്ര കാലത്തിനു ശേഷമാ താൻ ഇവിടെ..... """എന്തൊക്കെ ദുഃഖങ്ങൾ ഉണ്ടെങ്കിലും അതൊക്കെ മാറാൻ ഈ കട്ടിലിൽ കിടന്നു ഒന്ന് കണ്ണടച്ചാൽ മതി ..... അതെ ഇവിടെ കിടക്കുമ്പോൾ അമ്മയുടെ സാനിധ്യം തന്നിലേക്ക് വന്നു ചേരും ..... ""

""അമ്മ.... """തന്റെ ജീവിതത്തിൽ ഇന്നോളം ഓർത്തിരിക്കാൻ മാത്രം സുവർണ നിമിഷങ്ങൾ സമ്മാനിച്ച വ്യക്തി... ജീവിതം എന്താണെന്നും ജീവിക്കേണ്ടത് എങ്ങനെയാണെന്നും പഠിപ്പിച്ച എന്റെ ഗുരുനാഥ........... """"

അമ്മ എന്നാൽ തന്റെ എല്ലാം ആയിരുന്നു ..... ഒരുപാടു കഷ്ടപാടുകൾ ഏറ്റുവാങ്ങി എന്നെ വളർത്തി വലുതാക്കിയ എന്റെ അമ്മ... മന്ദാകിനി......

""പ്രവിയുടെ മനസ്സ് ഓർമകളിലേ ആഴങ്ങളിലേക്ക് സഞ്ചരിച്ചു.....""

"""വർഷങ്ങൾക്കു മുൻപ് ..... """

ഒരു ശിശിരത്തിന്റെ നനുത്ത പ്രഭാതത്തിലാണു മന്ദാകിനിയുടെ പിറവി ...... പക്ഷെ ആ പ്രഭാതത്തിന്റെ മനോഹാരിത അവളുടെ പിറവിക്ക് മാറ്റേകിയില്ല ....

അമ്മയും ആയുള്ള ബന്ധം പൊക്കിൾ കൊടി അറത്ത് വേർപെടുത്തിയ ഉടൻ ഒരു നിമിഷം പോലും വൈകിക്കാതെ തെരുവോരത്തെ ഒരു ചവർ കൂമ്പാരത്തിൽ ആ പിഞ്ചു ഓമനയെ ആരൊക്കെയൊ ഉപേക്ഷിച്ചു .....

ചവർ കൂമ്പാരത്തിൽ നിന്നും നാട്ടുകാർ കണ്ടെത്തിയ ആ കൈക്കുഞ്ഞിനെ അനാഥമന്ദിരത്തിൽ അവർ വളർത്താനായി ഏല്പിച്ചു.....

അവൾ വളർന്നു..... എല്ലാവരുടെയും സ്നേഹനിധിയായി......

പഠിപ്പിൽ മികവ് പ്രകടിപ്പിച്ച അവളെ പ്രീഡിഗ്രിക്ക് ചേർത്തു ആ അനാഥമന്ദിരം നടത്തിപ്പ് ക്കാർ...

അവൾ പഠിച്ചു നല്ല മികവോടെ ..... പക്ഷെ ..... അവൾക്കു കാലം മറ്റൊന്ന് ആയിരുന്നു വിധിച്ചത് .....

പഠിപ്പിനിടയിൽ ഒരു സ്നേഹബന്ധത്തിൽ പെട്ടുപോയ അവൾക്കു മായ്ക്കാൻ കഴിയാത്ത ഒരു തെറ്റ് സംഭവിച്ചു......

കാമുകനിൽ നിന്നും പനിനീർപൂക്കൾ ഏറ്റുവാങ്ങേണ്ട അവളുടെ കൈകളിലേക്ക് ...... അവളുടെ കാമുകൻ കൊടുത്തത് ഒരു കുഞ്ഞിനെ ആയിരുന്നു.....

ദിവ്യ ഗർഭം ധരിച്ച അവളെ അനാഥമന്ദിരത്തിൽ നിന്നും പുറത്താക്കി.... അവൾക്കു തുണയേകും എന്ന് കരുതിയ അവളുടെ സ്നേഹിതൻ അവളെ തിരിഞ്ഞു പോലും നോക്കിയില്ല .... ഏതാണ്ട് അവൾ ഒറ്റപെട്ട അവസ്ഥയിൽ ആയി .....

എല്ലാവർക്കും താനൊരു ഭാരം ആണ് .....തന്റെ ജീവിതം അവസാനിപ്പിച്ചാലോ എന്ന് ചിന്തിച്ചിരിക്കുമ്പോ ആണ് അവൾക്കു കൈതാങ് ആയി ചായക്കട നടത്തുന്ന വേലായുധൻ വരുന്നത് ....

വേലായുധൻ അവളെ സ്വന്തം വീട്ടിലേക്ക് കൂട്ടി .... വേലായുധന്റെ ഭാര്യ അവളെ സ്വന്തം മോളെ പോലെ ശുശ്രുഷിച്ചു.....

""നന്മയുടെ കണികകൾ ബാക്കി നിൽക്കുന്ന മുഖങ്ങൾ കണ്ടപ്പോൾ അവൾ ജീവിക്കാൻ തുടങ്ങി """

അങ്ങനെ മാസങ്ങൾ കടന്നുപോയി മന്ദാകിനി ഒരു ആൺകുട്ടിക്ക് ജന്മം നൽകി....... അവനു അവളൊരു നാമവും ഇട്ടു.... ""പ്രവീൺ """.....

വേലായുധന്റെ പരിചയം വെച്ചു മന്ദാകിനി ഒരു പ്രിന്റിംഗ് പ്രെസ്സിൽ ജോലിക്ക് കയറി.....കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ വേലായുധന് ഭാരം ആകണ്ട എന്ന് കരുതി അവൾ ഒരു വാടക വീട്ടിലേക്ക് മാറി .... ജോലിയും പ്രവിയുടെ പഠിപ്പും വീട്ടുജോലിയും ഒക്കെയായി മന്ദാകിനി ജീവിതം ആസ്വദിക്കാൻ തുടങ്ങി....

വർഷങ്ങൾ കഴിഞ്ഞു

പ്രവി വളർന്നു അവൻ ഡിഗ്രി കംപ്ലീറ്റ് ചെയ്തു.... ഇതിനോടകം അവരുടെ വാടക വീട് അധികം ബാധിത ഇല്ലാതെ മന്ദാകിനി ഇത്രയും നാൾ ജോലി ചെയ്തു സ്വരുക്കൂട്ടിയത് ഒക്കെ കൊണ്ട് ആ വീട് പ്രവിയുടെ പേരിൽ വാങ്ങിച്ചിരുന്നു മന്ദാകിനി .... ......

അങ്ങനെ സന്തോഷത്തോടെ പോകുമ്പോൾ ആണ് അവരുടെ ഇടയിൽ വിധി എന്ന വില്ലൻ കയറി വരുന്നത്......

പ്രവിയുടെ പഠിപ്പ് കഴിഞ്ഞു ജോലി അന്വേഷിച്ചു കൊണ്ട് ഇരിക്കുന്ന സമയം......

ഒരു ദുഃഖ വെള്ളിയാഴ്ച .....

അന്ന് പ്രവിക്ക് അവരുടെ ഗ്രാമപ്രദേശത്തിന് കുറച്ചു അകലെയായി ഒരു ഇന്റർവ്യൂ ഉണ്ടായിരുന്നു....

""രാവിലെ തന്നെ അമ്മയുടെ പക്കൽ നിന്നും ആശിർവാദവും വാങ്ങി അവൻ അവിടേക്ക് പുറപ്പെട്ടു.. """"

ഏറെ നേരത്തെ കാത്തിരിപ്പിനൊടുവിൽ പ്രവി ഇന്റർവ്യൂ ക്യാബിനിൽ എത്തിപ്പെട്ടു ഇന്റർവ്യൂ അറ്റൻഡ് ചെയ്തു...

ഇന്റർവ്യൂയിൽ മികച്ച പ്രകടനം കാഴ്ച വെച്ച അവനു ആ ജോലി കിട്ടുമെന്ന് തന്നെയായിരുന്നു കരുതിയിരുന്നത് .... പക്ഷെ ..... ആ ഉദ്ദോഗസ്ഥർ വേറൊരാളെ തെരഞ്ഞെടുത്തത് കണ്ടപ്പോൾ പ്രവിയുടെ മനസ്സ് വിഷമിച്ചു....

""ഏതു ഇന്റർവ്യൂ അറ്റൻഡ് ചെയ്താലും ഇതു തന്നെയാണല്ലോ തന്റെ അവസ്ഥ . . ""

ഇന്റർവ്യൂ കെട്ടിടത്തിൽ നിന്നും ഇറങ്ങി അടുത്തുള്ള ഫുട്ട്പ്പാത്തിന്റെ ഓരത്തായി ഒരു വൻ തണൽമരത്തിനു കീഴിൽ സ്ഥിതി ചെയുന്ന തട്ടുകടയുടെ ബെഞ്ചിൽ ഇരുന്നു ഒരു കട്ടൻ ഊതികുടിക്കുന്നതിനിടയിൽ പ്രവിയുടെ മനസ്സ് മന്ത്രിച്ചു......

""എല്ലാ ഇന്റർവ്യൂയിലും നന്നായി തന്നെയാ പെർഫോം ചെയ്യുന്നേ .... പിന്നെന്താ തനിക്കു ജോലി കിട്ടാത്തെ.....??? """"

""അതിനു ഒരു കാരണമേ ഒള്ളു.... തന്റെ പക്കൽ പണമില്ല..... ""

പ്രവിയുടെ മനസ്സ് ചിന്തകളിലൂടെ കടന്നു പോയി....

കുറച്ചു കഴിഞ്ഞപ്പോൾ....

""അമ്മ അറിയേണ്ട .... ഇതും കിട്ടിയില്ല എന്നറിഞ്ഞാൽ പാവം വിഷമിക്കും .... """

പ്രവി അതും വിചാരിച്ചു അമ്മക്ക് ഇഷ്ടമായാ പരിപ്പുവട രണ്ടെണ്ണം അവിടെന്ന് പൊതിഞ്ഞു വാങ്ങിച്ചു....

പ്രവി വീട്ടിൽ എത്തിയപ്പോൾ നാലുമണി കഴിഞ്ഞു ....

തുറന്നു കിടക്കുന്ന വീടിന്റെ വാതിലിലൂടെ അവൻ അകത്തുകയറി...

ദുഃഖ വെള്ളി ആയതോണ്ട് പ്രെസ്സ് ഇല്ല എന്നും അമ്മ പണികൾ ഒക്കെ ഒതുക്കി ഉച്ചമയക്കത്തിൽ ആയിരിക്കും എന്ന് കരുതിയ പ്രവി ..... അമ്മയുടെ മുറിയിലേക്ക് ""അമ്മേ ""എന്ന് വിളിച്ചോണ്ട് പൊതിഞ്ഞു പിടിച്ച പരിപ്പുവടയും ആയി ചെന്നു ....

പക്ഷെ പ്രവിക്ക് അമ്മയെ ആ റൂമിൽ കാണാൻ സാധിച്ചില്ല ....

""അമ്മ ഇതു എവിടെപ്പോയി ""

എന്ന് പറഞ്ഞുകൊണ്ട് അവൻ മറ്റു മുറിയിലും അടുക്കളയിലും ഒക്കെ അമ്മയെ നോക്കി ... പക്ഷെ അവിടെയൊന്നും അമ്മയെ കണ്ടില്ല .....

അപ്പൊഴാണു അടുക്കളയിൽ നിന്നും പുറത്തേക്കുള്ള വാതിൽ തുറന്നു കിടക്കുന്നത് അവന്റെ ശ്രദ്ധയിൽ പെടുന്നത്.....

അവൻ അമ്മ പുറത്ത് ഉണ്ടാകും എന്ന് കരുതി ആ വഴി പുറത്തേക്കു ഇറങ്ങി ......

സ്റ്റെപ്പ് ഇറങ്ങി പുറത്ത് എത്തിയ അവൻ കിണറ്റിൻ കരയിലെ കാഴ്ച കണ്ട് .... ഒരു നിമിഷം പകച്ചു നിന്നു പോയി .....അവന്റെ കൈയിൽ നിന്നും അവൻ അറിയാതെ തന്നെ അവൻ അമ്മക്കായി കൊണ്ടുവന്ന പലഹാരപൊതി മണ്ണിൽ പതിച്ചു....

""അമ്മാ.... ""

എന്ന് ഉറക്കെനിലവിളിച്ചുകൊണ്ടവൻ കിണറ്റുകരയിലെ കരിങ്കൽ തറയിൽ ചോരവാർന്നു കിടക്കുന്ന മന്ദാകിനിയുടെ അടുത്തേക്ക് ഓടി ചെന്നു......

""അമ്മേ .... അമ്മേ ... "" എന്ന് ഉരുവിട്ടുകൊണ്ടവൻ അവളുടെ തലയെടുത്തു അവന്റെ മടിയിൽ വെച്ചു ... അവൻ കുറെ കുലുക്കി വിളിച്ചെങ്കിലും ആ വിറങ്ങലിച്ച ശരീരം അനങ്ങിയില്ല.....

കരിങ്കലിൽ ഉണ്ടായ വഴുക്കലിൽ തെന്നി പുറകോട്ട് തലയിടിച്ചു വീണ അവളുടെ ജീവൻ എപ്പോഴേ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു ......

അമ്മയെ നഷ്ടപെട്ട വേദനയിൽ അവൻ ആ കിണറ്റുങ്കരയിലിരുന്നു ഉറക്കെ ഉറക്കെ നിലവിളിച്ചു കരഞ്ഞു........അവന്റെ കണ്ണുനീർത്തുള്ളികൾ ഇറ്റു ഇറ്റു മന്ദാകിനിയുടെ മൂർദ്ധാവിൽ പതിച്ചുകൊണ്ടിരുന്നു.........

""മോനെ ..... """

വേലു ഏട്ടൻ പ്രവിയെ വിളിച്ചു....

കട്ടിലിൽ ചുരുണ്ടു കൂടി കിടക്കുന്ന അവനെ അയാൾ ഒരു അച്ഛന്റെ വാൽസ്യാലത്തോടെ തലയിൽ തലോടി....

""അമ്മ മരിച്ചതിനു ശേഷം പ്രവി ആകെ തകർന്നിരുന്നു....അവൻ പിന്നെ വീട്ടിൽ നിന്നും പുറത്തോട്ടു ഒന്നും ഇറങ്ങാതെ ആയി ... """

""പോയവർ പോയി ..... അവൾ പോയിട്ട് ഒരുമാസം തികയുന്നു .... ഇനിയും മോനതു ആലോചിച്ചു ഇരിക്കാതെ ... അമ്മയുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ നോക്ക്..... നിന്റെ അമ്മ ഒരുപാടു ആഗ്രഹിച്ചതാ നിന്നെ നല്ലനിലയിൽ കാണണം എന്ന് .... ആ ആഗ്രഹം എങ്കിലും അവൾക്കു സാധിച്ചു കൊടുക്ക്..... നിന്റെ ഇപ്പഴത്തെ അവസ്ഥ ആ പാവത്തിന് സഹിക്കാൻ പറ്റില്ല .... നീയിങ്ങനെ തളർന്നിരിക്കുന്നത് കാണാൻ അവളുടെ ആത്മാവ് ആഗ്രഹിക്കുനുണ്ടാകില്ല.... """"

വേലു ഏട്ടൻ പറഞ്ഞു നിർത്തി....

""വേലു ഏട്ട...ഞാൻ.... അമ്മ .... എനിക്ക് പറ്റുന്നില്ല ..... """"

അവൻ വിട്ടു വിട്ടു പറഞ്ഞു ഒപ്പം വേലു ഏട്ടന്റെ മടിയിലേക്ക് ചാഞ്ഞു .... അവന്റെ കണ്ണുകൾ ഇറാനായി... ഒപ്പം ആ പാവം മനുഷ്യന്റെയും.....

""ഒന്നും പറയേണ്ട ... മോന്റെ വിഷമം ഈ ഏട്ടന് മനസിലാകും..... പക്ഷെ ഈ ദിവസം കൂടിയേ മോൻ കരയാൻ പാടൊള്ളു ... നാളെ മുതൽ നീ ഞങ്ങളുടെ ആ പഴയ പ്രവി ആയിരിക്കണം ..... ""

""വേലു ഏട്ടാ.... ഞാൻ എങ്ങനെ... ""

""നീ എന്നെ ഏട്ടന വിളിക്കുന്നെ .... നിന്റെ വല്യട്ടെന്റെ സ്ഥാനത്തു നിന്നു പറയുകയ...എനിക്ക് നിന്നെ പഴയ പോലെ കാണണം .... കഥകളും കവിതകളും പറഞ്ഞു ചിരിച്ചു നടക്കുന്ന ആ പഴയ പ്രവിയെ .... """"

""ശെരി ഏട്ടാ ഞാൻ ശ്രമിക്കാം """

അതിനു മറുപടി ആയി വേലു ഏട്ടൻ പ്രവിയുടെ മൂർദ്ധാവിൽ മുത്തം നൽകി....

പിറ്റേന്ന് വേലു ഏട്ടൻ പറഞ്ഞതിൻ പ്രകാരം രാവിലെ തന്നെ പ്രവി റെഡിയായി നിന്നു....

വേലു ഏട്ടന്റെ എം എയ്റ്റി യുടെ പുറകെ ഇരിക്കുമ്പോഴും പ്രവിക്ക് അറിയില്ല തന്നെ എവിടേക്ക് ആണ് വേലു ഏട്ടൻ കൊണ്ടുപോകുന്നത് എന്ന് ....

കുറച്ചു നേരത്തെ യാത്രക്ക് ഒടുവിൽ അവരുടെ വണ്ടി

""എയ്ഞ്ചൽ പ്രിന്റിംഗ് പ്രെസ്സ് നു മുൻപിൽ ആയി എത്തപ്പെട്ടു... """

പ്രെസ്സ് നു സൈഡിലായുള്ള വലിയ രണ്ടുനില വീടിനു മുന്നിൽ വേലു ഏട്ടൻ എം എയ്റ്റി നിർത്തി....

വണ്ടിയിൽ നിന്നും ഇറങ്ങിയ പ്രവി .. ആ വീടിനു മുന്നിൽ ചാരു കസേരയിൽ ഇരിക്കുന്ന ജോയിച്ചായനെ കണ്ടു .....

പ്രവി ഒരു പുഞ്ചിരി മുഖത്തു വരുത്തിക്കൊണ്ട് ജോയിച്ചായന്റെ അടുത്തേക്ക് നടന്നടുത്തു....

""എന്താ പ്രവി ഇങ്ങോട്ടേക്ക് ഉള്ള വഴി ഒക്കെ മറന്നോ.... ""

തന്റെയെടുത്തേക്ക് നടന്നടുക്കുന്ന പ്രവിയെ കണ്ടപ്പോൾ ജോയ് പറഞ്ഞു....

""അതു ഇച്ചായ ഞാൻ.... """

പ്രവി മറുപടി പാതിവഴിയിൽ നിർത്തി....

""എന്താടാ മോനെ ... അമ്മ പോയിന് വെച്ചു നി ഇങ്ങനെ തളർന്നിരിക്കാമോ .... ""

കസേരയിൽ നിന്നും എഴുനേറ്റു പ്രവിക്കരുകിൽ എത്തിയ ജോയ് പറഞ്ഞു ..

""അതു പിന്നെ ഇച്ചായ... ഞാൻ... ""

""നീ ഒന്നും പറയേണ്ട.... ഇന്നലെ മോളു പറഞ്ഞപോഴാ ഞാൻ ""നീ മൂഡോഫ് ആയി ഇരിക്കുന്ന കാര്യം "" അറിയുന്നത്... രണ്ടാഴ്ചയായി ഞാൻ സ്ഥലത്തു ഉണ്ടായില്ല അതാ ഞാൻ അറിയാൻ വൈകിയേ..... അറിഞ്ഞ യുടെ ഞാൻ വേലുവിനോട് നിന്നെ കുറിച്ചു തിരക്കി ... ഞാനാ ഇന്നു നിന്നെ ഇവിടേക്ക് കുട്ടി കൊണ്ടുവരാൻ വേലുവിനോട് പറഞ്ഞത്.... """

അതു കേട്ടപ്പോൾ വേലുഏട്ടൻ മുഖത്തു ചെറുചിരി വരുത്തി....

""എന്നാ പിന്നെ വേലു പൊക്കൊളു... ഇവന്റെ കാര്യം ഞാൻ നോക്കിക്കോളാം ... ""

""ശെരി ഇച്ചായ"" എന്ന് പറഞ്ഞു ജോയോടും പ്രവിയോടും യാത്രപറഞ്ഞു വേലു ഏട്ടൻ പോയി....

""നീ വാ ഇങ്ങോട്ടേക്ക് ഇരിക്ക് ""

അതും പറഞ്ഞു അച്ചായൻ പ്രവിയെ അകത്തേക്ക് കൊണ്ടുപോയി ....

""പ്രവി ഞാനൊന്നു റെഡി ആയിട്ട് വരാം """എന്ന് പറഞ്ഞു ജോയിച്ചായൻ അകത്തേക്ക് പോയി....

പ്രവിക്ക് പരിചയം ഉള്ള സ്ഥലമായതിനാൽ അവൻ ആ ഹാളിലെ സോഫയിൽ ഒരു ഓരത്തായി ഇരുന്നു ....

ജോയ് അച്ചായന്റെ പ്രസ്സിൽ ആയിരുന്നു പ്രവിയുടെ അമ്മക്ക് ജോലി ഉണ്ടായിരുന്നത്... അതുകൊണ്ട് പ്രവി ചെറുപ്പം മുതലേ ജോയ് അച്ചായന്റെ വീട്ടിലെ ഒരു അംഗത്തെ പോലെ ആയിരുന്നു.... ജോയ് അച്ചായനും കുടുംബവും പ്രവിയെ ഒരു മൂത്തമകൻ ആയിട്ടായിരുന്നു കണ്ടിരുന്നത്....

സോഫയിൽ ഓരോന്ന് ആലോചിച്ചോണ്ട് ഇരിക്കുമ്പോൾ ആണ് പ്രവിയെ തേടി

"""ഇച്ചൂയാ """ എന്ന വിളി വരുന്നത്...

വളരെ സുപരിചയം ആ ശബ്ദം കേട്ടപ്പോൾ പ്രവി ആ ഇരുപ്പിൽ ശബ്ദം കേട്ടഭാഗത്തേക്ക് തിരിഞ്ഞു നോക്കി....

""ആ ഇച്ചായന്റെ മാലാഖ ഇവിടെ ഉണ്ടായിരുന്നോ """

ജോയിച്ചായന്റെ മോൾ ഏയ്ഞ്ചലിനെ കണ്ടപ്പോൾ പ്രവി പറഞ്ഞു....

""ഉം... ""

എന്ന് ചെറുമൂളലോടെ മുഖത്തു പാൽപുഞ്ചിരി വരുത്തികൊണ്ട് എയ്ഞ്ചൽ പ്രവിയുടെ അടുത്തേക്ക് വന്നു ...

""ആ ഉഷാർ ആയാലോ ആൾ ""

പ്രവിയുടെ തലമുടിയിൽ കൊതികൊണ്ട് എയ്ഞ്ചൽ പറഞ്ഞു ...

""ഉം ... പിന്നെ ... നിയൊക്കെ പറഞ്ഞാൽ പിന്നെ അനുസരിക്കാതിരിക്കാൻ പറ്റുമോ ഈ ഈച്ചയന്.... """

""ഉവ്വ...."""

അവൾ ആക്കിയ പോലെ പറഞ്ഞു...

""അല്ല ഇന്നെന്താ നിനക്ക് കോളേജ് ഇല്ലേ .... ""

""ഉം ... പോണം .... റെഡിയായി നിൽക്കുകയാ പപ്പ റെഡിയായി വന്നാൽ പോകും.... """

""ഉം... ""

""അല്ലേടി ... എന്തിനാ എന്നെ വിളിപ്പിച്ചത് അച്ചായൻ.... """

""ഓഹ് അതോ ... അതൊരു സസ്‌പെൻസ് ആ... """

""സസ്‌പെൻസോ.... ""

"ഉം... ""

അവൾ അതിനു ഉത്തരം എന്നനിലയിൽ ഒന്ന് മൂളി....

""എന്താ കാര്യം... എന്തു സസ്‌പെൻസാ.... ""

പ്രവി എയ്ഞ്ചലിനോട് ചോദിച്ചു...

അതിനവൾ ഉത്തരം നൽകാതെ ചെറു ചിരി മുഖത്തു വരുത്തി...

""എയ്ഞ്ചലെ കാര്യം പറ.. വെറുതെ ടെൻഷൻ അടിപ്പിക്കാതെ ... ""

പ്രവി പറഞ്ഞു...

""അതു ഇച്ചായ.... അപ്പച്ചൻ ഇച്ചായനു ഒരു....... """"

എയ്ഞ്ചേലിനു പറഞ്ഞു പൂർത്തിയാക്കാൻ പറ്റിയില്ല അതിനുമുൻപ് ""എയ്ഞ്ചൽ ""എന്ന ഉറച്ച ശബ്ദത്തിൽ ജോയിച്ചായന്റെ വിളി വന്നു ....

പ്രവി ആ ശബ്ദം കേട്ടഭാഗത്തേക്ക് നോക്കിയപ്പോൾ ജോയിച്ചായൻ റെഡി ആയി അവരുടെ അടുത്തേക്ക് വരുന്നു...

അപ്പച്ചനെ കണ്ടപ്പോൾ പിന്നെ അവൾ ഒന്നും മിണ്ടിയില്ല ....

"""എന്നാ പോകാം പ്രവി... ""

വന്ന ഉടനെ ജോയിച്ചായൻ പറഞ്ഞപ്പോൾ പ്രവി ഇച്ചായന്റെ പുറകെ വീടിനു വെളിയിലേക്ക് ഇറങ്ങി ..... പിന്നെ ഇച്ചായന്റെ ഒപ്പം ഇച്ചായന്റെ കാറിൽ കയറി.....അവരുടെ കൂടെ എയ്ഞ്ചേലും ഉണ്ടായിരുന്നു.....

""അതെ ഇച്ചായ പേടിക്കണ്ടാട്ടൊ .... അപ്പച്ചൻ ഒരു നല്ല കാര്യത്തിനാ ഇച്ചായനെ കൊണ്ടു പോകുന്നെ.... """

വഴിമധ്യേ എയ്ഞ്ചൽ ചെറു സ്വരത്തിൽ പ്രവിയുടെ കാതുകളിൽ പറഞ്ഞു....

അതിനൊരു ചെറു ചിരി മുഖത്തു വരുത്തി കൊണ്ട് പ്രവി സന്തോഷത്തോടെ കാറിൽ ഇരുന്നു ......

--------------------------------------------------

""മോനെ """

എന്നുള്ള വേലു ഏട്ടന്റെ വിളിയും മുടിയിലെ തഴുകലും ആയപ്പോൾ പ്രവി ഭൂതകാലഓർമകളിൽ നിന്നും ഉണർന്നു.....

""ആ വേലു ഏട്ടൻ വന്നോ ..... ഉച്ചക്ക് ഇറങ്ങാം എന്ന് പറഞ്ഞിട്ട് ??? ""

കട്ടിലിൽ നിന്നും മുഖമുയർത്തി കൊണ്ട് പ്രവി ചോദിച്ചു....

""ഉം ... നേരെത്തെ വരേണ്ടി വന്നു .... നീ വന്ന സന്തോഷം ഞാൻ ഒരാളുമായി പങ്കു വെച്ചു ..... അദ്ദേഹത്തിനു അപ്പൊ തന്നെ നിന്നെ കാണണം എന്ന് ... """

വേലു ഏട്ടൻ പറഞ്ഞപ്പോൾ പ്രവി ""ആരാ അതു "" എന്നാലോചിച്ചു കൊണ്ട് മുഖമുയർത്തി .....

""ജോയിച്ചായൻ """

വാതിൽക്കലിൽ നിൽക്കുന്ന ആളെ കണ്ടപ്പോൾ പ്രവിയുടെ ചുണ്ടുകൾ മന്ത്രിച്ചു .... ഒപ്പം പ്രവി കട്ടിലിൽ നിന്നും വേഗം എഴുന്നേറ്റു.... ജോയിച്ചായന്റെ അരികിലേക്ക് ചെന്നു....

""റപ്പെ ""

പ്രവിയുടെ കവിളിൽ ജോയിച്ചായന്റെ വലതുകരം പതിഞ്ഞു....

പ്രവി അതു പ്രതീക്ഷിച്ചിരുന്നു....

അടി കൊണ്ടിട്ടും ചെറു പുഞ്ചരിയോടെ അവൻ ജോയിച്ചായന്റെ മുഖത്തേക്ക് നോക്കി....

അവന്റെ മുഖം കണ്ടപ്പോൾ """എവിടെ ആയിരുന്നെടാ... തെമ്മാടി നീ.... """

എന്ന ചോദ്യത്തോടെ ജോയിച്ചായൻ അവനെ വാരിപ്പുണർന്നു....

""ഇച്ചായ ഞാൻ ...... """""

""നീ വന്നല്ലോ അതുമതി ..... """

പ്രവിയിൽ നിന്നും വിട്ടകന്നു കൊണ്ട് അവന്റെ തോളുകൾ കൈപിടിച്ച് കൊണ്ട് ജോയിച്ചായൻ പറഞ്ഞു .....

രണ്ടു പേരുടെയും മിഴികളിൽ

ആനന്ദകണ്ണീരിന്റെ അംശങ്ങൾ പ്രതിഫലിച്ചു...

""എന്നാലും നിനക്ക് എങ്ങനെ തോന്നിയെടാ .... ഞങ്ങളെ ഒക്കെ വിട്ടു പോകാൻ..... """

""അതു ഇച്ചായ ... അന്നത്തെ സാഹചര്യത്തിൽ പറ്റിപോയതാ.... """

""ഉം... നിന്നെ കാണാതായതിൽ പിന്നെ കുറെ ഞങ്ങൾ നിന്നെ അന്വേഷിച്ചു... നിന്റെ ഫ്രണ്ട്സും എല്ലാവരും .... പക്ഷെ..... ഞങ്ങൾക്ക് കണ്ടെത്തനായില്ല ...... എവിടേക്ക് ആണെന്നു പോലും പറയാതെ ഒരു പെണ്ണിനെ അന്വേഷിച്ചു ഇറങ്ങി തിരിച്ച നിന്നെ ഞങ്ങൾ എവിടെ ചെന്നു കണ്ടിപിടിക്കാൻ ആ....."""

ജോയിച്ചായൻ അതു  പറഞ്ഞപ്പോൾ

പ്രവി ചെറു പുഞ്ചിരി അദ്ദേഹത്തിനായി നൽകി....

""എല്ലാം ഉണ്ടാകി വെച്ചിട്ട് ചിരിക്കുന്നത് കണ്ടില്ലേ ..... """

ഇച്ചായൻ ചെറു ദേഷ്യത്തിൽ പറഞ്ഞപ്പോൾ പ്രവി വീണ്ടും ചെറു പുഞ്ചിരി മുഖത്തു വരുത്തി ...

അതു കണ്ടപ്പോൾ ""ഇവനെ ഇന്നു ഞാൻ """എന്ന് പറഞ്ഞു കൊണ്ട് പ്രവിയെ അടിക്കണപോലെ കാണിച്ചു ജോയിച്ചായൻ....

""ഇച്ചായ ... എയ്ഞ്ചൽ.... """

പ്രവി നേർത്ത സ്വരത്തിൽ ചോദിച്ചു...

""ഓഹ് ഇപ്പോഴെങ്കിലും അന്വേഷിച്ചുലോ പെങ്ങളുട്ടിയെ...."""

പ്രവി അതിനു ചെറു പുഞ്ചിരി മുഖത്തു വരുത്തിയപ്പോൾ

""നിന്റെ ഈ ഓഞ്ഞ ചിരി കാണുമ്പോഴാ ഒന്ന് പൊട്ടിക്കാൻ തോന്നുന്നത്...... """

ജോയിച്ചായൻ ചിരിച്ചു കൊണ്ട് പറഞ്ഞു

അതു കേട്ടപ്പോൾ വേലു ഏട്ടന്റെ മുഖത്തും ചിരി വിടർന്നു...

""ഉം ... അതൊക്കെ പോട്ടെ ... .... നീ അല്ലെ എല്ലാവരെയും മറന്നു നാട് വിട്ടത് അതും ഒരു പെണ്ണിന് വേണ്ടി.... നീ ഞങ്ങളെ മറന്നു എന്ന് കരുതി ഞങ്ങൾ നിന്നെ മറക്കില്ലല്ലോ ..... അവൾ വിളിക്കുമ്പോഴൊക്കെ അന്വേഷിക്കാറുണ്ട് അവളുടെ ഇച്ചായനെ കുറിച്ചു ...... """

""ആ ... അപ്പൊ അവൾ ഇപ്പോഴും അവിടെ ആണോ?? .... """

""ഉം ... ഭർത്താവിന്റെ ഒപ്പം കാനഡയിൽ തന്നെയാ ... അവിടെ സെറ്റിൽ ആയി...."""

"ഉം.... ""

അങ്ങനെ കുറച്ചു നേരം അവർ വിശേഷങ്ങൾ പങ്കു വെച്ചു ....

പ്രവി നാട് വിട്ടതിനു ശേഷം പല കൂട്ടുകാരും പലരും അവനെ തിരക്കി വന്നിരുന്നു എന്നും അങ്ങനെ കുറച്ചു കാര്യങ്ങൾ

സംസാരിച്ചോണ്ട് നിൽക്കുമ്പോഴാണ് വേലു ഏട്ടന്റെ സംസാരത്തിനിടയിൽ ഒരു പേര് പ്രവിയുടെ ശ്രദ്ധയിൽ പെടുന്നത്...

""വേലു ഏട്ടൻ ...ഇപ്പോ എന്താ പറഞ്ഞത്... """

പ്രവി പെട്ടന്ന് ചോദിച്ചു...

""എന്താ മോനെ??? """

""അല്ല ആരാ എന്നെ അന്വേഷിച്ചു വന്നുനാ പറഞ്ഞെ .... """

""അതു മോനെ .... മോൻ പോയി കഴിഞ്ഞു കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ ഒരു കേണൽ ഫെർണാണ്ടസ് വന്നിരുന്നു.... """

""എന്നിട്ട് ???... ""

""വർഷങ്ങൾ കുറച്ചയില്ലെ എനിക്ക് ശെരിക്കും ഓർമയില്ല .....ഒരു സായാഹ്ന ത്തിൽ ആയിരുന്നു അദ്ദേഹം വന്നത് ...

നിന്നെ കുറിച്ച് ചോദിച്ചു...

""നീ ഒരു പെൺകുട്ടിയെ അന്വേഷിച്ചു പോയെന്നും പിനെ ഇങ്ങോട്ടേക്ക് തിരിച്ചു വന്നിട്ടില്ലാന്നും "" പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു....

പിന്നെ അദ്ദേഹം നീ പോയ ദിവസത്തിനെ കുറിച്ചു ചോദിച്ചു....

അതു ഞാൻ പറഞ്ഞു കൊടുത്തപ്പോൾ """ഉം അപ്പോ അവൻ അന്ന് എത്തി ചേരേണ്ട സ്ഥലത്തു തന്നെ എത്തിച്ചേർന്നിരിക്കണം..... ""

അങ്ങനെ പറഞ്ഞു കഴിഞ്ഞിട്ട് അദ്ദേഹം ഒരു പേപ്പർ എടുത്തു എന്തോ കുറിച്ചിട്ട് ""പ്രവി തിരിച്ചു വരുകയാണെങ്കിൽ ഇതവനെ ഏൽപ്പിക്കണം """അത്രേം പറഞ്ഞു അദ്ദേഹം ഇറങ്ങി പോയി ......

""അപ്പോ കേണൽ എല്ലാം അറിഞ്ഞു..... """"

പ്രവിയുടെ ചുണ്ടുകൾ മന്ത്രിച്ചു....

""ആരാ മോനെ അതു ..... """

""ഹേയ് .... വേലു ഏട്ടൻ അറിയില്ല..... അല്ലാ ആൾ അന്ന് തന്ന പേപ്പർ വേലു ഏട്ടന്റെ കൈയിൽ ഉണ്ടോ ഇപ്പോഴും .... ""

""അതു ഞാൻ ......എവിടെ വെച്ചത് ..... """

വേലു ഏട്ടൻ ഓർത്തെടുക്കാൻ ശ്രമിച്ചു ....

"""ആ കിട്ടി കിട്ടി .... ഇവിടെ തന്നെ ഉണ്ട് ""

അതും പറഞ്ഞു വേലു ഏട്ടൻ മേശവലിപ്പ് തുറന്നു അതിലെ ഒരു ഡയറിയിൽ നിന്നും ഒരു മടക്കി വെച്ച പഴയ പേപ്പർ എടുത്തു ....

""നഷ്ട്ടപെടെണ്ട എന്ന് കരുതി നിന്റെ പഴയ ഡയറിയിൽ തന്നെ സൂക്ഷിച്ചു വെച്ചതാ ... ""

അതും പറഞ്ഞു വേലു ഏട്ടൻ ആ പേപ്പർ പ്രവിയുടെ കൈയിലേക്ക് കൊടുത്തു ....

""പ്രവി അതു തുറന്നു വായിച്ചു """

"""""നഷ്ടങ്ങൾ പ്രതിസന്ധികൾ എല്ലാം ഉണ്ടാകും ഈ ജീവിതത്തിൽ .... അതൊക്കെ തരണം ചെയ്തു മറികടന്നു മുന്നോട്ടു സഞ്ചരിക്കുന്നവർക്ക് മാത്രമേ ജീവിതവിജയം കൈവരിക്കാൻ സാധിക്കുക ഒള്ളു """""""

"""""നിന്റെ ജീവിതം അപൂർണമാണ്...അതു പൂർണ്ണമാവണമെങ്കിൽ???????..... """"

""""പൂർണ്ണമാവണമെങ്കിൽ???""""

പ്രവി മനസ്സിൽ പറഞ്ഞു...

പ്രവി അതു പലയാവർത്തി വായിച്ചു ..... അവസാനം പ്രവിയുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിടർന്നു .....

"" എന്തൊക്കയോ ഈ ജന്മത്തിൽ ചെയ്തു തീർക്കാൻ ബാക്കിയുണ്ട് """"""

പ്രവിയുടെ മനസ്സ് മന്ത്രിച്ചു....

""എന്താ മോനെ എന്താ അതിൽ ..... ""

വേലു ഏട്ടൻ പ്രവിയുടെ വായന കഴിഞ്ഞത് കണ്ടപ്പോൾ ചോദിച്ചു...

""ഹേയ് അതു ഒന്നുല്യാ വേലു ഏട്ടാ .... അദ്ദേഹത്തിന് എന്നെ ഒന്ന് നേരിൽ കാണണം എന്ന് ..... അത്രമാത്രം.... """

"ഉം.... ""

""അല്ല പ്രവി ... നീ അന്ന് ... ഒരു ഒരു പെണ്കുട്ടിയെ തേടി അല്ലെ പോയത് എന്നിട്ട് ആ കുട്ടിയെ കിട്ടിയോ..... """"

ജോയിച്ചായൻ ചോദിച്ചു....

'ഹേയ് എവിടുന്ന് കിട്ടാൻ ..... """

പ്രവി ചെറു പുഞ്ചിരിയോടെ പറഞ്ഞു...

""ഉം .... നീ ഞങ്ങളോട് ഒക്കെ കള്ളം പറയാൻ തുടങ്ങി അല്ലെ ..... ""

""ഇല്ല ഇച്ചായാ ..... """

""നീ അന്ന് പോയിട്ട് അവളെ കണ്ടു എന്ന് നിന്റെ മുഖം പറയുന്നുണ്ടല്ലോ...... """"

ജോയിച്ചായൻ പറഞ്ഞു..

""ഉം... കണ്ടു ഇച്ചായ.... കണ്ടു സംസാരിച്ചു ഒരുപാടു """"""

അതു പറയുമ്പോൾ പ്രവിയുടെ മിഴികളിൽ നനവ് പടരുന്നുണ്ടായിരുന്നു

""എന്നിട്ട്..... """"

""എന്നിട്ടെന്താകാൻ ഇച്ചായ ... അവൾ അവളുടെ പാട്ടിനു പോയി ഞാൻ എന്റെ പാട്ടിനും ..... """

""അതുകൊണ്ടാണോ നീ ഇവിടേക്ക് തിരിച്ചു വരാതിരുന്നത്.... """

""ഉം.... """

""അവളെ എങ്ങാനും എന്റെ കണ്മുന്നിൽ കിട്ടിയാൽ ഉണ്ടല്ലോ .....ആദ്യം അവളുടെ കരണം നോക്കി ഒരണ്ണം പൊട്ടിക്കും പിന്നെ അവളുടെ മുഖത്തു നോക്കി ""എന്തിനാടി എന്റെ കൊച്ചിനെ സ്നേഹഅമൃത് നൽകി കൊതിപ്പിച്ചത് ""എന്ന് ചോദിക്കും """

"""ഇച്ചായാ..... """

അതു കേട്ടപ്പോൾ പ്രവി ഒരു നടുക്കത്തോടെ വിളിച്ചു....

""എന്താ മോനെ അതു വേണ്ടേ ....മോനോട് അവൾ ചെയ്തതിൽ ഞങ്ങൾ അത്രെയെങ്കിലും ചെയ്യെണ്ടേ.... """

ജോയിച്ചായൻ പറഞ്ഞു...

""ഇച്ചായ ..... അവൾ പാവമാണ് അവൾ അല്ല ഞങ്ങളുടെ വേർപിരിയിലിനു കാരണം എല്ലാം വിധിയുടെ വിളയാട്ടം ആയിരുന്നു.... ഞങ്ങൾ തമ്മിൽ ഒന്ന് ചേരുന്നത് ഈശ്വരന് ഇഷ്ടമല്ലായിരുന്നു അത്രേം ഒള്ളു ..... """

പ്രവി പറഞ്ഞു...

""ഉം.... """

അങ്ങനെ അവർ കുറെ നേരം വിശേഷങ്ങൾ പങ്കുവെച്ചു .........

"വെണ്ണിലാചന്ദനകിണ്ണം പുനമട കായലിൽ വീണെ ,

കുഞ്ഞിളം കൈയിൽ മെല്ലെ കോരി എടുക്കാൻ വാ ,......."

എഫ് മം ലൂടെയുള്ള മധുരമേറിയ ഗാനം ബസിന്റെ ഉള്ളിൽ നിറഞ്ഞു നിന്നിരുന്നു .....

ആ ഗാനം ആസ്വദിച്ചു ബസിന്റെ നടുഭാഗത്തായി വിൻഡോ സീറ്റിൽ പ്രവിയും ഉണ്ടായിരുന്നു....

വെളുപ്പിനെ വേലു ഏട്ടനോട് യാത്രപറഞ്ഞു ബസിൽ കയറുമ്പോൾ പ്രവിയുടെ മനസ്സിൽ ഒരു വാചകമേ ഉണ്ടായിരുന്നുള്ളു .... കേണൽ അദ്ദേഹത്തിന്റെ കത്തിലെ വാചകം......

"""നിന്റെ ജീവിതം അപൂർണമാണ്...അതു പൂർണ്ണമാവണമെങ്കിൽ??????..... """

"""അതെ പൂർണ്ണമാവണമെങ്കിൽ......""

ആ ലക്ഷ്യം തേടിയുള്ള യാത്രയിലാണ് പ്രവിയിപ്പോ .... നാട്ടിലേക്കുള്ള തിരിച്ചു വരവിൽ ഒരു ഉദ്ദേശം ആണ് ഉണ്ടായിരുന്നത് അഞ്ചു വർഷങ്ങൾക്ക് മുൻപ് ഉപേക്ഷിച്ചതെലാം ഒരു തവണ കൂടി ഒരു നോക്ക് കാണുവാ എന്ന ഉദ്ദേശം .....അതിൽ പ്രധാനാമായിരുന്നു ഈ യാത്ര ....

""എന്നെ തേടി കേണൽ അങ്കിൾ വരണമെങ്കിൽ ..... അവൾ എല്ലാം അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ടാകണം """"""

പ്രവിയുടെ മനസ്സ് മന്ത്രിച്ചു ....

ഒപ്പം ബസിലെ ആ പ്രണയസംഗീതത്തിൽ ലയിച്ചുകൊണ്ട് പ്രവി പതിയെ  സീറ്റിലേക്ക് ചാഞ്ഞു ........

"""സമതലപ്രദേശങ്ങളും ഹൈവേകളും താണ്ടി  മലകളാൽ സമൃദ്ധമായ ഹൈ റേഞ്ച്ന്റെ പടിവാതിൽ കടന്നു  വശങ്ങളിൽ ചെങ്കുത്തായ അടിവാരങ്ങൾ കാഴ്ചയേകി  കുന്നിൻ ചെരുവിലൂടെ ഹെയർ പിന്നുകളിൽ ആടിയുലഞ്ഞു ആ ബസ് സഞ്ചരിച്ചു കൊണ്ടിരുന്നു.... ""

വശങ്ങളിലെ ചെങ്കുത്തായ മലഞ്ചെരുവ് യാത്രക്കാരിൽ ചെറിയൊരു ഭയം മനസ്സിൽ സൃഷ്ടിക്കുന്നുണ്ടെങ്കിലും..... ബസിൽ നിറഞ്ഞു നിന്നിരുന്ന പ്രണയ സംഗീതം ആ ഭയത്തെ മനുഷ്യമനസുകളിൽ നിന്നും  തുടച്ചുമാറ്റികൊണ്ടിരുന്നു....

"""പ്രണയം എന്ന വികാരത്തിനുമുന്നിൽ ഭയം എന്ന വികാരത്തിന് സ്ഥാനം ഇല്ലല്ലോ  """

---------------

"""മലയോരത്തെ കുളിർതെന്നലിന്റെ തഴുകലും പ്രണയസംഗീതത്തിന്റെ ലഹരിയിലും മതിമറന്നു പ്രവിയുടെ  മനസ്....... എന്നോ .. എപ്പോഴോ..  എവിടെയോ...  നഷ്ടപ്പെട്ടുപോയ..... ഇപ്പോഴും പ്രവിയുടെ മനസിലെ ചിതലരിക്കാത്ത ഓർമകളിലുള്ള പ്രണയത്തിലേക്ക് സഞ്ചരിച്ചു .... """""

""""""വർഷങ്ങൾക്കു മുൻപ്....... """

""അതെ ഇച്ചായ പേടിക്കണ്ടാട്ടൊ .... അപ്പച്ചൻ ഒരു നല്ല കാര്യത്തിനാ ഇച്ചായനെ കൊണ്ടു പോകുന്നെ.... """

അന്ന് ജോയിച്ചായന്റെയും എയ്ഞ്ചേലിന്റെയും കൂടെ പ്രവി സഞ്ചരിക്കുമ്പോൾ എയ്ഞ്ചൽ പ്രവിയോട് പറഞ്ഞു.....

ആ യാത്ര ചെന്നു അവസാനിച്ചത് ഇന്ത്യയിൽ മുഴുവൻ വ്യപിച്ചു കിടക്കുന്ന ഒരു പ്രമുഖ പത്രത്തിന്റെ കേരളത്തിലെ ഒരു പ്രമുഖ ബ്രാഞ്ചിൽ ആയിരുന്നു......

ജോയിച്ചായന്റെ പരിചയം വെച്ചു പ്രവിക്ക് അവിടത്തെ ഒരു പ്രമുഖ എഡിറ്ററുടെ അസിസ്റ്റന്റ് ആയി ജോലി കിട്ടി ....

ചെറുപ്പം മുതലേ എഴുത്തിൽ നല്ല മികവ് കാഴ്ച വെച്ച പ്രവിക്ക് പത്ര പ്രവർത്തനം ഇഷ്ടപ്പെട്ട മേഖല ആയിരുന്നു...... അങ്ങനെ മൂന്ന് വർഷം പെട്ടന്ന് കടന്നുപോയി....

പത്രങ്ങളിലെ ലേഖനങ്ങൾ തയ്യാറാക്കുന്നതിൽ പ്രവിയുടെ പങ്ക് വലുതായിരുന്നു....... ഒപ്പം മാസികകളിലും വീക്കിലികളിലും മറ്റും കഥയും കവിതയും കൊണ്ട് പ്രവി എന്ന പേര് വായനക്കാരുടെ മനസിന്റെ ആഴങ്ങളിൽ പതിഞ്ഞു പോയിരുന്നു .....അങ്ങനെ മൂന്നു വർഷം കൊണ്ട് പത്രപ്രവർത്തനമേഖലയിൽ

അവൻ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ചു കഴിഞ്ഞിരുന്നു......

അതിന്റെ ഫലം എന്ന നിലയിൽ മികച്ച ലേഖകൻ എന്ന പുരസ്കാരം പ്രവിയെ തേടി എത്തി.......

എന്നിരുന്നാലും നല്ല വരുമാനം ഉള്ള ജോലി ആയിട്ടുകൂടി പ്രവിക്ക് സ്വന്തം എന്ന് പറയാൻ അമ്മ നൽകിയ ആ വീടും പിന്നെ അവന്റെ സന്തത സഹചാരി ആയ ആർ എക്സ് ഹൻഡ്രെഡും മാത്രമായിരുന്നു..... ജോലിയിൽ നിന്നും കിട്ടുന്ന വരുമാനത്തിന്റെ മുക്കാൽ ഭാഗവും അവൻ ചെലവഴിച്ചിരുന്നത് അനാഥലയങ്ങൾക്കും മറ്റുംമായിരുന്നു ..... അവാർഡ് കിട്ടിയ തുക പോലും അവൻ ഒരു കുട്ടിയുടെ ചികിത്സക്കായി വിനിയോഗിച്ചു......

അങ്ങനെ ഒക്കെ ജീവിതം മുന്നോട്ടു പോകുമ്പോൾ ആണ് പ്രവിയുടെ ജീവിതത്തിലേക്ക് അവൾ കടന്നു വരുന്നത് ........

ഒരു ഞായറാഴ്ച പ്രഭാതം....

തലേന്ന് ഒരു മാഗസിൻ വേണ്ടിയുള്ള എഴുത്ത് തീരാൻ താമസിച്ചത് കൊണ്ട് എല്ലാ ദിവസവും സൂര്യോദയത്തിനു മുൻപ് എഴുന്നേൽക്കുന്ന പ്രവി ആ ദിവസം എഴുനേൽക്കാൻ ഇത്തിരി താമസിച്ചു പോയി.....

""ശൊ.... സമയം എട്ടുമണി ആയല്ലോ """"

ക്ലോക്കിൽ നോക്കി അതും പറഞ്ഞു കൊണ്ട് പ്രവി കട്ടിലിൻ നിന്നും എഴുനേറ്റു .....

"""എല്ലാ ഞായറാഴ്ച്ചയും ക്ഷേത്രദർശനം പതിവുള്ളതാ ..... ഇന്നത് മുടങ്ങി """

പ്രവി മനസ്സിൽ പറഞ്ഞുകൊണ്ട് എഴുനേറ്റു വീട് ഒന്ന് വൃത്തിയാക്കിയിട്ട് പ്രഭാത കൃത്യങ്ങൾ ഓക്കേ ചെയ്തു കഴിഞ്ഞു പുറത്തെ കുളിമുറിയിൽ നിന്നും കുളിയും പാസാക്കി മുറിയിലേക്ക് വന്നു .....

"""റ്റിംഗ്... """

കള്ളിമുണ്ട് ഉടുക്കുന്നതിനിടയിൽ പ്രവി അടുക്കള ഭാഗത്തു നിന്നും ഒരു ശബ്ദം കേട്ടു....

വല്ല പൂച്ചയും ആയിരിക്കും എന്ന് കരുതി അവൻ വേഗം മുണ്ടുടുത്ത് ഒരു ബനിയനും വേഗം എടുത്തണിഞ്ഞു അടുക്കളയിലേക്ക് ചെന്നു .....

പൂച്ചയെ പ്രതീക്ഷിച്ചു പോയ പ്രവിക്ക് അവിടെ പൂച്ചയെ കാണാൻ സാധിച്ചില്ല.... പക്ഷെ വേറൊന്ന് പ്രവിയുടെ മിഴികളിൽ പതിഞ്ഞു....

അടുപ്പിൽ കനൽ എരിയുന്നു.... അടുപ്പിനടുത്ത് ചായ വെക്കുന്ന വാൽപാത്രവും ഇരിക്കുന്നു ......

"""ഇതാരാ ഇപ്പോ ഇവിടെ ചായ വെക്കാൻ """

""വേലു ഏട്ടൻ എങ്ങാനും വന്നോ??? """

ചെറു ശബ്ദത്തിൽ അതും പറഞ്ഞു ആലോചനയിൽ നിൽക്കുമ്പോൾ ആണ് ....

പുറകിൽ ഒരു കാൽപ്പെരുമാറ്റം കേട്ടത് ...

അതു കേട്ട് തിരിഞ്ഞ പ്രവിയെ വരവേറ്റത്

""ഗുഡ് മോർണിംഗ് മാഷേ...... """

എന്നുള്ള കിളിനാദം ആയിരുന്നു....

ഒപ്പം പ്രവിയുടെ നേരെ ആവിപറക്കുന്ന ചായ കപ്പ് നീട്ടി ആ ശബ്ദത്തിന്റെ ഉടമ നിൽക്കുന്നു .....

അപ്രതീക്ഷിതമായി എന്തോ കണ്ടത് പോലെ പ്രവി നിഛലം ആയി നിന്നു പോയി....

"""സ്ട്രൈറ്റ് ചെയ്ത് പടർത്തിയിട്ട മുടിയിലാണ് ആദ്യം പ്രവിയുടെ കണ്ണുടക്കിയത് ...... കരിനീല കണ്ണുകളെ മറച്ചു വീതിയുള്ള കറുപ്പിൽ നീല ബോർഡറോട് കൂടിയ ഫ്രെയിമുള്ള കണ്ണട അവളുടെ അഴകിന് മാറ്റ് കൂട്ടുകയാണ് ചെയ്തത്..... ഇരുവശത്തും ഗോൾഡൻ കളർ ചെയ്ത മുടിയിഴകൾ ഇടക്കവളുടെ ചെറിയ വട്ട മുഖത്തേക്ക് പാറിപറക്കുന്നുണ്ട്.... ആ കരിനീല കണ്ണുകൾക്ക് മാറ്റേകുന്ന തരത്തിൽ ത്രെഡ് ചെയ്ത നേർത്ത പുരികങ്ങൾ ....... മുടിയിഴകൾ മുന്നിലേക്ക് ചാഞ്ഞു കിടക്കുന്നത് കൊണ്ട് നെറ്റി പൂർണമായി കാണാൻ സാധിക്കുന്നുണ്ടായില്ല.... സ്വതവേ ചുവന്ന ചുണ്ടുകൾ.... . ബ്രൗൺ കളർ ടീ ഷർട്ടിനു മേലെ നിലയിൽ ചെറിയ വെള്ള സ്ട്രൈപ്സ് ഉള്ള ഓവർകോട്ട് , അതിനു യോജിച്ച നീല ഡെനിം ജീൻസും..... പ്രവിയുടെ മിഴികളിൽ അവളുടെ രൂപം ഒരു വജ്രശോഭയോടെ നിറഞ്ഞു നിന്നു...... """

""ഹലോ മാഷേ ..... """

തന്നെ തന്നെ കണ്ണിമചിമ്മാതെ നോക്കി നിൽക്കുന്ന പ്രവിയെ ഇടതു കൈകൊണ്ടു മുഖത്തിനു മുന്നിൽ ടാറ്റാ കാണിക്കുന്നു പോലെ വീശിയിട്ട് അവൾ വിളിച്ചു....

അവളുടെ സ്വരം പ്രവിയുടെ കാതുകളിൽ പതിച്ചപ്പോൾ പ്രവി പെട്ടന്ന് അവളിലെ നോട്ടം മാറ്റി....

""കുട്ടി ഏതാ???? """

പ്രവി പെട്ടന്ന് ചോദിച്ചു....

""ഞാൻ ആരാണെന്നുള്ളത് അവിടെ നിൽക്കട്ടെ..... ആദ്യം മാഷ് ഈ കപ്പ് പിടിച്ചേ .... എത്ര നേരമായി ... എന്റെ കൈ കഴക്കുന്നു.... """"

അവൾ അതു പറഞ്ഞപ്പോൾ ആണ് പ്രവി ആ കപ്പിന്റെ കാര്യം ഓർക്കുന്നത് ...

പ്രവി വേഗം തന്നെ അവളുടെ കൈയിൽ നിന്നും കപ്പ് വാങ്ങിച്ചു ....

""എന്ത് ആലോചിച്ചു നിൽക്കുകയാ മാഷേ .... കുടിച്ചു നോക്ക്..... ""

കപ്പ് അവളുടെ കൈയിൽ നിന്നും വാങ്ങിയിട്ടും അവളെ നോക്കി ആരാണെന്നുള്ള ആലോചനയിൽ നിൽക്കുന്ന പ്രവിയോട് അവൾ പറഞ്ഞു.....

അതു കേട്ടപ്പോൾ പ്രവി അവളുടെ വാക്കുകൾ അനുസരിച്ചു...

പ്രവി പതിയെ ഊതി ഊതി ചായ കുടിക്കുന്നത് ഇടകണ്ണാലെ നോക്കികൊണ്ട് അവളും ഒരു കപ്പിൽ ചായ കുടിക്കാൻ ആരംഭിച്ചു....

""അല്ല കുട്ടി ആരാണെന്നു പറഞ്ഞില്ല....""

ചായകുടിക്കുന്നതിനിടയിൽ പ്രവി ചോദിച്ചു...

അതിനു ഉത്തരം എന്നനിലയിൽ ഒരു പുഞ്ചിരി ആയിരുന്നു അവളുടെ ചുണ്ടുകളിൽ വിരിഞ്ഞത് .....

""ചിരിക്കാതെ കാര്യം പറയടോ .... ""

അവളുടെ ആ പുഞ്ചിരി സ്വികരിച്ചുകൊണ്ട് അവളുടെ നേരെ ചെറു പുഞ്ചരിയാൽ അവൻ ചോദിച്ചു ...

""ഹഹ ... അപ്പോ എന്നെ ശെരിക്കും മനസിലായില്ല..... """

അവൾ ചെറു ചിരിയോടെ പറഞ്ഞു....

""ഇല്ല... """

""ഓഹ് .. അപ്പോ എന്നെ ഓർമയില്ല ... ""

അവൻ ഇല്ല എന്നർത്ഥത്തിൽ തലയാട്ടി...

""ആ ... എങ്ങനെ ഓർമയുണ്ടാവാനാ.... നമ്മൾ തമ്മിൽ കാണുന്നത് ഇതു ആദ്യം അല്ലെ ..... """

അവൾ പുഞ്ചിരി പൊഴിച്ചൊണ്ട് പറഞ്ഞു...

അതു കേട്ടപ്പോൾ പ്രവി ഒന്നും പിടികിട്ടാതെ നിന്നു.....

""എന്താ മാഷേ ഇങ്ങനെ നിൽക്കുന്നത് ..... """

""അതു പിന്നെ താൻ .... """

പ്രവി പറഞ്ഞു പൂർത്തിയാകുന്നതിനു മുന്നേ...

""മാഷേ നമ്മൾ തമ്മിൽ നേരിൽ കണ്ടിട്ടില്ല എന്നെ ഒള്ളു .... മാഷ്ക്ക് എന്നെ നന്നായി അറിയാം.... ഒന്ന് ഓർത്തു നോക്കിയേ.... """

""അതെ .... തനെ കണ്ടപ്പോൾ മുതൽ പതിറ്റാണ്ടുകളുടെ പരിചയം ഉള്ള പോലെ ..... പക്ഷെ എങ്ങനെയാണെന്നു പരിചയം എന്ന് എനിക്ക് അറിയില്ല...... """

""ഓർത്തു നോക്ക് മാഷേ.... """

""ഈ മാഷേ വിളി...... എവിടെയോ കേട്ടപോലെ ...... """

""ഹഹ .... ഭാഗ്യം .... ആ വിളിയെങ്കിലും ഓർമയുണ്ടല്ലോ .....""

അവൾ ചെറു പുഞ്ചിരിയോടെ പറഞ്ഞു....

അവളുടെ പുഞ്ചിരിച്ചമുഖത്തു ഒന്നും കൂടി നോക്കിയിട്ട് പ്രവി കണ്ണുകൾ പതിയെ അടച്ചു .... പ്രവിയുടെ മനസ്സ് ""മാഷേ ""എന്നുള്ള വിളിയുടെ ഉടമയെ തേടി ഇറങ്ങി... മൂന്നാല് നിമിഷങ്ങൾ കൊഴിഞ്ഞു വീണു .... പ്രവിയുടെ ചുണ്ടുകളിൽ പുഞ്ചിരിവിടർന്നു .....

അതോടൊപ്പം പ്രവിയുടെ മിഴികൾ പതിയെ തുറന്നു ....

"""""ജെയിൻ """""

അവളുടെ മിഴികളിലേക്ക് നോക്കി കൊണ്ട് പ്രവിയുടെ ചുണ്ടുകൾ മന്ത്രിച്ചു.....

പ്രവിയിൽ നിന്നും വന്ന ശബ്ദതരംഗങ്ങൾ കാതുകളിൽ അലയടിച്ചപ്പോൾ അവളുടെ മുഖം ചുവന്നു തുടുത്തു .... ഒപ്പം പ്രവിക്കായി ഒരു പാൽപുഞ്ചിരി അവൾ സമ്മാനിച്ചു.....

"അതെ.... ജെയിൻ... ജെയിൻ ഫെർണാണ്ടസ്.... """

അവൾ പുഞ്ചിരിയോടെ പറഞ്ഞു....

""ജെയിൻ ... താൻ ഇവിടെ .... """

പ്രവി വിശ്വസിക്കാനാവാത്ത മട്ടിൽ പറഞ്ഞു....

""എന്താ  മാഷേ ... വിശ്വാസം  ആയില്ലേ ..... മാഷേ  നിരന്തരം  കത്തുകളിലൂടെ ശല്യപെടുത്തിരുന്ന  ആ പഴയ ജെയിൻ തന്നെയാ  ഇതു.... """

ജെയിൻ  അതും  പറഞ്ഞു  വലതു കൈ  ഷേക്ക്  ഹാൻഡിനായി  പ്രവിക്കു  നേരെ നീട്ടി....

പ്രവി  പുഞ്ചിരിച്ചുകൊണ്ട്  ഷേക്ക് ഹാൻഡ്  സ്വീകരിച്ചു.... ഒപ്പം ...

""എന്റെ  കൃസൃതികുടുക്കക്കു എന്റെ  ഭവനത്തിലേക്ക്  സ്വാഗതം.... "" എന്ന്

പറഞ്ഞു....

അതിന്  മറുപടി  എന്ന നിലയിൽ  അവൾ  പുഞ്ചിരി  സമ്മാനിച്ചു.....

""""""കൃസൃതികുടുക്ക??? """"

അവൾ  പുരികം  ഉയർത്തി  ചോദിച്ചു.....

""""ആ  അതെ  കൃസൃതി  കുടുക്ക.... തന്റെ  കത്തുകൾ  വായിക്കുമ്പോൾ  എന്റെ  മനസ്സിൽ  വന്ന  പേരാണ് അതു...... അല്ല  എവിടെ  ആയിരുന്നു  താൻ ..... ഏതാണ്ട്  ഒരു  വർഷത്തിന്  അടുത്തതാകുന്നു തന്റെ അവസാന കത്ത്  എനിക്ക് വന്നിട്ട്..... """"

""ആ  കൊള്ളാലോ  മാഷ്  എനിക്കായി  കണ്ടുവെച്ച  പേര്.... ""

""അതുപിന്നെ കത്തുകളിലൂടെ കൃസൃതിയുടെ ഒരു വിസ്മയ ലോകം എന്റെ മുന്നിൽ തീർത്ത തന്നെ ഞാൻ പിന്നെ എന്തു വിളിക്കും....

ആദ്യം വന്ന കത്തിൽ അഡ്രെസ്സ് പോയിട്ട് ഒരു പേര് പോലും ഉണ്ടായിരുന്നില്ല .... ഓരോ കത്തിലും ചോദ്യവും ഉത്തരവും താൻ തന്നെ എഴുതിയിട്ടുണ്ടാകും .... പിന്നെ കുറെ ഉത്തരം ഇല്ലാത്ത കൃസൃതിനിറഞ്ഞ സമസ്യകളും ..... അതൊക്കെ വായിച്ചപ്പോൾ തോന്നിയത തന്നെ ഒന്നു നേരിൽ കാണണം എന്ന് ..... """

""എന്നാ കണ്ടുടെയായിരുന്നുവോ?? ""

""ആ ബെസ്റ്റ്.... അതെങ്ങെനയാ ... ആകെ അറിയാവുന്നത് ഫ്രം അഡ്രെസ്സിന്റെ ഭാഗത്തുള്ള ""ജെയിൻ ഫെർണാഡസ് "" എന്ന വലിയ പേര് മാത്രമായിരുന്നു .... അതു വെച്ചു ഞാൻ എവിടെ പോയി കണ്ടുപിടിക്കാനാ തന്നെ.... """

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ അവൾ കിലുകിലെ ചിരിച്ചു....

""""""നമുക്ക് നേരിൽ കാണാനുള്ള സമയം ആഗതം ആയി മാഷേ """""

എന്നായിരുന്നു അവസാന കത്തിലെ വരികൾ ..... പിന്നെ ഒരു കത്ത് പോലും വന്നില്ല.....അല്ല എന്തായിരുന്നു ഇത്രയും നാൾ മറഞ്ഞിരിക്കാനുള്ള കാരണം.... """

""ആ അതോ .... അതു മാഷേ ഞാൻ കത്തിലൂടെ പറഞ്ഞായിരുന്നില്ലേ മെഡിസിനു പഠിക്കുന്ന കാര്യം """

""ഉം....

""ആ കോഴ്സ് കഴിഞ്ഞു ഒരു സ്കോളർഷിപ്പ് കിട്ടി അതിന്റെ കോഴ്സിനായി ന്യൂയോർക്ക് വരെ ഒന്നു പോവേണ്ടി വന്നു ....അതാ കത്തുകൾ ഒന്നും പിന്നിട് അയക്കാഞ്ഞേ.... """

""ഓഹോ..... """

""ഉം... പിന്നെ അതുമാത്രം അല്ലാട്ടോ ... അവസാന കത്ത് എഴുതുമ്പോൾ മനസ്സിൽ ഉറപ്പിച്ചിരുന്നു ഇനി കത്തുകൾ ഇല്ല മാഷേ നേരിൽ കാണണം എന്ന് .... """

"""ഉം.... അപ്പൊ കോഴ്സ് കഴിഞ്ഞോ .... """

""ഉം കഴിഞ്ഞു .... ഇനി രണ്ടുമാസം കഴിഞ്ഞാൽ ബാംഗ്ലൂർ മെഡിക്കൽ കോളേജിൽ ഹൗസ് സർജെൻസിക്ക്

ജോയിൻ ചെയ്യണം.... """

"""ഉം.... അപ്പൊ കുട്ടിഡോക്ടർ ആയല്ലേ..... ""

പ്രവി തമാശരൂപേണ പറഞ്ഞപ്പോൾ

ജെയിൻ ചിരിച്ചു കൊണ്ട് ""ഉം .. അതെഅതെ.... ""എന്ന് പറഞ്ഞു...

""മാഷേ..... ""

കുടിച്ചു കഴിഞ്ഞ ചായഗ്ലാസ് സ്ലാബിൽ വെച്ചു കൊണ്ട് ജെയിൻ വിളിച്ചു.... അതുകേട്ടപ്പോൾ "എന്താ ""എന്നർത്ഥത്തിൽ പ്രവി അവളുടെ മുഖത്തേക്ക് നോക്കി...

""വിരോധം ഇല്ലെങ്കിൽ ഡ്രസ്സ് ചെയ്‌ഞ്ചു ചെയ്തു വരാമോ മാഷേ.... """

""ങ്ങേ.... """

ജെയിൻ പറഞ്ഞത് എന്താണെന്നു മനസിലാകാതെ പ്രവി അവളെ നോക്കി...

""ഞാൻ വന്നുന്നു കരുതി മാഷുടെ ശീലങ്ങൾ ഒന്നും മാറ്റേണ്ട.... വേഗം പോയി നല്ല മുണ്ടും ഷർട്ടും ധരിച്ചിട്ട് വാ ഇന്നു സൺഡേ അല്ലെ ഞാനും ഉണ്ട് മാഷിന്റെ കൂടെ ക്ഷേത്രത്തിലേക്ക്..... """

ജെയിൻ പറഞ്ഞു....

""അല്ല താൻ എങ്ങനെ ഇതൊക്കെ..... """"""

പ്രവി മുഴുവൻ പറയുന്നതിന് മുന്നേ ജെയിൻ ഒരു മാസിക പ്രവിക്ക് നേരെ നീട്ടി .... അതിൽ മുഖചിത്രം തന്നെ പ്രവിയുടെ ആയിരുന്നു....അവാർഡ് കിട്ടിയ പ്രവിയുടെ ഇന്റർവ്യൂ ആയിരുന്നു അതിൽ......

""മാഷുടെ ദിനചര്യ കൊച്ചുകുട്ടികൾക്ക് വരെ അറിയാം.. """

ജെയിൻ പുഞ്ചിരിയോടെ പറഞ്ഞു.....

അതുകേട്ടപ്പോൾ പ്രവി ചെറുപുഞ്ചിരി അവൾക്കായി സമ്മാനിച്ചു........

""വൗ .... കിടിലൻ ആയിട്ടുണ്ടല്ലോ """

നീല ചെക്ക് ഷർട്ടും അതിന് അനുസരിച്ചു കരയുള്ള മുണ്ടും ധരിച്ചു ഉമ്മറത്തേക്ക് വന്ന പ്രവിയെ കണ്ടപ്പോൾ ജെയിൻ പറഞ്ഞു.....

അതിനൊരു ചെറു ചിരി സമ്മാനിച്ചോണ്ട് അവൻ അവളുടെ അടുത്തേക്ക് നടന്നു അടുത്തു..

""ജെയിൻ .... താൻ ഇതിലാണോ വന്നത്... """

മുറ്റത്ത് കിടക്കുന്ന വില്ലീസ് കണ്ടപ്പോൾ പ്രവി ചോദിച്ചു....

""യെസ്.... പപ്പയുടെ വണ്ടിയാ... """

""ഓഹ് ... തന്റെ നാട് ഹൈ റേഞ്ചിൽ ആണുലെ ..... """

നമ്പർ പ്ലേറ്റിലേക്ക് നോക്കികൊണ്ട് പ്രവി ചോദിച്ചു...

""അതെ മാഷേ.... സൂര്യനെല്ലി.... ""

""തന്നെ സമ്മതിച്ചിരിക്കുന്നു ... വെളുപ്പിനെ തന്നെ ഇത്രയും ദൂരം അതും ഒറ്റക്ക് ...... """

പ്രവി അതു പറഞ്ഞപ്പോൾ അവൾ അവനൊരു പുഞ്ചിരി സമ്മാനിച്ചു....

""എന്നാ നമുക്ക് ഇറങ്ങാം... """

വിരലിൽ താക്കോൽ കറക്കിക്കൊണ്ട് ജെയിൻ പറഞ്ഞു ...

അതുകേട്ടപ്പോൾ പ്രവി വേഗം വീട് പൂട്ടിക്കൊണ്ട് അവളുടെ ഒപ്പം ഇറങ്ങി......

"""ജെയിൻ.... ""

സ്റ്റീയറിങ്ങിൽ വിരലുകൾ പതിപ്പിച്ചു വളരെ അനായാസത്തോടെ ഡ്രൈവിങ് ചെയുന്ന അവളെ കണ്ടപ്പോൾ പ്രവി വിളിച്ചു....

ആ വിളി കേട്ട അവൾ പ്രവിയെ നോക്കി "" എന്താ "" എന്നർത്ഥത്തിൽ പുരികം ഉയർത്തി ചോദിച്ചു....

""അല്ല ... തന്റെ വീട്ടുകാരെ കുറിച്ചൊന്നും പറഞ്ഞില്ല...."""

""ഓഹ് .. അതോ .... അതൊക്കെ പറയാൻ ഒരുപാട് ഉണ്ട് മാഷേ... """"

""ഓഹ് ... അപ്പൊ ഒരുപാട് അംഗങ്ങൾ ഉള്ള ഫാമിലിയാ.... """

""അതെ.... ഒരുപാട് അനിയത്തിമാരും ചേച്ചിമാരും ചേട്ടന്മാരും അനിയൻ മാരും ഒക്കെയുള്ള വലിയ ഫാമിലിയാ.... """

അവൾ ചിരിച്ചു കൊണ്ട് പറഞ്ഞു....

""അപ്പോ പപ്പയും മമ്മയും ഒക്കെ... """

""ആ ... പപ്പയും മമ്മയും ആയിട്ട് എനിക്ക് ഒരാളെ ഒള്ളു എന്റെ ""കേണൽ""...... """

""കേണൽ???? """

""യാ... കേണൽ.... കേണൽ ഫെർണ്ടസ്..... """"

""ഓഹ് ... അദ്ദേഹം ആണോ ജെയിന്റെ പപ്പ....."""

അതു കേട്ടപ്പോൾ അവൾ ""അല്ല ""എന്ന് തലയാട്ടി....

""അപ്പോ കേണൽ...ജെയിന്റെ ??.. ""

പ്രവി ചോദിച്ചു....

""സ്വന്തം പപ്പയല്ല.....പക്ഷെ എന്നെ വളർത്തിയതും ഈ നിലയിൽ എത്തിച്ചതും എന്റെ കേണൽ ആണ് .... പപ്പയേക്കാൾ ഒരായിരം പടി മുകളിൽ ആണ് എനിക്ക് എന്റെ ""ഫെർണാണ്ടസ് """....""""

""ഉം... അപ്പൊ ജെയിന്റെ പപ്പയും മമ്മയും..... """

പ്രവിയുടെ ആ ചോദ്യം കേട്ടപ്പോൾ അവളുടെ മുഖത്തെ പ്രസരിപ്പ് ഒക്കെ മാഞ്ഞു .... അവൾ കുറച്ചു നേരം പ്രവിയെ നോക്കാതെ ഡ്രൈവിങ്ങിൽ ലയിച്ചു.....

ആ ചോദ്യം അവളിൽ വിഷമം ഉണ്ടാക്കിയെന്നു അവളുടെ മുഖഭാവത്തിൽ നിന്നും പ്രവിക്ക് മനസിലായി.....പക്ഷെ മുഖത്തുണ്ടായ വിഷമം അവളുടെ കണ്ണുകളിൽ പ്രകടമായി കണ്ടില്ല ... അവളുടെ കണ്ണുകളിൽ പകയുടെ ജ്വലിക്കുന്ന തീനാളങ്ങൾ പ്രവിയുടെ ശ്രദ്ധയിൽ പെട്ടു .... ഒരെ സമയം വിഷമവും ആരോടോ ഉള്ള വെറുപ്പും അവളിൽ പ്രകടമായി കണ്ടപ്പോൾ പ്രവി ഒന്നും പിന്നെ ചോദിച്ചിക്കാൻ മുതിർന്നില്ല ......

കുറച്ചു കഴിഞ്ഞപ്പോൾ

....

""എന്താ മാഷേ പെട്ടന്ന് ഒരു മൗനം...... """"""

പ്രവിയുടെ മൗനം കണ്ടപ്പോൾ ജെയിൻ ചോദിച്ചു....

""ഒന്നുല്ല ജെയിൻ..... """

അവൻ ചെറു പുഞ്ചിരിയോടെ പറഞ്ഞു....

അപ്പോ അവളും മുഖത്തു ചെറു പുഞ്ചിരി വരുത്തി ....

പുതിയ വർത്തമാനത്തിനു തുടക്കം ഇടുന്നതിനു മുന്നേ അവരുടെ ജീപ്പ് ക്ഷേത്രപരിസരത്ത് എത്തിച്ചേർന്നിരുന്നു.....

ഒരു ആലിന്റെ തണലിൽ ജീപ്പ് പാർക്ക് ചെയ്തിട്ട് അവരിരുവരും ജീപ്പിൽ നിന്നും ഇറങ്ങി....

""എന്താ ജെയിൻ .... അവിടെ തന്നെ നിന്നു കളഞ്ഞത് വരുന്നില്ലേ.... ""

ക്ഷേത്രപടിക്കെട്ടിലേക്ക് നടന്നടുക്കുമ്പോൾ... ജെയിൻ വരാതെ ജീപ്പിൽ ചാരി നിൽക്കുന്നത് കണ്ടപ്പോൾ പ്രവി അവളോട് ചോദിച്ചു...

അതു കേട്ടപ്പോൾ അവൾ ചെറു വിഷമത്തോടെ തന്റെ കഴുത്തിലെ സ്വർണമാലയിലെ കുരിശിന്റെ ആകൃതിയിലുള്ള ലോക്കറ്റ് വിരലുകളാൽ പൊക്കി കാണിച്ചു.....

പ്രവി അവളുടെ അടുത്തേക്ക് ചെന്നു....

""ഓഹ് അതാണോ.... അതൊരു പ്രശ്നം അല്ലടോ ... താൻ വാ ........ """

അതും പറഞ്ഞിട്ടും മടിച്ചു നിൽക്കുന്ന അവളെ കണ്ടപ്പോൾ

""അല്ല തനിക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിൽ ബുദ്ധിമുട്ട് വല്ലതും ഉണ്ടോ??.... ""

പ്രവി ചോദിച്ചു ...

""ഹേയ് ... അങ്ങനെ ഒന്നുമില്ല.... എനിക്ക് ഇഷ്ടമാ ക്ഷേത്രദർശനം നടത്താൻ... പക്ഷെ .... """"

""""ഒരു പക്ഷെയും വിചാരിക്കേണ്ട... ഇവിടെ ആരും തന്നെ തടയില്ല.... ""

പ്രവി പറഞ്ഞു പക്ഷെ അവൾക്കു കയറാൻ ഒരു മടിപോലെ നിൽക്കുന്നു .....

""താൻ ധൈര്യമായിട്ട് വാ..ഞാനില്ലേ കൂടെ... ""

അതും പറഞ്ഞു പ്രവി ജെയിന്റെ കൈയിൽ പിടുത്തം ഇട്ടു ...പിന്നെ മുന്നോട്ടു നടന്നു....

പ്രവിയുടെ കൂടെ ജെയിനും നടന്നു ....

അവർ രണ്ടാളും പടികൾ കയറി നടയിൽ എത്തി..... ക്ഷേത്രത്തിലെ ആചാരങ്ങൾ അറിയാത്തതു കൊണ്ട് പ്രവിയെ അനുകരിച്ചു പ്രവിയുടെ പുറകെ അവൾ നടന്നു ....

കുറച്ചു സമയത്തിനുള്ളിൽ അവരുടെ ക്ഷേത്ര ദർശനം കഴിഞ്ഞു .... പിന്നിട് അവർ ജീപ്പിനടുത്തുള്ള ആൽത്തറയിൽ വന്നിരുന്നു....

""താങ്ക്സ്... മാഷേ... """

ജെയിൻ പുഞ്ചിരിയോടെ പ്രവിയോട് പറഞ്ഞു....

""ദർശനം നടത്തിയതിനു ആണോ?,, "'

പ്രവി ചോദിച്ചപ്പോൾ അവൾ ""അതെ ""എന്നർത്ഥത്തിൽ തലയാട്ടി....

""ഇവിടെ വിശ്വാസികളായ ആർക്കും ദർശനം നടത്തടോ... ആരും ആരെയും തടയില്ല.... അതാണ് ഇവിടത്തെ പ്രത്യേകത..... പിന്നെ ഇവിടെ ക്ഷേത്രത്തിൽ ഒരു പരിപാടി വന്നാൽ എല്ലാവരും ഒത്തുചേരും അതിൽ മതത്തിന്റെ അതിർവരമ്പുകൾ ഒന്നും ഉണ്ടാകില്ല.... അതുപോലെ തന്നെ പള്ളിയിലും ...... അതാണ് ഈ നാടിന്റെ പ്രത്യേകത.... """

പ്രവി പറഞ്ഞു നിർത്തി...

പ്രവിയുടെ വാക്കുകൾ കേട്ട അവളുടെ മുഖം സന്തോഷം കൊണ്ട് വിടർന്നു.... അവൾ ചുറ്റും ഒന്ന് വീക്ഷിച്ചു ... ആ നാടിന്റെ ഗന്ധം അവൾ ശ്വാസത്തിലൂടെ ആഗീകരണം ചെയ്തു....

""എനിക്ക് ഇഷ്ടായി ..... """

ചുറ്റുപാടുകളിൽ കണ്ണും നട്ട് അവൾ അതു പറഞ്ഞപ്പോൾ പ്രവി ""എന്ത് "എന്നർത്ഥത്തിൽ അവളുടെ നേരെ നോക്കി......

""ഈ നാട്.... """

പ്രവിയുടെ നോട്ടത്തിനു മറുപടി ആയി അവൾ പുഞ്ചിരിയോടെ പറഞ്ഞു....

അതുകേട്ടപ്പോൾ പ്രവിയും അവൾക്കൊരു പുഞ്ചിരി സമ്മാനിച്ചു....

പിന്നിട് കുറച്ചു നേരം അവർ ചുറ്റുപാടും വീക്ഷിച്ചിരുന്നു.... അവരുടെ ഇടയിൽ മൗനം തളം കെട്ടി നിന്നു.....

കുറച്ചു കഴിഞ്ഞപ്പോൾ...

""മാഷേ..... "" അവളിൽ നിന്നും ഉണ്ടായ നേർത്ത ശബ്ദം പ്രവിയുടെ കാതുകളിൽ അലയടിച്ചപ്പോൾ പ്രവി ""എന്താ ""എന്നർത്ഥത്തിൽ അവളുടെ മുഖത്തേക്ക് നോക്കി....

""എന്താ ഒന്നും മിണ്ടാത്തെ .... എന്തെങ്കിലും ഒക്കെ പറ മാഷേ .... """

""ഞാൻ എന്ത് പറയാനാണെടോ.... എന്താ പറയേണ്ടത് എന്താ തന്നോട് സംസാരിക്കേണ്ടത് എന്ന് പോലും അറിയില്ല ....നമ്മളുടെ കൂടിക്കാഴ്ച്ച ആദ്യമായിട്ടാണെങ്കിലും .... ഈ നിമിഷം തന്റെ കൂടെ ഇവിടെ ഇരിക്കുമ്പോൾ .... എന്താ പറയുക ... ഒരുപാട് വർഷങ്ങൾ ഒരുമിച്ചു സുഖദുഃഖങ്ങൾ പങ്ക് വെച്ചു എന്റെ മനസ്സറിയുന്ന എന്റെ ആത്മാർത്ഥ സുഹൃത്തിന്റെ കൂടെ ഇരിക്കുന്ന പോലെ ..... എല്ലാം അറിയാവുന്ന അല്ലെങ്കിൽ എല്ലാനേരവും മനസുകൊണ്ട് സംസാരിക്കുന്ന ആത്മാർത്ഥ സുഹൃത്തിനോട് അവതരിപ്പിക്കാൻ വിഷയങ്ങൾ ഒന്നും കാണില്ലല്ലോ .... """

പ്രവിയുടെ വാക്കുകൾ ജെയിനിൽ സന്തോഷത്തിന്റെ തിരമാലകൾക്ക് ആക്കം കൂട്ടി.....

"" തന്നെ ഒരുമുൻപരിചയം ഇല്ല.... ആകെ കുറച്ചു കത്തുകളിലൂടെ ഉള്ള പരിചയം അതും താൻ അങ്ങോട്ട് മാത്രം അയച്ച കത്തുകളിലൂടെ ഉള്ള പരിചയം അല്ലാതെ ഒന്നും അറിയില്ല ആ വ്യക്തിക്ക് തന്നെ കുറിച്ചു എന്നിട്ട് പോലും ആ വ്യക്തിയിൽ നിന്നും വന്ന വാക്കുകൾ ...... """""

ജെയിന്റെ മനസ്സ് മന്ത്രിച്ചു......

""താൻ ആരാധിക്കുന്ന ... അല്ല താൻ ജീവനുതുല്യം സ്നേഹിക്കുന്ന ആളിൽ നിന്നും കേട്ട വാക്കുകളുടെ മാധുര്യം മൂലം ജെയിന്റെ മിഴികൾ ഈറനായി....."""

""എന്താ ജെയിൻ.... ""

കണ്ണുകൾ ഇറാനായി കണ്ടപ്പോൾ പ്രവി ചോദിച്ചു...

""ഹേയ് ഒന്നുല്ല മാഷേ ..... ""

അവൾ അതും പറഞ്ഞു നിറകണ്ണുകൾ തുടച്ചു.... അവൾ വിദൂരതയിലേക്ക് നോക്കി എന്തോ ഓർമ്മിക്കുന്നത് പോലെയിരുന്നു . അവളുടെ ശ്രദ്ധ ഇവിടെങ്ങുമല്ല എന്ന് കണ്ട പ്രവി അവളോടൊന്നും ചോദിച്ചില്ല ..... അവളുടെ നീണ്ട കണ്ണുകൾ സജലങ്ങളാകുന്നത് അവൻ കണ്ടു......

"""ആൻസ് ബത്ലേഹം"""

ജെയിന്റെ ചുണ്ടുകൾ മന്ത്രിച്ചു...

അവളെ തന്നെ നോക്കിയിരുന്നപ്രവി അത് കേട്ടപ്പോൾ അവളോട് ചോദിച്ചു

""ആൻസ് ബത്ലേഹം???...."""

ആൻസ് ബത്ലേഹും അവളും തമ്മിലെന്ത് ബന്ധമാണെന്ന് അറിയാൻ പ്രവി ഉദ്വേഗത്തോടെ അവളുടെ മുഖത്തേക്ക് നോക്കി.....

""അതെ... ""ആൻസ് ബത്‌ലേഹം""മാഷ് എല്ലാമാസവും സാലറിയുടെ വിഹിതം അയച്ചുകൊടുക്കാറുള്ള ഒഫെനെജുകളിൽ ഒരെണ്ണം """

""ഓഹ്... ഫെർണാണ്ടസ് സാർ നടത്തുന്ന സൂര്യനെല്ലിയില്ലേ ഓഫനേജ്..... """

""ആ ... അതു തന്നെ ... ""

""അപ്പൊ ആ ഫെർണാണ്ടസ് സാർ ആണോ ജെയിന്റെ കേണൽ.... """

""അതെ മാഷേ........ """

(""രണ്ടു വര്ഷങ്ങള്ക്കു മുൻപ് ഒരു ആർട്ടിക്കിൾ വന്നിരുന്നു ഈ ഓഫനേജിനെ കുറിച്ചു ....അങ്ങനെയാ പ്രവി അവിടേക്ക് ജെയിൻ പറഞ്ഞപോലെ സാലറിയുടെ വിഹിതം അയച്ചു തുടങ്ങിയത്.... """)

""ഒരുപാട് കേട്ടിട്ടുണ്ട് ആ സ്ഥാപനത്തിന്റെ കുറിച്ചു.. ... പക്ഷെ ഒരു വട്ടം പോലും അവിടേക്ക് പോകാൻ സാധിച്ചിട്ടില്ല ..... ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല എന്തോ നടന്നില്ല .... """"

""ഉം ......നടന്നിരുന്നു വെങ്കിൽ നമ്മൾ തമ്മിൽ നേരത്തെ കണ്ടുമുട്ടിയാനെ അല്ലെ .... """

ജെയിൻ ചെറുചിരിയോടെ പറഞ്ഞു ......

""ഉം ... ശെരിയാ....""'

""മാഷ്ക്ക് അറിയോ ... മാഷിനെ ഒന്നു നേരിൽ കാണാനായി കൊതിക്കുന്ന കുറച്ചു പേര് അവിടെ ഉണ്ട് .... ""'

""എന്നെ കാണാനോ.... ""'

""ഉം.... മാഷുടെ രചനകൾ ഇഷ്ടപെടുന്ന കുറച്ചു പേർ ...മണിയോഡറിന്റെ ഒപ്പം മാഷ് അവിടത്തെ അന്തേവാസികൾക്കായി അയക്കുന്ന കവിതകൾ .... ഞാനാണ് എല്ലാവർക്കും ചൊല്ലി കൊടുക്കാറ്... ""'

ജെയിൻ ചെറു പുഞ്ചിരിയോടേ പറഞ്ഞപ്പോൾ പ്രവിയുടെ മുഖം സന്തോഷം കൊണ്ട് വിടർന്നു.....

""ആദ്യ കണ്ടുമുട്ടലിൽ തന്നെ അവളെക്കുറിച്ചു ഒരുപാട് അറിയാൻ ആഗ്രഹം ഉണ്ടായിരുന്ന പ്രവി.... അവളുടെ താമസം ഓഫനേജിനിജിലാണെന്നു മനസിലാക്കിയപ്പോൾ ... അവളോട് പിന്നെ അധികം കാര്യങ്ങൾ ചോദിച്ചറിയാൻ നിന്നില്ല ..... അവനു താല്പര്യം ഇല്ലാഞ്ഞിട്ടല്ല .... കൂടുതൽ എന്തേലും ചോദിച്ചാൽ അവളുടെ മനസ്സ് വേദനിക്കുമോ എന്നോർത്ത് ആയിരുന്നു..... അനാഥത്വത്തിന്റെ വേദന അമ്മയില്ലാതായപ്പോൾ ഒരു പരിധി വരെ അവനും മനസിലാക്കിയതാണല്ലോ..... """'

""എന്നാ ജെയിൻ നമുക്ക് ഇറങ്ങാം കുറച്ചു സമയം ആയില്ലേ ഇവിടെ.... """

പുഞ്ചിരിയിൽ തുടങ്ങിയ സംസാരം പുഞ്ചിരിയിൽ അവസാനിച്ചപ്പോൾ ... പ്രവി പറഞ്ഞു......

""ഓക്കേ ഇറങ്ങാം മാഷേ .... """

അവർ അതും പറഞ്ഞു ആൽത്തറയിൽ നിന്നും എഴുനേറ്റു.... ജീപ്പിലേക്ക് കയറി.... ജെയിൻ ആ വാഹനം പതിയെ ക്ഷേത്രകോമ്പോണ്ടിനു വെളിയിലേക്ക് ഇറക്കി .... ജെയിന്റെ കാൽ ആക്സിലേറ്ററിൽ അമർന്നപ്പോൾ ഒരു ഇരമ്പലോടെ വില്ലിസ് ആ വഴിയിലൂടെ കുതിച്ചുപാഞ്ഞു.....

അധികം താമസിയാതെ തന്നെ അവരുടെ വാഹനം പ്രവിയുടെ വീടിനുമുൻപിൽ എത്തിച്ചേർന്നു....

വീടിനു സൈഡിലായി ജീപ്പ് ഒതുക്കിയിട്ട് അവർ രണ്ടുപേരും ജീപ്പിൽ നിന്നും ഇറങ്ങി .....

""ആ താനിവിടെ നിൽക്കായിരുന്നോ??,,,, ""

ക്ഷേത്രത്തിൽ പോയെപ്പോലുള്ള വസ്ത്രം മാറി പഴയ കള്ളിമുണ്ടും ബനിയനും ധരിച്ചു പ്രവി മുറിയിൽ നിന്നും പുറത്തേക്കു ഇറങ്ങിയപ്പോഴാണ് ... അടുത്ത മുറിയിലെ ഷെൽഫിൽ ഇരിക്കുന്ന പുസ്തകങ്ങളെ നോക്കി കൊണ്ട് നിൽക്കുന്ന ജെയിനെ കണ്ടത്....

""കുറേ കളക്ഷൻ ഉണ്ടല്ലോ മാഷേ ... """

പ്രവിയുടെ നേരെ പുഞ്ചിരി പൊഴിച്ച് കൊണ്ട് അവൾ പറഞ്ഞു ...

അതിന് ഉത്തരം എന്ന നിലയിൽ """ഉം..."""  ഒന്നു മൂളി കൊണ്ട് അവൻ ഷെൽഫിൽ നിന്നും ഒരു ചെറുനോവൽ എടുത്ത് ജെയിന് നേരെ നീട്ടി.....

അതു അവന്റെ കൈയിൽ നിന്നും വാങ്ങിച്ചപ്പോൾ ""എന്താ ""എന്നരീതിയിൽ അവൾ അവനു നേരെ കണ്ണുകളെറിഞ്ഞു....

"" ഒന്നു ഓടിച്ചു നോക്കിക്കോ .... ഒരു പത്ത് മിനിറ്റ് ഞാൻ ഇപ്പൊ വരാം """

അതു കേട്ടപ്പോൾ അവൾ ""എവിടെക്കാ മാഷേ ""എന്നരീതിയിൽ പുരികം ഉയർത്തി....

""ഹേയ് ഒന്നൂല്യ ... ഇപ്പോ വരാം.... ""

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ അവൾ മിഴികൾ ഒന്നുയർത്തിയിട്ട് ആലോചനയിൽ ആണ്ടു...

""ഓഹോ ... എന്നെ സൽക്കരിക്കാൻ ഉള്ള വിഭവങ്ങൾ തയ്യാറാക്കാൻ ആയിരിക്കും.... """

അവൾ പറഞ്ഞപ്പോൾ പ്രവി ചെറുപുഞ്ചിരി അവൾക്കായി സമ്മാനിച്ചു.....

""ആ.. അങ്ങനെ ഇപ്പോ എന്നെ കൂട്ടാതെ ഒറ്റക്ക് പാചകം ചെയ്യണ്ട..... ഞാനും വരാം.... """

ജെയിൻ പുസ്തകം ഷെൽഫിലേക്ക് വെച്ചു കൊണ്ട് പറഞ്ഞു ....

""ഹേയ് അതു വേണ്ട ... താനിവിടെ ഇരുന്നോ .... ഞാൻ ചെയ്തോളാം.... ""

""ഓഹ് അഥിതി ദേവോ ഭവ ആയിരിക്കും..... """"""

ജെയിന്റെ സംസാരം കേട്ടപ്പോൾ പ്രവിയുടെ ചുണ്ടിൽ ചിരി വിടർന്നു ....

""അമ്മ.... മാഷേ ... വിട്ടുപിരിഞ്ഞതിനു ശേഷം ഇതുവരെ ഒറ്റക്കല്ലെ എല്ലാം ചെയ്തത് .... ഇന്ന് അതു വേണ്ട ഞാനും വരാം....പിന്നെ .... എന്നെ അഥിതിയായി എങ്ങാനും കണക്കാക്കിയിട്ടുണ്ടെങ്കിൽ ആ വെള്ളം മാഷ് അങ്ങ് വാങ്ങി വെച്ചേക്ക്.....ഇന്ന് മുതലേ ഞാനും ഈ വീട്ടിലെ ഒരു അംഗംമാ..... """

ജെയിൻ ചെറു നർമം കലർന്ന അധികാര ചിരിയോടെ പറഞ്ഞു.....

""ഹേയ് അതല്ലെടോ .... താൻ ഇത്രയും ദൂരം ഒക്കെ ഡ്രൈവ് ചെയ്തു വന്നിട്ട് ..... ഞാൻ എങ്ങെനയാ തന്നെ ബുദ്ധിമുട്ടിക്കാ.... താൻ റസ്റ്റ് എടുത്തോ .... """"

പ്രവി പറഞ്ഞു ....

""അതെ മാഷേ.... വെളുപ്പിന് ഉള്ള കോടമഞ്ഞിൽ വണ്ടി ഓടിച്ചു ഇവിടെ വരാനും .... ആരും അറിയാതെ മാഷ് ചാരിയിട്ട വാതിലിലൂടെ അകത്തു കയറാനും .... മാഷ് കുളിക്കുന്ന തക്കത്തിന് മാഷുടെ അടുക്കളയിൽ കയറി വിറക് കത്തിച്ചു ചായ വെച്ച് മാഷിനു സർപ്രൈസ് തരാനും ഈ ജെയിന് കഴിയുമെങ്കിൽ ... ഇനി മാഷുടെ കൂടെ അടുക്കളയിൽ പാചകത്തിൽ പങ്കു ചേരാനും കഴിയും..... ""

അവൾ പറഞ്ഞു നിർത്തി.....

അവളുടെ നിർബന്ധത്തിനു പ്രവിക്ക് വഴങ്ങേണ്ടി വന്നു.....

പ്രവി ചെറു പുഞ്ചിരിയോടെ അവളെയും കൂട്ടി അടുക്കളയിലേക്ക്......

അമ്മയുള്ളപ്പോൾ തന്നെ പാചകം പ്രവിക്ക് ഇഷ്ടവിഷയം ആയിരിന്നു.... പിന്നിട് ഒറ്റക്ക് ആയപ്പോഴും അതിന് ഒരു കുറവും വന്നില്ല..... പ്രവിയുടെ പാചകകലയുടെ വേഗത വർധിച്ചിട്ടേ ഒള്ളു .....

"" അങ്ങനെയുള്ള പ്രവിയുടെ വേഗതക്ക് ഒപ്പം നിൽക്കുന്ന തരത്തിലുള്ള പെരുമാറ്റമായിരുന്നു ജെയിൻ അടുക്കളയിൽ കാഴ്ച വെച്ചത്....... """

""വലിയ പഠിപ്പ് ഒക്കെ ഉള്ള കുട്ടിയല്ലേ .... അവൾക്കു ഈ അടുക്കള വിഷയത്തിൽ അധികം പ്രാവിണ്യം ഉണ്ടാകുമെന്നു പ്രവി വിചാരിച്ചില്ല..... """

പക്ഷെ അവന്റെ ധാരണകൾ ഒക്കെ തകിടം മറിക്കുന്ന തരത്തിൽ ആയിരുന്നു അവളുടെ പെരുമാറ്റം...

""പലപ്പോഴും അവൾ ഓരോന്ന് ചെയ്യുന്നതിന്റെ കയ്യടക്കവും വേഗതയും നോക്കി നിൽക്കാനേ പ്രവിക്ക് സാധിച്ചുള്ളൂ . തന്നെക്കാൾ അറിവോടെയെന്നോണം തന്റെ അടുക്കളയിലെ ഷെൽഫിൽ നിന്നും പൊടികൾ ഒക്കെയെടുത്ത് പാചകം ചെയ്യുന്ന ജെയിനെ പ്രവി നോക്കി നിന്ന് പോയി . അൽപ സമയത്തെ കൊണ്ട് തന്നെ അവൾ ഈ വീട്ടിലെ വളരെ പഴയ ഒരംഗം എന്ന പോലെ അവനു തോന്നി ....

"' ജെയിനെല്ലാം അറിയാമല്ലോ ..മനോഹരമായി പാചകം ചെയ്യുന്നു . ജെയിൻ ചെന്ന് കയറുന്ന വീട്ടിലെ ആ മമ്മയുടെ ഭാഗ്യം """

പ്രവിയുടെ വാക്കുകൾ ക്ക് അവൾ ഒരു പുഞ്ചിരി മാത്രം സമ്മാനിച്ചു എന്നിട്ട് വീണ്ടും അവൾ പാചകത്തിൽ ലയിച്ചു ചേർന്നു....

""സ്പീഡ് മാത്രമല്ല .... പാചകകലയിൽ വേണ്ടോളം കൈപ്പുണ്യവും കിട്ടിയിട്ടുണ്ട് .... """

മേശയുടെ ഇരുവശത്തും നേർക്കുനേർ ഇരുന്നു സ്വാദിഷ്ടമായ ഭക്ഷണവിഭവങ്ങൾ കഴിക്കുന്നതിനിടയിൽ ജെയിൻ തയാറാക്കിയ കറിയുടെ രുചി നുകർന്നുകൊണ്ട് പ്രവി അവളുടെ മിഴികളിൽ നോക്കി കൊണ്ട് പറഞ്ഞു.....

അതുകേട്ടപ്പോൾ ജെയിൻ പുരികം ഉയർത്തിക്കൊണ്ട് ""എനിക്കോ ""എന്നഭാവത്തിൽ പ്രവിയെ നോക്കികൊണ്ട് ചെറു ചിരിയോടെ

""തമാശ പറയാതെ ഒന്നു പോയെ മാഷേ..... """"""എന്ന് പറഞ്ഞു....

""തമാശയൊന്നും അല്ലടോ ഞാൻ കാര്യം പറഞ്ഞതാ ... """പ്രവി അതു പറഞ്ഞതോടൊപ്പം ""കറികൾ ഒക്കെ സൂപ്പർ """എന്നർത്ഥത്തിൽ കൈകൊണ്ടു കാണിച്ചു....

അതു കണ്ടപ്പോൾ അവളുടെ മുഖം വിവർണമായി.....

"അവരുടെ സംസാരവും പെരുമാറ്റം എല്ലാം അവരുടെ മനസ്സുകൾ തമ്മിലുള്ള അകലം കുറഞ്ഞു വരുന്നതിനു കാരണമായി തീർന്നു..,""

അങ്ങനെ അവരുടെ സംസാരത്തിനൊപ്പം അവർ അറിയാതെ തന്നെ അവരുടെ പ്ലെയിറ്റും കാലിയായി.....

""എന്നാ... മാഷേ ... ഞാനെന്നാ...ഇറങ്ങട്ടെ.... """

ഭക്ഷണം കഴിച്ചു കഴിഞ്ഞു ഉമ്മറത്തു സംസാരിച്ചോണ്ട് ഇരിക്കുന്നതിനിടയിൽ ജെയിൻ പ്രവിയോട് പറഞ്ഞു...

അവൾ പോകുകയാണെന്നു കേട്ടപ്പോൾ പ്രവിക്ക് എന്തോ നഷ്ടമായൊരു ഫീൽ അനുഭവപ്പെട്ടു...

""എന്താ പെട്ടന്ന്.... """

പ്രവി അക്ഷമയോടെ ചോദിച്ചു....

""ഇല്ല മാഷേ ... എനിക്ക് രണ്ടുമൂന്നു ഫ്രണ്ട് സ് നെ കാണാനുണ്ട് ... പിന്നെ തിരിച്ചു അവിടെ ഓടിച്ചു എത്തേണ്ടെ..... """"

ജെയിൻ പറഞ്ഞു.....

""ഉം... ""

പിന്നെ അധികം താമസിയാതെ ജെയിൻ പ്രവിയോട് യാത്രപറഞ്ഞു ഇറങ്ങി.....

ജെയിന്റെ ജീപ്പ് കണ്ണിൽ നിന്നും മായുന്നത് വരെ അവൻ ആ മുറ്റത്ത് തന്നെ നിന്നു .....

രാവിലെ മുതൽ ഉണ്ടായിരുന്ന ഉണർവ് നഷ്ടമായപോലെ തോന്നി പ്രവിക്ക്.......

"""ജെയിൻ.... അവളുടെ സാമിപ്യം .... തന്നെ വേറൊരാളാക്കി മാറ്റുകയായിരുന്നു..... """ഇത്രയും നാൾ ഒറ്റക്ക് ആണെന്ന് കരുതി ജീവിച്ച തനിക്ക് ഇപ്പൊ ആരൊക്കെ ഉള്ളപോലെ ...... പ്രവിയുടെ മനസ്സും ചിന്തകളും ഒക്കെ അപ്പുപ്പൻ തടി കാറ്റത്ത് ലക്ഷ്യമില്ലാതെ അലയുന്ന പോലെ അലഞ്ഞു ..... """"

അങ്ങനെ രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു.....

ഈ ദിവസങ്ങളിൽ അത്രയും പ്രവിയുടെ മനസ്സ് ശെരിയായ ദിശയിൽ അല്ലായിരുന്നു ....

ജോലിയൊക്കെ ഒരു അലസപരമായി കൈകാര്യം ചെയുന്ന പ്രവിയെ സഹപ്രവർത്തകർ ശ്രദ്ധിക്കാൻ തുടങ്ങി .... ഓരോരുത്തരും എന്തുപറ്റി എന്ന് പലപ്പോഴും ചോദിച്ചപ്പോഴും ....ഒന്നുല്യ എന്നരീതിയിൽ പലതും പറഞ്ഞു ഒഴിഞ്ഞുമാറി പ്രവി ....

അങ്ങനെ ഒരു ദിവസം പ്രവി ഓഫീസിൽ ഇരിക്കുമ്പോൾ.....

""എന്താ തനിക്ക് പറ്റിയത്..... ഒന്നിലും ശ്രദ്ധകേന്ദ്രികരിക്കാൻ തനിക്ക് പറ്റുന്നില്ലല്ലോ ..... ""

പ്രവിയുടെ മനസ്സ് മന്ത്രിച്ചു.....

""ജെയിൻ .... അവളാണോ തന്റെ ഉറക്കം കിടത്തുന്നത്?? ..... ആ അറിയില്ല ..... അവൾ തന്റെ ആരാ???..... ആാാ.... എവിടെനോ വന്നു എവിടേക്കോ പോയി??..... തന്റെ ആരുമല്ല അവൾ ....... പക്ഷെ തന്റെ എല്ലാം ആണ് ....... ...... അവളുടെ സാമിപ്യം താൻ ആഗ്രഹിക്കുന്നു .... അതെ ..... അവളുടെ സൗഹൃദം താൻ ആസ്വദിക്കുന്നു ...... കുറച്ചു സമയമേ അവളുമായി ഇടപഴകിയൊള്ളു എങ്കിലും ഒരായിരം വർഷം കൂടെ ഉണ്ടായിരുന്ന പോലെ.......അവൾ യാത്രപറഞ്ഞു പോയപ്പോൾ മുതൽ ആണ് തന്റെ എല്ലമാറ്റങ്ങളും ..... """

പ്രവിയുടെ മനസ് ചോദ്യങ്ങളും ഉത്തരങ്ങളും ആയി കുറെ ദൂരം സഞ്ചരിച്ചു........

ഒരുപാട് ചിന്തകൾക്കൊടുവിൽ പ്രവി തന്റെ മനസിനെ തിരികെ എത്തിച്ചു .....

പ്രവിയുടെ മേശവലിപ്പിൽ നിന്നും പ്രവി ഭദ്രമായി സൂക്ഷിച്ചു വെച്ചിരുന്ന ജെയിന്റെ കത്തുകൾ അടങ്ങിയ ഡയറി പേഴ്സ് എടുത്തു....... അതിൽ നിന്നും അവൾ തനിക്കായി എഴുതിയ കത്തുകൾ ഓരോന്നായി എടുത്തു വായിക്കാൻ തുടങ്ങി..... ഓരോന്ന് വായിക്കുമ്പോഴും അവളെ ഒരുപാട് മിസ്സ് ചെയുന്ന പോലെ തോന്നി അവനു....

അങ്ങനെ കുറച്ചു നേരം അവളുടെ കത്തുകളിൽ ലയിച്ചിരുന്നപ്പോൾ അവളുടെ മധുരനാദം കേൾക്കാനൊരു മോഹം അവനിൽ വളർന്നു .....

പെട്ടന്ന് തന്നെ പ്രവി തന്റെ മുന്നിൽ

മേശപ്പുറത്ത് ഇരിക്കുന്ന ടെലിഫോൺ ഡയറക്ടറി എടുത്തു .... അതിൽ ആൻസ് ബത്‌ലേഹം ന്റെ ഓഫീഷ്യൽ നമ്പർ തിരഞ്ഞു .... ഒരുപാട് തിരച്ചിലിനൊടുവിൽ അവന്റെ കണ്മുന്നിൽ തെളിഞ്ഞു ബത്‌ലേഹമിന്റെ ഫോൺ നമ്പർ.... അവന്റെ മനസ്സിൽ സന്തോഷത്തിന്റെ കണികകൾ വിരിഞ്ഞു ഒപ്പം അവന്റെ മുഖം പ്രസന്നമായി....

ഡയറക്ടറിയിൽ നോക്കി ഓരോ നമ്പറും കറക്കി ഡയൽ ചെയ്യാനായി റിസീവർ എടുക്കുന്നതിനു മുന്നേ....

"""ട്രിങ്..... ട്രിങ്.... ""

ഫോൺ ശബ്ദിച്ചു....

""ശ്ശ്ഹേ... ""

വളരെ സന്തോഷത്തോടെ ഫോൺ ചെയ്യാൻ ഒരുങ്ങിയ പ്രവിക്ക് ഒരു തടസ്സമെന്നനിലയിൽ കാൾ വന്നപ്പോൾ പ്രവിക്ക് ദേഷ്യം വന്നു .... പ്രവി ""ഇതാരാ ഈ നേരത്ത് ,"""എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് ഫോണിന്റെ റിസീവർ എടുത്തു ...

""ഹലോ .... ""

ഇത്തിരി ഗംഭീരം നിറഞ്ഞ ശബ്ദത്തിൽ പ്രവി ഹലോ പറഞ്ഞു....

""ഹലോ.... നാഷണൽ ടൈംസ് ന്റെ ഓഫീസ് അല്ലെ.... പ്രവിയെ ഒന്നു കിട്ടുമോ ... """

അപ്പുറത്ത് നിന്നും ഒരു കിളിനാദം......

""ഹലോ .... പ്രവിയാ സംസാരിക്കുന്നെ..... ആരാ ഇത് .... """

പ്രവി പറഞ്ഞു....

""ഓഹ് ... മാഷായിരുന്നോ..... ""

കിളിനാദം മൊഴിഞ്ഞു .....

അതുകേട്ടപ്പോൾ തന്നെ പ്രവിയുടെ മനസ്സ് ഉണർന്നു... പ്രവി അറിയാതെ തന്നെ പ്രവിയുടെ വായിൽനിന്നും ""ജെയിൻ ""എന്ന പേര് ഉച്ചരിച്ചു....

""ജെയിൻ.... താനായിരുന്നോ..... """

പ്രവി സന്തോഷം മറച്ചുവെക്കാതെ ചോദിച്ചു...

""അതെ മാഷേ....വെറുതെ ഇരുന്നപ്പോൾ മാഷേ ഒന്നു വിളിക്കാൻ തോന്നി .... """

""ഉം.... ഞാൻ ജെയിനെ വിളിക്കാൻ തുടങ്ങുക ആയിരുന്നു ....."""

""ഓഹ്.. റീയേലി.... """

""യാ.... ഡയറക്ടറി എടുത്തു നമ്പർ കണ്ടുപിടിച്ചു അവിടേക്ക് ഡെയിൽ ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഇവിടേക്ക് തന്റെ കോൾ വന്നത് .. """

""അതാണ് ജെയിൻ .... മാഷ് മനസ്സിൽ കാണുമ്പോൾ ഞാൻ അതു മാനത്ത് കാണും ..... """

""ഉം... അതെ അതെ .... "

പ്രവി ചിരിച്ചോണ്ട് പറഞ്ഞു....

""അല്ല ... മാഷെന്താ എന്നെ വിളിക്കാൻ നോക്കിയത്.... """

""അതോ.... അതു പിന്നെ.... ചുമ്മാ ഇരുന്നപ്പോൾ.... പിന്നെ തന്റെ കത്തുകൾ കണ്ടപ്പോൾ .....അല്ല പിന്നെ താൻ അന്ന് പോയിട്ട് പിന്നെ ഒരു വിവരവും അറിഞ്ഞില്ലല്ലോ ...........പിന്നെ അന്ന് എങ്ങനെ ഉണ്ടായിരുന്നു.... യാത്രയൊക്കെ സുഖമായിരുന്നോ..... """

""ഉം.... കുറച്ചു വൈകി എന്നാലും സുഖമായി എത്തി.... ""

""എങ്ങനെ പോകുന്നു മാഷേ ജോലിയും എഴുത്തുമെല്ലാം.... """

""എല്ലാം സാധാരണ പോലെ പോകുന്നു ജെയിൻ....പിന്നെ അവിടത്തെ വിശേഷങ്ങൾ ഒക്കെ ...

ഫെർണാണ്ടസ് സാർ ഒക്കെ സുഖായിരിക്കുന്നില്ലേ .... """

""അതെ മാഷേ എല്ലാവരും സുഖായിരിക്കുന്നു.... """

""ഉം ... ഇനി എന്നാ ജെയിൻ ഇങ്ങോട്ടേക്ക് ഒക്കെ ഇറങ്ങാ.... ""

""വരാം മാഷേ .... ഒഴിവു കിട്ടുമ്പോൾ ഇറങ്ങാം.... """

അങ്ങനെ ഓരോന്നു ചോദിച്ചും വിശേഷങ്ങൾ പങ്കുവെച്ചും അവരുടെ സംസാരം നീണ്ടുപോയി .....

അങ്ങനെ അന്ന് മുതൽ കത്തുകളിലൂടെയുള്ള സംസാരം മാറി ഫോൺ കോളുകൾ ആയി....

എല്ലാ ദിവസവും അവളുടെ കോൾ പ്രവിക്ക് വരാൻ തുടങ്ങി....

അങ്ങനെ കുറച്ചു ദിവസങ്ങൾ കടന്നു പോയി ...

""" ഹലോ.... ആ ജെയിൻ .... ഇന്നെന്താ നേരെത്തെ ...... """

പ്രവി ഓഫീസിൽ ഇരിക്കുമ്പോൾ പതിവിനു വിപരീതം ആയി നേരെത്തെ ജെയിന്റെ കാൾ വന്നപ്പോൾ പ്രവി അവളോട് ചോദിച്ചു....

""ആ ... മാഷേ .... അല്ല മാഷ് ഇന്ന് ഫ്രീ ആണോ... ""

പ്രവിയുടെ ചോദ്യത്തിന് മറുപടി പറയാതെ ജെയിൻ പ്രവിയോട് ചോദിച്ചു...

""എന്താ ജെയിൻ... എന്താ കാര്യം.... ""

പ്രവി ഉദ്വേഗത്തോടെ ചോദിച്ചു...

""മാഷ് ഫ്രീ ആണെങ്കിൽ ഒന്നു ലാൽ മെമ്മോറിയൽ പാർക്കിലേക്ക് വരാമോ.... """

""ഓഹ് ജെയിൻ ... അവിടെ ഉണ്ടോ.... """

""അതെ .... മാഷ്ക്ക് ഫ്രീ ആണെങ്കിൽ ഒന്നു വാ ഞാൻ അവിടെ ഉണ്ടാകും """

""ഉം... ഒരു പത്തുമിനിറ്റ്.... ഇപ്പോ വരാം.. """

""എന്നാ ശെരി ഞാൻ വെക്കട്ടെ ...... """

""ഉം ... ഓക്കേ ബൈ.... """

പ്രവി ഫോൺ വെച്ചു .... വേഗം തന്നെ മേലുദ്യോഗസ്ഥനോട് പുറത്ത് പോകുകയാണെന്നു പറഞ്ഞു പ്രവി പ്രവിയുടെ ബൈക്കും എടുത്തു ടൗണിലുള്ള ജെയിൻ പറഞ്ഞ പാർക്കിലേക്ക് വിട്ടു....

പത്തുമിനിറ്റിൻെറ ദൂരം അഞ്ചു മിനിറ്റ് കൊണ്ട് കവർ ചെയ്തു പ്രവി അവിടെ എത്തി.....

പാർക്കിന്റെ കവാടത്തിനു സൈഡിലായി പ്രവി ബൈക്ക് ഒതുക്കി വെച്ചു ....ബൈക്കിൽ നിന്നും ഇറങ്ങിയ പ്രവി അടുത്തു തന്നെ ജെയിന്റെ ജീപ്പ് കിടക്കുന്നത് കണ്ടു .... പ്രവിയുടെ മുഖം വിടർന്നു....

വള്ളിപോലെ പടർന്നു പന്തലിച്ച ഇലകളും പൂക്കളും നിറഞ്ഞു ഒരു ആർച്ചു പോലെയുള്ള പാർക്കിന്റെ മെയിൻ കവാടം കടന്നു പ്രവി അകത്തേക്ക് കടന്നു.....

ആ നേരത്ത് അധികം ആളുകൾ ഒന്നും ഉണ്ടായിരുന്നില്ല അവിടെ ..... പലനിറത്തിലുള്ള പൂക്കൾക്കൊണ്ടു നിറഞ്ഞ പൂന്തോട്ടങ്ങളും .... പിള്ളേർക്ക് കളിക്കാൻ പാകത്തിനുള്ള ചെറിയ റൈഡുകളും ..... ആ പാർക്കിൽ ഉണ്ടായിരുന്നു ....

പ്രവി അവിടെ ആകമാനം ജെയിനെ നോക്കി .... പക്ഷെ അവളെ അവിടെ കണ്ടില്ല...

അങ്ങനെ പ്രവിയുടെ മിഴികൾ ആ പാർക്കിന്റെ വർണശോഭയിൽ ജെയിനെ തേടി അലയുമ്പോൾ....അങ്ങ് കുറച്ചു മാറി ഒരു വാകമരച്ചോട്ടിൽ കീഴിൽ ചുവന്ന പരവതാനി പോലെ കൊഴിഞ്ഞുവീണ ചുവന്ന പുഷ്പങ്ങൾക്ക് മുകളിൽ ഒരു ഇളം റോസ് അനാർക്കലിയുടെ അവരണത്തിൽ തന്നെ നോക്കിയിരിക്കുന്ന ജെയിനെ പ്രവിയുടെ മിഴികളിൽ തെളിഞ്ഞു ....

അവളെ കണ്ട സന്തോഷത്തിൽ പ്രവി ആ ചുവന്ന പരവതാനിയിലൂടെ അവൾക്കരികിലേക്ക് നടന്നുനീങ്ങി....

അവളുടെ അടുത്തേക്ക് അടുക്കുംതോറും പ്രവിയുടെ മിഴികളിൽ അവളിരിക്കുന്ന വീൽചെയർ കൂടി തെളിഞ്ഞു വന്നു ..... ആ കാഴ്ച പ്രവിയുടെ കാലുകളെ നിഛലമാക്കി .......

""ജെയിൻ..... """

എന്ന് ഒരു ഞെട്ടലോടെ ചെറുശബ്ദത്തിൽ വിളിച്ചു കൊണ്ട് പ്രവി അവളുടെ മുന്നിൽ മുട്ടുകുത്തി....

""എന്തുപറ്റിയെടോ തനിക്ക്... """

വിറക്കുന്ന സ്വരത്തിൽ പ്രവി ചോദിച്ചു......

അതിനുള്ള ഉത്തരം അവൾ പറഞ്ഞില്ല പകരം അവൾ ചെറുപുഞ്ചിരി പ്രവിക്കായി സമ്മാനിച്ചു....

""എന്താ ജെയിൻ ... എന്താ പറ്റിയത് .... ഇന്നലെ വരെ വിളിച്ചപ്പോൾ ഇതേ കുറിച്ചൊന്നും പറഞ്ഞില്ലല്ലോ..... """""

അപ്പോഴും അവളുടെ മുഖം ചിരിയിൽ മുഴുകിയിരുന്നു....

""എന്തെങ്കിലും ഒന്നു പറ ജെയിൻ... """

"""ഞാൻ പറഞ്ഞാൽ മതിയോ മാഷേ??... """

പുറകിൽ നിന്നും അങ്ങനൊരു ഡയലോഗ് കേട്ടപ്പോൾ പ്രവി തല ചെരിച്ചു നോക്കി .....

പ്രവിയുടെ മിഴികൾക്ക് വിശ്വാസയോഗ്യമാവാത്ത രീതിയിൽ ഒരു ഇളം നീല അനാർക്കലിയിൽ ആ ഡയലോഗിന് ഉടമ നിൽക്കുന്നു.....

""ജെയിൻ """

പ്രവിയുടെ ചുണ്ടുകൾ മന്ത്രിച്ചു....

പുറകിൽ നിൽക്കുന്ന ആളെയും മുന്നിൽ വീൽചെയറിൽ ഇരിക്കുന്ന ആളെയും പ്രവി ഒന്നു രണ്ടുപ്രവിശ്യം മാറി മാറി നോക്കി ....

"""മാഷേ ... മാഷ് അന്വേഷിച്ചു വന്ന ജെയിൻ ഞാനാണ്.... """"

പ്രവിയുടെ കിളിപ്പാറിഇരിക്കുനത് കണ്ടു ആ പിന്നിൽ വന്നവൾ ചെറു ചിരിയോടെ പറഞ്ഞു....

""അപ്പൊ ഇതാരാ ....""എന്നരീതിയിൽ പ്രവി വീൽചെയറിൽ ഇരിക്കുന്നവളെ നോക്കി....

അതു കണ്ടപ്പോൾ ""ഞാൻ പറയാം ... ""എന്നരീതിയിൽ നോക്കികൊണ്ട് പ്രവിയുടെ അടുത്തു നിന്നവൾ മുട്ടുകാലിൽ നിൽക്കുന്ന പ്രവിയുടെ നേരെ കൈ നീട്ടി ....

പ്രവി അവളുടെ കൈയിൽ പിടിച്ചു അവിടെന്നു എഴുനേറ്റു.....

പിന്നിട് അവൾ വീൽചെയറിൽ ഇരിക്കുന്നവളുടെ അടുത്തേക്ക് ചെന്നു വീൽ ചെയറിനു അടുത്തായി മുട്ടുകുത്തി ഇരുന്നു വീല്ചെയറിയിൽ ഇരിക്കുന്നവളുടെ തോളിൽ കയ്യിട്ടു ..... പിന്നെ രണ്ടുപേരും പ്രവിയുടെ നേരെ പുഞ്ചിരിയോടെ നോക്കി ....

""ഇതാണ് മാഷേ ... ജെനി ... എന്ന ജെന്നിഫർ...... എന്റെ ഇരട്ടസഹോദരി.... """

വീൽചെയറിൽ ഇരിക്കുന്നവളെ നോക്കി അവൾ അതു പറഞ്ഞപ്പോൾ പ്രവിയുടെ മുഖം വിടർന്നു ... ഒപ്പം രണ്ടുപേരുടെയും മുഖത്തോട്ട് മാറിമാറി നോക്കി പ്രവി ......

""എന്താ ഇങ്ങനെ നോക്കുന്നെ മാഷേ.... """"

പ്രവിയുടെ നോട്ടം കണ്ടപ്പോൾ ജെയിൻ ചോദിച്ചു....

""ഇങ്ങനെ ഒരാൾ ഉള്ള കാര്യം ഇത്രയും നാൾ ആയിട്ട് എന്നോട് പറഞ്ഞില്ലല്ലോ..... """

""മാഷ്ക്ക് ഒരു സർപ്രൈസ് ആക്കട്ടെ എന്ന് കരുതി പറയാതിരുന്നതാ... ""

ജെയിൻ ചെറു ചിരിയോടെ പറഞ്ഞു....

""ഉം നന്നായിട്ടുണ്ട് സർപ്രൈസ്... "

പ്രവി ചെറു ചിരിയാൽ പറഞ്ഞു..

അതു കേട്ടപ്പോൾ ജെയിൻ ചെറു ചിരിയോടെ പ്രവിയെ നോക്കി ...

""ഹായ് ജെനി ... എന്നെ പ്രത്യേകം പരിചയപ്പെടുത്തേണ്ട കാര്യമില്ല എന്ന് തോന്നുന്നു ... എല്ലാം ജെയിൻ പറഞ്ഞിട്ടുണ്ടാകുമല്ലോ... """

ജെനിക്ക് നേരെ കൈ നീട്ടി കൊണ്ട് പ്രവി പറഞ്ഞു....

""ഉവ്വ് ... പ്രവിയേട്ട .... ഏട്ടനെ കുറിച്ച് എല്ലാം എന്റെ വാവ പറഞ്ഞിട്ടുണ്ട് ..... """എന്നാലും നമ്മൾ ആദ്യമായി കണ്ടുമുട്ടുന്ന സ്ഥിതിക്ക്......അവൾ അത്രേം പറഞ്ഞു കൊണ്ട് പ്രവിയുടെ ഷേക്ക് ഹാൻഡ് സ്വീകരിച്ചു..... ""ജെനിഫർ """ഈ കാന്താരിയുടെ ചേച്ചി """ചെറു പുഞ്ചിരിയോടെ ജെയിന് നേരെ ഒരുനിമിഷം മിഴികൾ പായിച്ചു പിന്നെ പ്രവിയുടെ മിഴികളിൽ നോക്കി ജെനി പറഞ്ഞു .......

അവളുടെ പുഞ്ചിരി സ്വികരിച്ചുവെന്നോണം പ്രവിയുടെ ചുണ്ടുകളിൽ പുഞ്ചിരി വിടർന്നു.... ഒപ്പം പ്രവി....... "" ജെയിന്റെ ഇരട്ട സഹോദരി ആണെന്നു പറഞ്ഞിട്ട് എന്താ ജെനി ചേച്ചി ആണെന്ന് പറഞ്ഞത് """ആ സംശയത്തോടെ പ്രവി ജെയിന്റെ നേരെ മിഴികൾ പായിച്ചുകൊണ്ട് """ചേച്ചി..... """എന്ന് ചോദിച്ചു......

""ആ ചേച്ചിയാ മാഷേ..... ഞാൻ ഭൂമിയിൽ കാലുകുത്തുന്നതിനു മിനിറ്റുകൾ മുൻപ് കാലു കുത്തി എന്റെ ചേച്ചി യുടെ സ്ഥാനം സ്വികരിച്ചവൾ...... അതിന്റെ ഒരു അഹങ്കാരം ഇപ്പോഴും ഉണ്ടുട്ടോ ഇവളിൽ ..... """"

ജെനിയുടെ രണ്ടുതോളിലും കൈവെച്ചു ജെനിയുടെ വീൽചെയറിനു പിറകിൽ നിന്നു കൊണ്ട് ജെയിൻ പറഞ്ഞു .....

അതു കേട്ടപ്പോൾ പ്രവി ഒന്നു പുഞ്ചിരിച്ചു ....

"""ആടി.... അഹങ്കാരം ഉണ്ട് ..... അല്ല ആ അഹങ്കാരത്തിന്റെ ആണല്ലോ ഞാൻ ഇങ്ങനെ...... """"

ജെനിയുടെ വാക്കുകൾ മുഴുവിക്കാൻ ജെയിൻ സമ്മതിച്ചില്ല..... ""ഡി ""എന്ന് ശാസന രൂപത്തിൽ ജെയിൻ വിളിച്ചു ....

അവരുടെ മുഖങ്ങളിൽ ഉണ്ടായ ഭാവമാറ്റം വായിച്ചെടുക്കാൻ പ്രവിക്ക് സാധിച്ചില്ല .....

പ്രവി പിന്നെ അതെ കുറിച്ച് ഒന്നും ചോദിച്ചില്ല .... ജെനി പ്രവിയുടെ ജോലിയെ കുറിച്ചും മറ്റും ചോദിച്ചു .... അവർ മൂന്നു പേരും സംസാരിച്ചു ഇരിക്കുന്നിതിനിടയിൽ.....

""ഓഹ് ...... മാഷേ .... എനിക്ക് ചെറിയൊരു പരിപാടി ഉണ്ടായിരുന്നു ..... """

കൈയിലെ വാച്ചിലെ സമയം നോക്കി ജെയിൻ അതു പറഞ്ഞപ്പോൾ.... പ്രവി ""എന്താ ജെയിൻ ""എന്നരീതിയിൽ അവളെ നോക്കി .....

""ഓഹ് ... ഞാൻ വന്ന കാര്യം മാഷിനോട് പറഞ്ഞില്ലല്ലേ.... """

""ഉം ഇല്ല ... """എന്ന രീതിയിൽ അവളെ നോക്കി പ്രവി.....

""എനിക്ക് ഇവിടെ യൂണിവേഴ്സിറ്റിയിൽ നിന്നും കുറച്ചു സർട്ടിഫിക്കറ്റ് കളക്ട് ചെയ്യാൻ ഉണ്ടായിരുന്നു .... അതിനാ ഇന്ന് വന്നേ ..... അവർ അവിടേക്ക് ചെല്ലാൻ പറഞ്ഞ ടൈം ആയി...."""

""അങ്ങനെ ആണേൽ ജെയിൻ പോയിട്ട് വാ ..... """

പ്രവി പറഞ്ഞു....

""അതല്ല പ്രശ്നം മാഷേ .... ഇവൾ അങ്ങോട്ട് വരുന്നില്ല എന്ന് ..... എനിക്ക് ആണേൽ ഇവിടെ ഒറ്റക്ക് ഇരുത്താനും ഒരു പേടി... """

""ഒറ്റക്ക് അല്ലല്ലോ ... ഞാനില്ലേ ഇവിടെ ..... """

""അതു .... മാഷ്ക്ക് ബുദ്ധിമുട്ട് ആവില്ലേ..... ""

""എനിക്ക് എന്തു ബുദ്ധിമുട്ട് .... ഞാൻ ഇരുന്നോളം ജെനിക്ക് കൂട്ടായി ....... """

പ്രവിയുടെ വാക്കുകൾ ജെയിനിൽ സന്തോഷം ഉളവാക്കി.... ജെയിൻ പ്രവിയോടുള്ള നന്ദി സൂചകമായി പ്രവിയുടെ മിഴികളിലേക്ക് നോക്കി ..... ആ നോട്ടം പ്രവിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ..... ഏതോ മുന്ജന്മ ബന്ധം താനും അവളും ആയി ഉണ്ടെന്നു തോന്നിപോയി പ്രവിക്കു .... താനും അവളും വെറൊതോ ലോകത്തിൽ അകപ്പെട്ടത് പോലെ ......

അവളുടെ കണ്ണുകളിലെ തിളക്കം നേരിടാനാകാതെ പ്രവി പെട്ടന്ന് നോട്ടം അവളിൽ നിന്നും മാറ്റി.... ജെയിന്റെ ആകർഷണമായ നോട്ടത്തിൽ നിന്നും അവളിൽ നിന്നും ചെറിയൊരു അകലം പാലിക്കാനായി പ്രവി .... ജെനിയെ നോക്കി ......

""അല്ല .... ഞാൻ ഇവിടെ കൂട്ടിരിക്കുന്നതിൽ ജെനിക്ക് എന്തെങ്കിലും കുഴപ്പം.... """"പ്രവി ജെയിനിൽ നിന്നും രക്ഷപെടാൻ ഒരു വിഷയം എടുത്തിട്ടു.....

""എനിക്ക് എന്ത് കുഴപ്പം ഏട്ടാ.... ഏതൊരു അനിയത്തിമാരും ആഗ്രഹിക്കുന്ന കാര്യമല്ലേ ..... ഏട്ടന്റെ മാത്രം അനിയത്തി കുട്ടിയായി കുറച്ചു സമയം ചിലവഴിക്കുക എന്നത്.... """

ജെനിയുടെ വാക്കുകൾ കേട്ടപ്പോൾ പ്രവിയുടെ മിഴികളിൽ നിന്നും ഒരു തുളി കണ്ണീർ പൊടിഞ്ഞു .....

ചെറിയ നനവുപടർന്നമിഴികളോടെ ചെറുപുഞ്ചിരിയോടെ ജെനിയെ പ്രവി നോക്കി .... അപ്പോ ജെനിയും പ്രവിയെ തന്നെ നോക്കി പുഞ്ചിരി തൂകി ഇരിക്കുകയായിരുന്നു... ജെനി പ്രവിയുടെ കൈയിൽ പിടുത്തം ഇട്ടു പ്രവിയുടെ കൈപ്പത്തിയിൽ ജെനി മുത്തം ഇട്ടു....ജെനിയുടെ ആനന്ദകണ്ണീരിലെ ഒരു തുള്ളി പ്രവിയുടെ കൈപ്പത്തിക്ക് മുകളിൽ ആയി പതിച്ചു .... അതിൽ നിന്നും പ്രവി വായിച്ചെടുത്തു ഒരു അനിയത്തിയുടെ സ്നേഹം.....

""അപ്പൊ താൻ ഒറ്റക്ക് അല്ല ഈ ജീവിതത്തിൽ....തന്നെ സ്നേഹിക്കാനും ആളുകൾ ഉണ്ട് ഒരാൾ അനിയത്തിയുടെ രൂപത്തിലും മറ്റെയാൾ തന്റെ........ തന്റെ ...... ആ അറിയില്ല...... ജെയിൻ തൻറെ ആരാണെന്നു....... """"ജെയ്ന് നിർവചനം കിട്ടാതെ പ്രവിയുടെ മനസ്സ് മന്ത്രിച്ചു ......

ആ ആലോചനയുടെ പ്രവി അടുത്ത് ഉള്ള ജെയിനിലേക്ക് നോട്ടം പായിച്ചു..... അവളും തന്റെ അതെ അവസ്ഥയിൽ ആണെന്നു അവളുടെ മുഖഭാവത്തിൽ നിന്നും പ്രവിക്ക് മനസിലായി......

""എന്നാ നിങ്ങൾ ആങ്ങളയും പെങ്ങളും സംസാരിച്ചു ഇരിക്കു...ഞാൻ വേഗം പോയേച്ചും വരാം .... ""

ജെയിൻ അതും പറഞ്ഞു ചെറു പുഞ്ചിരിയോടെ അവിടെ നിന്നും നടന്നു നീങ്ങി ....

ജെയിൻ പോയതിനു ശേഷം ജെനിയുടെയും പ്രവിയുടെയും ഇടയിൽ ചെറിയൊരു മൗനം തളം

കെട്ടി.....

"""ജെനി നമുക്ക് ഒന്നു നടന്നാലോ ...... ""

പ്രവി പറഞ്ഞപ്പോൾ ജെനി പുഞ്ചരിയോടെ ഒക്കെ പറഞ്ഞു....

ജെനിയുടെ വീൽചെയറും ഉന്തി പ്രവി ആ പാർക്കിന്റെ ഓരോ ഭാഗങ്ങളും ജെനിക്ക് കാണിച്ചു കൊടുത്തു .....

കുറച്ചു നേരം കഴിഞ്ഞപ്പോൾ ....

"""ഏട്ടന് ബുദ്ധിമുട്ട് ആയല്ലേ .... """

ജെനി പറഞ്ഞത് ശെരിക്കും കേൾക്കാതെ വന്നപ്പോൾ ""ങ്ങേ എന്ത് """എന്ന് പ്രവി ചോദിച്ചു....

""അല്ല ... എന്നെ ഇങ്ങനെ ... """

""ഓഹ് ഇതാണോ .... ""

""ഉം.... ""

""ഉം ... കുറച്ചു ബുദ്ധിമുട്ട് ആയി....""

ചെറിയ ഗൗരവത്തിൽ പ്രവി പറഞ്ഞതുകേട്ടപ്പോൾ ജെനി പ്രവിയുടെ മുഖത്തേക്ക് നോക്കി ....

കുറച്ചു നേരം പ്രവി ഗൗരവഭാവത്തിൽ നിന്നു ....

പെട്ടന്ന് .... പ്രവി ചിരിയോടെ .... ""എനിക്ക് എന്ത് ബുദ്ധിമുട്ട് ... എന്റെ അനിയത്തിയെ ഇങ്ങനെ കൊണ്ടുനടക്കുന്നതിൽ ..... എനിക്ക് സന്തോഷം ഒള്ളു ..... """"

അതു കേട്ടപ്പോൾ ജെനിയുടെ മുഖം തെളിഞ്ഞു പക്ഷെ പെട്ടന്ന് തന്നെ അവളുടെ മുഖത്ത് കാർമേഘം പരന്നു....

അതു കണ്ടപ്പോൾ പ്രവി... ""എന്താ എന്തുപറ്റി.... """എന്ന് ചോദിച്ചു....

""ഇല്ല എല്ലാവരും എന്നെ പറ്റിക്കുകയാ .... ശെരിക്കും എല്ലാവർക്കും ഞാനൊരു ഭാരമാ പക്ഷെ ആരും തുറന്നു പറയുന്നില്ല എന്ന് മാത്രം.... എല്ലാവരെയും ബുദ്ധിമുട്ടിച്ചു കൊണ്ട് ഞാനിങ്ങനെ.... """"

ജെനിയുടെ വാക്കുകൾ കേട്ടപ്പോൾ പ്രവി ഒന്നും മിണ്ടാതെ കുറച്ചു നേരം അനങ്ങാതെ നിന്നു....

പെട്ടന്നു ആണ്

""എന്റെ അനിയത്തിക്ക് കുറച്ചു കുറുമ്പു കൂടുന്നുണ്ട്.... """

എന്നും പറഞ്ഞു ജെനിയെ ആ വീൽചെയറിൽ നിന്നും പൊക്കി എടുത്തു .... ജെനി പ്രവിയുടെ കൈകളിൽ വട്ടം കിടന്നു ..... ജെനിയുടെ മുഖം ചുവന്നു തുടുത്തു .... അവളുടെ മുഖത്തിൽ നാണം ഇരച്ചു കയറി .....

""താഴെ നിർത്തു ഏട്ടാ ..... പ്ലീസ്.... """

ചെറു നാണത്തിൽ അവൾ പറഞ്ഞു....

അതു കേട്ടിട്ടും പ്രവി ഒന്നും മിണ്ടിയില്ല..... പ്രവി അവളേം കൊണ്ട് ആ പാർക്കിൽ അങ്ങനെ കുറച്ചു നേരം നടന്നു ....

""ആ ... കുറച്ചു ഭാരം ഒക്കെ ഉണ്ട്...എന്റെ അനിയത്തിക്കു... ""

സിമൻറ് കൊണ്ടുണ്ടാക്കിയ ചാരു ബെഞ്ചിൽ ജെനിയെ ചാരി ഇരുത്തിയിട്ട് പ്രവി ചെറു നീരസത്തിൽ പറഞ്ഞു .....

അതു കേട്ടപ്പോൾ ജെനിക്ക് മനസിലായി ... താൻ നേരെത്തെ പറഞ്ഞവാക്കുകൾ പ്രവിയെ വേദനിപ്പിച്ചു എന്ന് ....

""സോറി ഏട്ടാ.... """"

""ഉം ... എന്തിനാ ""

""നേരത്തെ ഞാൻ... """

"""..ഓ.... ഓരോന്ന് പറഞ്ഞിട്ട് അവളുടെ ഒരു സോറി.... """

""അതു ഏട്ടാ ... ഞാൻ .... അറിയാതെ.... സോറി ഏട്ടാ ... ""

""ഉം ... ക്ഷമിച്ചു .... പക്ഷെ ഇനി അവർത്തിക്കരുത്..... """"

""ഇല്ല ഏട്ടാ ... ഏട്ടനാണെ സത്യം...ഞാൻ ഇനി പറയില്ല... ""

പ്രവിയുടെ കൈയിൽ സത്യം ഇട്ടുകൊണ്ട് അവൾ പറഞ്ഞു...

""എന്നാ ശെരി... """

പ്രവി പറഞ്ഞു....

ആ ചാരുബെഞ്ചിൽ ഇരുന്നു അവർ കുറച്ചു നേരം ആ പാർക്കിന്റെ മനോഹാരിത കൺകുളിർമയോടെ വീക്ഷിച്ചു....

""ജെനി.... """

പ്രവിയുടെ ശബ്ദം കാതിൽ അലയടിച്ചപ്പോൾ ... ജെനി അടുത്തിരിക്കുന്ന പ്രവിയെ നോക്കി ......

""ജെനി ഇതെങ്ങന്യാ.... ""

ജെനിയുടെ അരക്ക് കീഴ്പോട്ട് ചലിക്കാത്ത കാലുകളെ നോക്കി പ്രവി ചോദിച്ചു....

അതു കേട്ടപ്പോൾ ജെനി ഒന്നും മിണ്ടിയില്ല ... വിതുരതയിലേക്ക് കണ്ണും നട്ട് ഇരുന്നു അവൾ.....

""ജെനിക്ക് പറയാൻ ബുദ്ധിമുട്ട് ആണെങ്കിൽ വേണ്ടാട്ടോ ... ഞാൻ ... """

പ്രവി പറഞ്ഞു പൂർത്തിയാകുന്നതിനു മുന്നേ ..... ""ഹേയ് എനിക്ക് ബുദ്ധിമുട്ട് ഒന്നുമില്ല ... ഞാൻ പറയാം ... """എന്ന് ജെനി പറഞ്ഞു..... എന്നിട്ട് അകലേക്ക് കണ്ണുകൾ പായിച്ചു അവൾ ....

""കേണൽ ഫെർണാണ്ടസ് നെ അറിയില്ലേ??? """

""ആ നിങ്ങളുടെ അങ്കിൾ അല്ലെ ""

""ഉം അതെ.... അങ്കിളിന്റെ പപ്പ സൂര്യനെല്ലിയിലെ ഒരു പ്ലാന്റർ ആയിരുന്നു.....അങ്കിളിന്റെ മമ്മ നേരത്തെ മരിച്ചിരുന്നു.... അങ്കിളിനു ഒരു പെങ്ങൾ ഉണ്ടായിരുന്നു .... ദേവസദസിലെ നർത്തകി മാരെ പോലും തോൽപ്പിക്കുന്ന ഒരു ദേവത .......ആൻ സെബാസ്റ്റ്യൻ.... ഒത്തിരി സൗന്ദര്യം വാരിക്കോരി കൊടുത്തു ദൈവം ആ സുന്ദരിക്കു പക്ഷെ ഒന്നു കൊടുത്തില്ല ..... ""ബുദ്ധിവളർച്ച""...... """"

അതു കേട്ടപ്പോൾ പ്രവിയിൽ ഒരു ഞെട്ടൽ ഉണ്ടായി....പ്രവി ജെനിയെ ഒന്ന് നോക്കിയിട്ട്..""ഓട്ടിസം "" ആണോ എന്നരീതിയിൽ നോക്കി...

""ഉം... ഓട്ടിസം ... എന്നു പറയാൻ പറ്റില്ല ഏതാണ്ട് അതുപോലെ.... ""

പ്രവി ""ഉം.... ""എന്ന് മൂളിയിട്ട്

ബാക്കി കേൾക്കാനായി കതോർത്തിരുന്നു...

""അനിയത്തിയുടെ ആ അവസ്ഥ ... അങ്കിളിനെ വളരെ അധികം വിഷമിപ്പിച്ചു ..... എന്നാലും അങ്കിൾ പൊന്നു പോലെ ആൻ നെ നോക്കി.... അങ്ങനെ ഇരിക്കെ അങ്കിളിനു മിലിറ്ററിയിൽ സെലെക്ഷൻ കിട്ടി .... പപ്പയുടെ സ്വത്തിനേക്കാൾ അങ്കിളിനു ഇഷ്ടം രാജ്യസേവനം ആയതോണ്ട് ആൻ നെ പപ്പയുടെ കൂടെ ആക്കി അങ്കിൾ രാജ്യസേവനത്തിനായി ഇറങ്ങി തിരിച്ചു .... അങ്ങനെ വർഷങ്ങൾ കഴിഞ്ഞു പോയി .... ഒരുനാൾ പപ്പ ഹോസ്പിറ്റലിൽ ആണെന്ന് അറിഞ്ഞു നാട്ടിൽ വന്ന അങ്കിൾ കാണുന്നത് മോർച്ചറിയിലെ തണുപ്പിൽ പപ്പയുടെ വിറങ്ങലിച്ച ശരീരമായിരുന്നു ..... ഒരു കാർ ആക്സിഡന്റിൽ പപ്പ അങ്കിളിനെ വിട്ടു പോയി ..... പിന്നെ ആ ആക്സിഡന്റിൽ ഒപ്പം ഉണ്ടായിരുന്ന ആൻ നെ കാണാനില്ല എന്നും അങ്കിൾ അറിഞ്ഞു .... പോലിസും അങ്കിളും ആൻ നെ ഒരുപാട് അന്വേഷിച്ചു എങ്കിലും കിട്ടിയില്ല ..... അങ്ങനെ പപ്പയെ അടക്കിയതിനു രണ്ടു നാൾ കഴിഞ്ഞപ്പോൾ ടൗണിൽ നിന്നും കുറച്ചു മാറി ഒരു തടാകത്തിന്റെ ഓരം ചേർന്നുള്ള കുറ്റിക്കാട്ടിൽ നിന്നും അബോധവസ്ഥയിൽ ആൻ നെ കിട്ടി ..... ഹോസ്പിറ്റലിൽ വെച്ച് അറിയാൻ കഴിഞ്ഞു ആൻ ബലാൽക്കാരമായ പീഡനത്തിന് ഇരയായിട്ടുണ്ടെന്നു.....അതു അങ്കിളിനു സഹിക്കാവുന്നതിലും അപ്പുറം ആയിരുന്നു ..... തന്റെ അനിയത്തിയെ ഈ നിലയിലാക്കിയവരെ ഇല്ലാതാക്കാൻ ഇറങ്ങി തിരിച്ച അങ്കിളിനെ അങ്കിളിന്റെ ഫ്രണ്ട് അതിൽ നിന്നും പിന്തിരിപ്പിച്ചു .... ആദ്യം ആൻ ന്റെ ജീവൻ അതു കഴിഞ്ഞു മതി പക പൊക്കൽ.... അങ്ങനെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആൻ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ആയി വീട്ടിൽ വന്നു ...... ആ സമയം ആൻ നെ ഈ നിലയിൽ ആക്കിയവനെ പോലിസ് കണ്ടുപിടിച്ചു അറസ്റ്റ് ചെയ്തു... അങ്കിളിനു അവനെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല... പക്ഷെ

കോടതിയിൽ നിന്നും ജയിലിലേക്ക് കൊണ്ടുപോകുന്ന വഴിമദ്ധ്യേ ആ നീചന്റെ ജീവൻ ദൈവം ഒരു ആക്സിഡന്റിലൂടെ അങ്ങ് എടുത്തു...... അങ്ങനെ മാസങ്ങൾ കഴിഞ്ഞു ..... ആൻ ആ ഷോക്കിൽ നിന്നും റിക്കവർ ആയി വന്നു .... പക്ഷെ അവളുടെ ഉള്ളിൽ വളരുന്ന ജീവനെ കുറിച്ചു ആരും അറിഞ്ഞിരുന്നില്ല..... ആ ആക്സിഡന്റ് കഴിഞ്ഞു മൂന്നുമാസങ്ങൾ കഴിഞ്ഞപ്പോഴാണ് അങ്കിൾ പോലും അതറിയുന്നത് ആൻ ന്റെ വയറ്റിൽ ഒരു ജീവൻ വളരുന്ന കാര്യം ...... ആൻ നുള്ള ഓട്ടിസം അവസ്ഥ ആയിരിക്കും നേരത്തെ അതിന്റെ ലക്ഷണങ്ങൾ അറിയാതിരുന്നത്... അച്ഛൻ ഇല്ലാത്ത കുഞ്ഞിനെ ആൻ പ്രസവിക്കേണ്ടി വരും എന്നറിഞ്ഞപ്പോൾ അങ്കിൾ അതിനെ ഇല്ലാതാക്കിയാലോ എന്നാലോചിച്ചു പക്ഷെ ആ ജീവൻ ഇല്ലാതാക്കാൻ ഉള്ള സമയം കഴിഞ്ഞു പോയിരുന്നു....അങ്ങനെ മാസങ്ങൾ കടന്നു പോയി ആൻ രണ്ടു പെണ്കുഞ്ഞുകൾക്കു ജന്മം നൽകി ..... അതിൽ ആദ്യത്തെ കുട്ടിക്ക് ജനിച്ചപ്പോഴേ അരക്ക് കീഴ്പ്പോട്ട് ചലനശേഷി ഉണ്ടായിരുനില്ല....."""

ജെനി പറഞ്ഞു നിർത്തി...

""അപ്പൊ ആൻ ആണോ?? നിങ്ങളുടെ .... """"

പ്രവിയുടെ വാക്കുകൾ പാതിയിൽ നിന്നു ......

ജെനി അതിന് ഉത്തരമെന്നനിലയിൽ "ഉം.. ""

എന്ന് മൂളികൊണ്ട് കണ്ണുകൾ പതിയെ അടച്ചു കാണിച്ചു ....

""അപ്പോ അമ്മ ഇപ്പോ .... """പ്രവി ചോദിക്കാൻ വന്നത് പാതിയിൽ നിർത്തി.... മുൻപ് ജെയിനോട് അമ്മയെ കുറിച്ചു ചോദിച്ചപ്പോൾ അവളുടെ കണ്ണു നിറഞ്ഞിരുന്നു... അപ്പോ അതിനർത്ഥം അമ്മ ഇപ്പോ ഇല്ലന്ന് അല്ലെ..... പ്രവിയുടെ മനസ്സ് മന്ത്രിച്ചു....

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ ജെനിയുടെ മുഖം വാടി ....

""ഉം... ഞങ്ങളുടെ ജനനവും അമ്മയുടെ മരണവും ഒരു ദിവസമായിരുന്നു ..... ഫെർണാണ്ടസ് അങ്കിളിന്റെ കൈയിലേക്ക് ഞങ്ങളെ ഏല്പിച്ചിട്ട് അമ്മ ഞങ്ങളെ വിട്ടു പോയി ...... പിന്നെ അങ്കിൾ ആണ് ഞങ്ങളെ വളർത്തിയത് .... അങ്കിളിന്റെ മക്കൾ ആയി ..... അമ്മയുടെ വേർപാടിൽ ആണ് അങ്കിൾ ആൻസ് ബത്‌ലേഹം തുടങ്ങിയത്...... """

ജെനിയുടെ വാക്കുകൾ കേട്ടിരുന്ന പ്രവിയുടെ കണ്ണുകൾ നിറഞ്ഞു .....

""ഒരു വിധത്തിൽ നോക്കുക ആണെങ്കിൽ താനും ജെനിയും ജെയിനും എല്ലാം വിധിയുടെ താണ്ഡവത്തിൽ എല്ലാം നഷ്ടപ്പെട്ടവർ ആണ് .... തുല്യ ദുഖിതർ..... """"

പ്രവിയുടെ മനസ്സ് മന്ത്രിച്ചു .....

കുറച്ചു കഴിഞ്ഞപ്പോൾ

""ഏട്ടാ """

""ഉം.. എന്താ ജെനി.... """

""ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ .... എന്റെ ഒരു ആഗ്രഹം ആണ് പറ്റില്ല എന്ന് പറയരുത് .... ""

""ഉം ... ജെനി പറയു.... """

ജെനി ചുറ്റുപാടും വീക്ഷിച്ചു....

""""ഏട്ട.....ജനിച്ചപ്പോൾ മുതലുള്ള എന്റെ ഈ വൈകല്യം .... എനിക്ക് ഒരു കുറവായിട്ട് തോന്നിയിട്ടില്ല .....അതെന്താണെന്നു അറിയോ ഏട്ടന്..... """

ജെനി പറഞ്ഞപ്പോൾ താൻ പറ എന്നമട്ടിൽ ജെനിയുടെ മുഖത്തേക്ക് നോക്കി പ്രവി....

""എന്റെ ... ജെയിൻ ... അവളാണ് അതിന് കാരണം .... എന്റെ എന്ത് അഗ്രഹവും അവൾ സാധിച്ചു തരും .....എന്റെ കുറവുകൾ ഒരു കുറവല്ല എന്ന് എനിക്ക് പഠിപ്പിച്ചു തന്നത് എന്റെ കാന്താരി ആണ് .... സ്നേഹിക്കുന്നവർക്ക് വേണ്ടി അവൾ എന്തും ചെയ്യും ..... അവളിലൂടെ ആണ് ഞാനിലോകം കണ്ടത് .... അവളാണ് എനിക്ക് എല്ലാം ..... അവൾക്കു ഞാനില്ലാതെയും എനിക്ക് അവൾ ഇല്ലാതെയും പറ്റില്ല .... പക്ഷെ അവൾക്കൊരു ജീവിതം വേണം ഞാൻ കാരണം എന്നെ നോക്കണം എന്നപേരും പറഞ്ഞു അവളുടെ ജീവിതം ഇല്ലാതെ ആകുന്നത് കാണാൻ എനിക്ക് വയ്യ..... """

ജെനി പറഞ്ഞു നിർത്തി....

""ഓഹ് അത്രയൊള്ളു കാര്യം ... നമുക്ക് അവൾക്കു വേണ്ടി നല്ലൊരാളെ കണ്ടുപിടിക്കാം .... """"

പ്രവി പറഞ്ഞു...

""നല്ലൊരാളെ കിട്ടും പക്ഷെ .... ""

ജെനി പാതിയിൽ നിർത്തി

""""ജെനിയുടെ അവസ്ഥ മനസിലാക്കി ജെനിക്ക് ഒരു പെങ്ങളുടെ സ്ഥാനം നൽകി ജെയിനെ ജീവിതപങ്കാളി ആയി കൂടെ കൂട്ടാൻ കഴിയുന്ന ആരേലും കിട്ടുമോ എന്ന് നോക്കാം ..... """"

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ ജെനിയുടെ മുഖത്ത് ചെറുചിരി വിടർന്നു.....

""ആ അങ്ങനത്തെ ആളേയ വേണ്ടത്..... """

ജെനി പറഞ്ഞു...

""ആ നമുക്ക് കണ്ടുപിടിക്കാമാടോ.... അങ്ങനെ ഒരാളെ.... """"

""ആ ... അങ്ങനെ ഒരാളെയാ ഞാൻ കുറച്ചു നാളുകളായി അന്വേഷിച്ചു കൊണ്ടിരുന്നത് .... ഇപ്പൊ എനിക്ക് കിട്ടുകയും ചെയ്തു..... """

ജെനി കള്ളച്ചിരിയോടെ പറഞ്ഞു....

ജെനി പറഞ്ഞത് എന്താണെന്നു മനസിലാകാതെ പ്രവി അവളെ നോക്കി ഇരുന്നു .....

""ഏട്ടാ ..... എനിക്ക് ഒരു ആങ്ങളയായി എന്റെ കുറുമ്പിക്ക് ഒരു കൂട്ടായി അവളുടെ ജീവിതപങ്കാളിയായി ഞങ്ങളുടെ ഇടയിലേക്ക് വന്നൂടെ എന്റെ ഈ ഏട്ടന് ..... """"""""

ജെനിയുടെ വാക്കുകൾ പ്രവിയെ നിചലം ആക്കി .....

""ഞാനോ... ജെനി എന്തൊക്കെയാ... ഞാൻ എങ്ങനെ... """

""എതിർ ഒന്നും പറയേണ്ട ഏട്ടാ ... എനിക്ക് അറിയാം ഏട്ടന് അവളെ ഇഷ്ടം ആണെന്നു .... നിങ്ങളുടെ രണ്ടുപേരുടെയും സംഭാഷണത്തിൽ നിന്നും ഏട്ടന്റെ നോട്ടത്തിൽ നിന്നും എല്ലാം ഞാൻ മനസിലാക്കിയിരുന്നു.... അവൾക്കു എന്തുകൊണ്ടും യോജിച്ച ഒരാളാണ് ഏട്ടൻ ..... """

"""ജെനിയുടെ വാക്കുകൾ സത്യം ആയിരുന്നു ...... താൻ ജെയിനെ പ്രണയിച്ചിരുന്നു .... അവളുടെ കത്തുകൾ വായിച്ചനാൾ മുതൽ അവൾ തൻറെ മനസിലുണ്ട്.... അവൾ ആണ് തന്റെ ജീവിതപങ്കാളി..... """"പ്രവിയുടെ മനസ് മന്ത്രിച്ചു.....

""ജെനി പറഞ്ഞത് ഒക്കെ ശെരിയായിരിക്കും ... പക്ഷെ ജെയിൻ അവൾക്ക് ഇത് ഇഷ്ടവുമൊ..... """

""ഓഹ്... സമാധാനം ആയി ... അപ്പൊ ഏട്ടന് താല്പര്യം ഉണ്ടല്ലേ .... """

ജെനി ഒരു നെടുവീർപ്പോടെ ഭയങ്കര സന്തോഷത്തോടെ പറഞ്ഞു....

പ്രവി അതിന് ഉത്തരം പറയാതെ ഒന്നു പുഞ്ചരിച്ചു....

""ഏട്ടൻ പേടിക്കേണ്ട .... ഞങ്ങൾ രണ്ടു ശരീരം ആണെന്നൊള്ളു ഒരേ മനസാ ഞങ്ങളുടെ .... അവൾക്കു ഒരു ഇഷ്ടക്കുറവും ഉണ്ടാവില്ല......""

ജെനി പറഞ്ഞു ....

""ഉം.... ""

പ്രവി ഒന്നു മൂളി.... പിന്നെ കുറച്ചു നേരം രണ്ടുപേരും സംസാരിച്ചില്ല....

""ഏട്ടാ .... ഞാൻ അവളോട് സൂചിപ്പിക്കാം... അവളുടെ മനസ്സ് ഒന്നു അറിയാം .... പക്ഷെ പ്രൊപ്പോസ് ഏട്ടൻ നേരിട്ട് ചെയ്യണം"""

ജെനി പറഞ്ഞപോൾ പ്രവി തലയാട്ടി....

""ആ....രണ്ടാളും ഇവിടെ വന്നിരിക്കുക ആണോ ....ഞാൻ എവിടൊക്കെ തിരക്കി.... """"

പെട്ടന്ന് ആണ് ജെയിന്റെ സ്വരം അവരുടെ കാതുകളിൽ പതിച്ചത് ... അവർ നോക്കിയപ്പോൾ കുറച്ചു പേപ്പറുകൾ കൈയിൽ പിടിച്ചു ജെയിൻ അവരുടെ മുന്നിൽ നിൽക്കുന്നു .....

""ആ നീ വന്നോ.... കിട്ടിയോഡി സർട്ടിഫിക്കറ്റ് ഒക്കെ... ""

ജെനി അവളോട് ചോദിച്ചു...

""ആ കിട്ടി.... ""

""ജെനിയുമായി നേരെത്തെ സംസാരിച്ച കാര്യങ്ങൾ മനസ്സിൽ കിടക്കുന്നത് കൊണ്ട് പ്രവിക്ക് ജെയിനെ ഫേസ് ചെയ്യാൻ ഒരു മടി പോലെ.... """

""ഇതെന്താ മാഷ് മിണ്ടാതെ ഇരിക്കുന്നേ ""

ജെയിന്റെ വാക്കുകൾ കേട്ടപ്പോൾ

""ആ ജെയിൻ വന്നോ .... """ എന്ന് പെട്ടന്ന് ചോദിച്ചു പ്രവി ....

""ആ ഞാൻ വന്നു ... മാഷ് ഈ ലോകത്ത് ഒന്നും അല്ലല്ലോ ... എന്താടി ... നീ എന്റെ മാഷിനോട് വല്ല കഥയും പറഞ്ഞു പേടിപ്പിച്ച....""

ജെയിൻ അവർക്കിടയിൽ ഇരുന്നു കൊണ്ട് ചോദിച്ചു...

""അയ്യോ ഞാനൊന്നും പറഞ്ഞില്ല... കഥയൊക്കെ മാഷുടെ ഡിപ്പാർട്മെന്റ് അല്ലെ എനിക്ക് അതിൽ പിടിപാടില്ലല്ലോ.... """

ജെനി ചെറുചിരിയോടെ പറഞ്ഞു....

അതു കേട്ടപ്പോൾ പ്രവിയും ഒന്നു പുഞ്ചിരിച്ചു....

"""ഉം .... ശെരി...മാഷ്ക്ക് ധൃതി ഉണ്ടോ .... """

ജെയിൻ ചോദിച്ചു.....

""ഇല്ല എന്താ ജെയിൻ... """

""അല്ല ... ധൃതി ഉണ്ടേലും കുഴപ്പമില്ല ... ഇന്ന് മാഷിനെ ഞാൻ എവിടേക്കും വിടില്ല .... ഇന്ന് നമുക്ക് മൂന്നുപേർക്കും ഈ ടൗണിൽ ഒന്നു കറങ്ങാം...ചെറിയൊരു ഷോപ്പിങ്ങും... എല്ലാം ഈ ജെയിന്റെ ചിലവ്.....""

ചെറു ചിരിയോടെ ജെയിൻ പറഞ്ഞു.....

""ചിലവൊ??? ....."""

ജെനി ചോദിച്ചു...

'''ഈ വരുന്ന സൺഡേ ഞാൻ പോവല്ലേ...... """"

ജെയിൻ പറഞ്ഞു....

അതുകേട്ടപ്പോൾ .... ""ജെയിൻ താൻ രണ്ടുമാസം കഴിഞ്ഞല്ലേ ജോയിൻ ചെയ്യും എന്ന് പറഞ്ഞത് .... ""പ്രവി ചോദിച്ചു....

""അതെ ... പക്ഷെ നേരെത്തെ ആക്കി ... ഹോസ്പിറ്റലിൽ ചെല്ലാൻ പറഞ്ഞു വിളിച്ചു.... """"

"ഓഹോ.... """

ആ വാർത്ത പ്രവിയുടെ മനസ്സ് തകർത്തു... പെട്ടന്ന് അവൾ പോകുക ആണെന്നു കേട്ടപ്പോൾ .....

ജെനിയും ആ വാർത്ത ആദ്യമായി കേൾക്കുക ആണെന്നു ജെനിയുടെ മുഖഭാവത്തിൽ നിന്നും മനസിലായി....

പിന്നെ അവർ അധികം സംസാരിച്ചില്ല .... അവർ മൂന്നുപേരും കൂടി ജെയിന്റെ ജീപ്പിൽ ആ ടൗണിൽ കറങ്ങി ... പിന്നെ ഷോപ്പിംഗ് ... ഫുഡിങ് ഒക്കെ ആയി അവർ ആ ദിവസം അടിച്ചുപൊളിച്ചു.....

""മാഷേ .... സൺഡേ വരില്ലേ എന്നെ യാത്രയാക്കാൻ..... """"

കറക്കം ഒക്കെ കഴിഞ്ഞു സന്ധ്യക്ക് പാർക്കിനു മുന്നിൽ ഇരിക്കുന്ന പ്രവിയുടെ ബൈക്കിനരികിൽ നിർത്തി കൊണ്ട് ജെയിൻ ചോദിച്ചു....

""വരാം.... ""

പ്രവി പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.....

ജീപ്പിൽ നിന്നും ഇറങ്ങിയ പ്രവിയോട് ജെയിനും ജെനിയും സൺഡേ കാണാം എന്ന് പറഞ്ഞു.....

""ശ്രദ്ധിച്ചു പോയിട്ട് വാ.... """

പ്രവി അത്രേം മാത്രം പറഞ്ഞു...

അതു കേട്ട അവർ പ്രവിയോട് പുഞ്ചിരിയോടെ യാത്രപറഞ്ഞു പോയി....

അവരുടെ വാഹനം പ്രവിയുടെ കണ്ണിൽ നിന്നും മാഞ്ഞു......

പ്രവി തന്റെ ബൈക്കിനരുകിൽ വന്നു ..... ""ജെയിൻ .... അവൾ പോകുന്നു .... അവൾ പോകുന്നതിനു മുന്ന് തന്റെ ഇഷ്ടം അവളെ അറിയിക്കണം ..... നേരെത്തെ ഉള്ള യാത്രയിൽ ഉടനീളം ജെനി തന്നോട് ഇടയ്ക്കു ഇടക്ക് പറഞ്ഞിരുന്നു അവളെ പ്രൊപ്പോസ് ചെയ്യാൻ .... ആ സമയം അതിന് കഴിഞ്ഞില്ല....അല്ല അങ്ങനൊരു സിറ്റുവേഷൻ ഞങ്ങൾക്കിടയിൽ വന്നില്ല എന്ന് വേണം പറയാൻ ...... ഇനി കുറച്ചു ദിനങ്ങൾ മാത്രം .... അവസാനം യാത്രപറഞ്ഞു പോകുമ്പോഴും ജെനി ഒച്ചപ്പുറത്ത് കേൾക്കാതെ ചുണ്ടനക്കിയത് ആ കാര്യത്തിന് ആണ് ....... ജെനി പറയുന്ന പോലെ ജെയിന് തന്നെ ഇഷ്ടമാണോ.... അറിയില്ല .... പക്ഷെ യാത്രപറഞ്ഞപ്പോൾ അവളുടെ മുഖഭാവം ശ്രദ്ധിച്ചോ.... നിന്നെ പിരിയുന്നതിലുള്ള വേദന അവളുടെ മുഖത്ത് പ്രകടം ആയിരുന്നു..... """

പ്രവിയുടെ ഉള്ളിൽ നിന്നാരോ പറയുന്ന പോലെ പ്രവിക്ക് തോന്നി...... കുറച്ചു നേരം ആ ഇരുട്ടിൽ പ്രവി നിന്നു പിന്നെ ബൈക്ക് എടുത്തു വീട്ടിലേക്ക് യാത്രയായി......

അങ്ങനെ ദിനങ്ങൾ കൊഴിഞ്ഞു വീണു.....

അങ്ങനെ ജെയിൻ ബാംഗ്ലൂർ പോകാനുള്ള ദിവസം വന്നെത്തി....

ഈ കഴിഞ്ഞ ദിവസങ്ങളിൽ ജെയിനുമായി ഫോണിൽ സംസാരിച്ചു എങ്കിലും അവളോടുള്ള ഇഷ്ടം അവൻ പങ്കുവെച്ചില്ല ..... വിളിക്കുമ്പോൾ ഒക്കെ ജെനി അവനെ അതു ഓർമിപ്പികാറും ഉണ്ടായിരുന്നു.....

അങ്ങനെ ജെയിൻ പറഞ്ഞത് അനുസരിച്ചു ജെയിൻ റെയിൽവേ സ്റ്റേഷനിൽ എത്തുന്ന സമയം നോക്കി പ്രവി വീട്ടിൽ നിന്നും ബൈക്കും എടുത്തു ഇറങ്ങി....

സമയം സന്ധ്യയോട് അടുക്കുന്നുണ്ടായിരുന്നു...

റെയിൽവേ സ്റ്റേഷനിലെ പാർക്കിങ് ഏരിയയിൽ ബൈക്ക് ഒതുക്കിയിട്ട് പ്രവി റെയിൽവേ സ്റ്റേഷൻന്റെ അകത്തേക്ക് കയറി ..... അവിടെ ടിക്കറ്റ് കൌണ്ടറിൽ നിന്നും പ്ലാറ്റ്ഫോം ടിക്കറ്റും ... ബാംഗ്ലൂർലേക്ക് ഉള്ള ട്രെയിൻ വരുന്ന പ്ലാറ്റഫോമും ചോദിച്ചറിഞ്ഞു .... അവർ പറഞ്ഞ പ്ലാറ്റഫോമിലേക്ക് പ്രവി സഞ്ചരിച്ചു....

പ്ലാറ്റഫോറമിലുടെ ഉള്ള കുറച്ചു നടത്തിനൊടുവിൽ അകലേ കുറച്ചു മാറി കസേരകൾ കൂട്ടിയിട്ടിരിക്കുന്നതിനു അടുത്തായി വീൽ ചെയറിൽ ജെനി ഇരിക്കുനത് പ്രവിയുടെ മിഴികളിൽ തെളിഞ്ഞു .. ....

പ്രവി അവിടേക്ക് നടന്നു ....

""ഹായ് ഏട്ടാ... """

പ്രവിയെ കണ്ടപ്പോൾ ജെനി ചെറു ശബ്ദത്തിൽ പറഞ്ഞു...

""ജെനി.... ""

പ്രവി അവൾക്കരികിൽ ചെന്നു അവളുടെ തലയിൽ തലോടി....

""വന്നിട്ട് കുറച്ചു നേരം ആയോ "'

പ്രവി ചോദിച്ചു...

""ആ കുറച്ചായി.... ""

""ആ ഏട്ടാ ... ഇതാണ് അപ്പുവേട്ടൻ.... """

ജെനി പറഞ്ഞപ്പോൾ ആണ് ജെനിയുടെ അടുത്ത് നിൽക്കുന്ന അപ്പുവേട്ടനെ പ്രവി കാണുന്നത് ....

പ്രവി അപ്പുവേട്ടനും ആയി പരിചയപ്പെട്ടു....

(അപ്പുവേട്ടൻ അവരുടെ ഡ്രൈവർ ആണ് .... ഫെർണാണ്ടസ് അങ്കിളിന്റെ അടുത്ത കൂട്ടുകാരനും )

""അല്ല ജെനി അങ്കിൾ വന്നില്ലേ??.. ""

"""ഇല്ല ഏട്ടാ അങ്കിൾ തിരുവനന്തപുരം പോയിരിക്കുന്നു..... ""

""ഉം..... അല്ല യാത്രപോകാൻ വന്ന ആൾ എവിടെ.... "'

ചുറ്റുപാടും കണ്ണുകൾ കൊണ്ട് വീക്ഷിച്ചുകൊണ്ട് പ്രവി ചോദിച്ചു...

"'ഉം.. ഉം...ആളെ  കാണാണ്ട് മനം തുടിക്കുന്നുണ്ടല്ലോ പ്രവിയേട്ടന്റെ...""

ചെറു ചിരിയോടെ ജെനി  അതുപറഞ്ഞപ്പോൾ ""ഹേയ്"" .അവൻ വിളറിയ ഒരു ചിരിയോടെ നിഷേധിച്ചു

""ഉവ്വ... മനസ്സിലുള്ളത് ആ കണ്ണിലും ശരീരത്തും പ്രതിഫലിക്കുന്നുണ്ട് പ്രവിയേട്ട....."""

ജെനി ചെറുചിരിയാൽ പറഞ്ഞപ്പോൾ പ്രവിയുടെ മുഖം നാണത്താൽ തിളങ്ങി....

പിന്നെ പ്രവി ഒന്നും ചോദിച്ചില്ല ....ജെനിയെ നോക്കും തോറും തനിക്ക് പതർച്ച വരുന്നുണ്ടെന്നു മനസിലായ പ്രവി പതുക്കെ കണ്ണുകളുടെ ചലനം ജെനിയിൽ മാറ്റി അവിടെ ഇവിടെ ആയി നിൽക്കുന്നവരിലേക്കും തിങ്ങി നിറഞ്ഞു പോകുന്ന ട്രെയിൻ ബോഗികളിലേക്കും ആക്കി....

""ഏട്ട...."""

പ്രവിയുടെ ഇടതു കൈയിൽ പിടിച്ചു ജെനി ചെറു ശബ്ദത്തിൽ വിളിച്ചു...

അതു കേട്ടപ്പോൾ പ്രവി തലചെരിച്ചു അവളെ നോക്കി ...

പ്രവി നോക്കിയപ്പോൾ അവൾ കണ്ണുകൾ താഴ്ത്തി നേരെ എതിർശത്തെ അകലേക്ക് നോക്കി എന്നിട്ട് ""അവിടെ ഉണ്ട് """

ചെറു പുഞ്ചിരിയിൽ പറഞ്ഞു...

പ്രവി ജെനി നോക്കിയ ഭാഗത്തേക്ക് നോക്കി ... അവന്റെ കണ്ണുകൾ റയിൽവേ ട്രാക്കും പിന്നിട്ട് അപ്പുറത്തെ ടാറിങ് റോഡും പിന്നിട്ട് .... ഒരു തണൽ മരത്തിനു കീഴിൽ വെള്ളപൂശിയ ചെറിയ കപ്പേളയുടെ അടുത്ത് എത്തി...

""ട്രെയിൻ വരാൻ ലേറ്റ് ആകും... ഒന്നു പാർത്ഥിച്ചേച്ചും വരാം എന്ന് പറഞ്ഞു പോയതാ.... ""

ജെനി പറഞ്ഞു....

""ഉം.... '''

പ്രവി ഒന്നു മൂളി...

""ഏട്ടാ,ഒന്നു പോയേച്ചും വാ... '''

ജെനിയുടെ കണ്ണുകളിൽ അവൻ കണ്ടു ആ വാക്കുകൾ ....

പ്രവി ചെറു പുഞ്ചിരി അവൾക്കായി സമ്മാനിച്ചിട്ട് ... പതിയെ അവിടേക്ക് നടന്നു.....

റയിൽവേ ട്രാക്കിന്റെ ഫ്ലൈ ഓവർ വഴി പ്രവി ആ റോഡ് സൈഡിൽ എത്തിച്ചേർന്നു.... ആ റോഡ് ക്രോസ്സ് ചെയ്തു പ്രവി ..... ആ വെള്ളപൂശിയ കപ്പേളക്ക് അരികിലേക്ക് നടന്നടുത്തു.....

ഒരു പീച്ച് കളർ ഷർട്ട് നു മുകളിൽ ഫുൾ കൈ നീളം കൂടിയ ഫ്രണ്ട് ഓപ്പൺ ലൈറ്റ് ബ്രൗൺ കളർ കോട്ടൺന്റെ ഓവർ കോട്ടും .... ആ ഓവർ കോട്ടിനു ചേരുന്ന തരത്തിൽ ഉള്ള വെള്ളയും ലൈറ്റ് ചാരയും പിന്നെ പീച്ച് നിറവും ഇടകലർന്ന ചെറിയ നീളത്തിൽ ഉള്ള സ്കാർഫ് കഴുത്തിൽ ചുറ്റിയ നിലയിൽ ..... ഇതിനെല്ലാം പുറമെ ഒരു വൈറ്റ് ജീൻസും ...... ആ ഡ്രെസ്സിൽ ജെയിനെ കാണാൻ പ്രത്യേക ഭംഗിയായിരുന്നു......

പ്രവിക്ക് സൈഡ് തിരിഞ്ഞു നിന്നു കപ്പേളക്കു മുന്നിലായുള്ള ട്രെയിൽ മെഴുകുതിരി കത്തിക്കുന്ന തിരക്കിലായിരുന്നു ജെയിൻ.....

പ്രവി അവൾക്കരികിൽ ചെന്നു അവളുടെ അടുത്ത് നിന്നു കൊണ്ട് കപ്പേളയിൽ നോക്കി ഒന്നു പാർത്ഥിച്ചു..... പിന്നെ പ്രവി അവളുടെ നേരെ കണ്ണുകൾ പായിച്ചു ..... പ്രവി വന്നത് പോലും അറിയാതെ .... ചെയുന്ന ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു അവൾ.....

ഒന്നു ചെറുതായി വീശിയ കാറ്റിൽ അവളുടെ മുടിയിഴകൾ ഒന്നു പാറി പറന്നു ...... അവളുടെ മുഖത്ത് ആ ഇളം കാറ്റ് തഴുകി തലോടി കടന്നു പോയി...... ഒപ്പം അവളുടെ ഇടതു സൈഡിലായി അവൾക്കു തോന്നിയ ചെറിയ നിഴൽസ്പർശം അവളെ അങ്ങോട്ട് നോക്കാൻ പ്രേരിപ്പിച്ചു...

തനെ തന്നെ നോക്കി നിൽകുന്ന പ്രവിയെ കണ്ട അവളുടെ മുഖം വിടർന്നു .....

""ഇച്ചായൻ... ""

ശബ്ദം പുറത്തു വരാത്ത രീതിയിൽ അവളുടെ ചുണ്ടുകൾ മന്ത്രിച്ചു.....

അവളുടെ ചുണ്ടുകൾ ചലിക്കുന്നത് കണ്ട പ്രവി അവൾ എന്താ തന്നെ വിളിച്ചേ എന്ന് ഓർത്ത് നോക്കെ.....

""ആ മാഷായിരുന്നുവോ... എപ്പോ വന്നു?? .... ജെനി പറഞ്ഞരിക്കും അല്ലെ ഞാൻ ഇവിടെ ഉണ്ടെന്നു... ""

ഒറ്റയടിക്ക് ജെയിൻ പറഞ്ഞപ്പോൾ എല്ലാത്തിനും ഒന്നു തലക്കുലുക്കിയിട്ട് ""ദേ ഇപ്പോ വന്നേയൊള്ളൂ.... ""എന്ന് പറഞ്ഞു ....

""ട്രെയിൻ ലേറ്റ് ആണുലെ..... ""

""ഉം ... ഒരുമണിക്കൂർ വൈകും എന്ന് അനോൻസ്‌മെന്റ് കേട്ടു.... എന്നാ പിന്നെ അവിടെ ഇരുന്നു ബോറടിക്കേണ്ട ഇവിടെ ദൈവവും ആയി കത്തി വെച്ച് ഇരിക്കാം എന്ന് വിചാരിച്ചു.... "'

ചെറു നർമംകലർന്ന രീതിയിൽ ജെയിൻ അതു പറഞ്ഞപ്പോൾ പ്രവിയും അവളുടെ നർമത്തിൽ പങ്കുചേർന്നു ""എന്നിട്ട് കത്തി വെച്ച് കഴിഞ്ഞോ...?? ""പ്രവി പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു .....

""ഉം .. കഴിഞ്ഞു... """

ജെയിൻ അതെ രീതിയിൽ പറഞ്ഞു.....

പ്രവി അവളുടെ പുഞ്ചിരി നിറഞ്ഞ മുഖത്തേക്ക് നോക്കി.... ഒരു നിമിഷം പ്രവി അവളുടെ നിഷ്കളങ്കമായ മുഖം നോക്കി നിന്നുപോയി..... പ്രവിയുടെ നോട്ടം ദർശിച്ച അവൾ പ്രവിയോട് ""എന്താ "" എന്നർത്ഥത്തിൽ കണ്ണു കാണിച്ചു....

അവൻ ""ഒന്നൂല്യ "" എന്നർത്ഥത്തിൽ കണ്ണുകൾ ചിമ്മി അടച്ചു.....

ആ നോട്ടത്തിനു ശേഷം .. അവരുടെ ഇടയിൽ ചെറിയൊരു മൗനം തളംകെട്ടി നിന്നു.....

രണ്ടുപേർക്കും എന്തൊക്കെ പറയണം എന്നുണ്ട് പക്ഷെ എന്തൊ രണ്ടുപേർക്കും പറ്റുന്നില്ല

""ജെയിൻ.... """

മൗനം ഭേദിച്ചു കൊണ്ട് പ്രവി ജെയിനെ വിളിച്ചു.....

പ്രവിയുടെ വിളി കെട്ട ജെയിൻ പ്രവിയുടെ മുഖത്തേക്ക് നോക്കി...

"""ജെയിൻ ... എനിക്ക് തന്നോട് ഒന്നു സംസാരിക്കണം ...... """

പ്രവി പറഞ്ഞു....

""പ്രവി എന്താ പറയാൻ പോകുന്നത് എന്ന് അവൾക്ക് നിച്ഛയം ഉണ്ടായിരുന്നു...... """"

അവൾ സൈഡിലേക്ക് കപ്പേളയുടെ ഉള്ളിലേക്ക് ഒന്നു നോക്കിയിട്ട് ഒന്നു കണ്ണുകൾ അടച്ചു തുറന്നു ...

അവളുടെ പ്രവർത്തി കണ്ട പ്രവി ഒരു നിമിഷം നിന്നു...

""മാഷേ..... മാഷ്ക്ക് ... എന്നോട് സംസാരിക്കാൻ ഒരു മുഖവരയുടെ ആവിശ്യം ഇല്ല മാഷ്ക്ക് ധൈര്യം ആയി എന്തും തുറന്നു ചോദിക്കാം എന്നോട്.... """"

ജെയിൻ ഒന്നു പറഞ്ഞു നിർത്തിയപ്പോൾ പ്രവിക്ക് ഒരാശ്വാസം തോന്നി .....

പ്രവി അവളു കാണാതെ പുറകിൽ പിടിച്ചിരുന്ന അവൾക്കായി മാത്രം കൊണ്ടുവന്ന ചുവന്ന പനിനീർപൂവ് മുൻപിലേക്ക് കൊണ്ടുവരാൻ തുടങ്ങിയതും....

""പക്ഷെ മാഷേ ..... ഇപ്പോ മാഷ് പറയാൻ വന്ന കാര്യം എനിക്ക് കേൾക്കേണ്ട...... """

ജെയിൻ എന്തൊ ഉറപ്പിച്ചത് പോലെ പറഞ്ഞപ്പോൾ പ്രവി ഒന്നു പതറി....

അത്ര നേരം കണ്ട ജെയിൻ അല്ല പിന്നെ പ്രവി കണ്ടത് .... പുഞ്ചിരിച്ച മുഖം ഒക്കെ മാറി.....

""ജെയിൻ.... എന്ത്.... ""

അവളുടെ ഭാവമാറ്റത്തിൽ പതറിയ പ്രവി പെട്ടന്ന് ചോദിച്ചു....

"""മാഷ്ക്ക് എന്നെ ഇഷ്ടം ആണെന്നല്ലെ പറയാൻ വന്നത് ....."""

ജെയിൻ അതു പറഞ്ഞപ്പോൾ പ്രവി തലകുനിച്ചു അതെ എന്നർത്ഥത്തിൽ....

""എന്നാൽ മാഷ് കേട്ടോ ..... എനിക്ക് ഇഷ്ടമല്ല മാഷിനെ....... പിന്നെ മാഷും എന്റെ പുന്നാര ചേച്ചിയും കൂടി ഇതിനായി ഇനി എന്റെ പുറകെ നടക്കേണ്ട ..... നടക്കില്ല... എനിക്ക് അതിന് താല്പര്യം ഇല്ല .... ""

ജെയിൻ എടുത്തടിച്ച പോലെ പറഞ്ഞപ്പോൾ പ്രവി ആകെ തകർന്നു പോയി.......

""ജെയിൻ.... """

പ്രവിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.......

ആ വിളി കേട്ടിട്ടും അവൾ പ്രവിക്ക് മുഖം കൊടുക്ക്കാതെ ദേഷ്യം പ്രകടിപ്പിച്ചു നിന്നു ...

""ജെയിൻ .... തന്നെ അറിഞ്ഞനാൾ മുതൽ മനസ്സിൽ ഞാൻ പോലും അറിയാതെ കയറിയത തന്റെ രൂപം...... ഒരിക്കലും അർഹത ഇല്ലെന്നു അറിഞ്ഞിട്ടും എന്തോ ഒരിഷ്ടം മനസ്സിൽ നിറഞ്ഞു.....ജെനി അവളാണ് എന്റെ മനസിലെ ഇഷ്ടം പുറത്തു കൊണ്ടുവന്നത് ഞാൻ പോലും അറിയാതെ...... തന്നെ കല്യാണം കഴിക്കാനുള്ള യോഗിത ഇല്ലെന്നു അറിഞ്ഞിട്ടും എന്റെ മനസ്സ് തന്നോട് കൂടുതൽ അടുത്തു....... എന്റെ മനസിലെ ഇഷ്ടവും ജെനിക്ക് തന്നോടുള്ള സ്നേഹവും എന്നെ ഇതിൽ കൊണ്ടെത്തിച്ചു ..... ഞാൻ ചെയ്തത് തെറ്റായി പോയെങ്കിൽ ജെയിൻ എന്നോട് ക്ഷമിക്കണം .... ഇനി ഒരിക്കലും തന്റെ ഇഷ്ടത്തിന് എതിരായി ഞാൻ പ്രവർത്തിക്കില്ല .... """""

പ്രവി പറഞ്ഞു നിർത്തി .... അപ്പോഴും പ്രവിയുടെ വാക്കുകൾ കേട്ട് അവൾ പ്രവിക്ക് മുഖം കൊടുക്കാതെ നിന്നു....

""പക്ഷെ ജെയിൻ .... എനിക്ക് ഒന്നു അറിയണം .... എന്തിനാ ജെയിൻ എന്റെ മുന്നിൽ കള്ളം പറയുന്നത് എന്ന് .. ..... """"

അതു കേട്ടപ്പോൾ ജെയിൻ....

""കള്ളമോ ??? ഞാനോ...."" പെട്ടന്ന് പ്രവിയുടെ മുഖത്തേക്ക് നോക്കി ചോദിച്ചു....

"അതെ ജെയിൻ... കള്ളം.....എന്നെ ഇഷ്ടമല്ല എന്ന കള്ളം..... """

പ്രവി അവളുടെ മുഖത്ത് നോക്കി പറഞ്ഞു....

""മാഷ് ഇതെന്തൊക്കെയാ പറയുന്നേ ... ഞാൻ കള്ളം ഒന്നും പറഞ്ഞിട്ടില്ല .... ""

"'അപ്പൊ പിന്നെ എന്തിനാ എനിക്ക് മുഖം കൊടുക്കാതെ നിന്നത് .... നിന്റെ ഈ കണ്ണുകൾ നിറഞ്ഞത് ഞാൻ കാണാതിരിക്കാൻ അല്ലെ... """

ജെയിന്റെ നിറകണ്ണുകളിലേക്ക് ചൂണ്ടിക്കൊണ്ട് പ്രവി പറഞ്ഞു....

""എന്റെ കണ്ണുകൾ ഒന്നും നിറഞ്ഞിട്ടില്ല.... """

അവൾ അതും പറഞ്ഞു നിറകണ്ണുകൾ കൈ കൊണ്ട് തുടച്ചു.....

""ട്രെയിൻ വരാൻ ടൈം ആയി ... ഞാൻ പോകുന്നു... "'

ജെയിൻ വേഗം അതു പറഞ്ഞു പ്രവിയെ കടന്നു നടന്നു നീങ്ങി....

""ജെയിൻ.... "'

പ്രവി പുറകിൽ നിന്നും വിളിച്ചപ്പോൾ അവൾ ഒന്നു നിന്നു....

"'ജെയിൻ .... നിനക്ക് എന്നെ ഇഷ്ടമാണെന്നു അറിയാം .... വേറൊന്തോ കാരണങ്ങൾ കൊണ്ടാണ് നിയത് വേണ്ടാന്നു വെക്കുന്നത് എന്ന് എനിക്ക് മനസിലായി..... നിനക്ക് എന്നെ ഇഷ്ടമല്ലെങ്കിൽ ഈ ദൈവത്തിന് മുന്നിൽ ഇങ്ങനെ മെഴുകുതിരികൾ കത്തിക്കേണ്ട കാര്യം ഇല്ലല്ലോ.... """

പ്രവിയുടെ മുഖത്ത്കൂടെ കണ്ണീർ ഒഴുകിയിറങ്ങി.... പ്രവിയുടെ വാക്കുകൾ ഇടറിയിരുന്നു......

പക്ഷെ പ്രവി പറഞ്ഞതൊന്നും കേട്ടഭാവം നടിക്കാതെ ഒഴുകി വന്ന കണ്ണീർ പ്രവിയെ കാണിക്കാതെ മനസ്സിൽ ഒരായിരം പ്രാവിശ്യം പ്രവിയുടെ കാലിൽ വീണു മാപ്പ് പറഞ്ഞുകൊണ്ട് ... ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അവൾ ആ റയിൽവേ സ്റ്റേഷനിലേക്ക് നടന്നു നീങ്ങി....

അവൾ കണ്ണിൽ നിന്നും മറയുന്നത് വരെ പ്രവി അവിടെ ഒരു ശിലയായി നിന്നു.....

""അവൾക്കു തന്നെ ഇഷ്ടമാണ് ... അല്ലെങ്കിൽ ഈ ദൈവത്തിന് മുന്നിൽ മെഴുകുതിരികൾ കൊണ്ട് തന്റെ പേര് അവൾ ആലേഖനം ചെയ്യുമായിരുന്നുവോ ..... """

ട്രേയിലെ മെഴുകുതിരികൾ കൊണ്ട് തീർത്ത "" പ്രവി ""എന്ന ദീപശോഭയിലേക്ക് നോക്കി പ്രവി പറഞ്ഞു.........

"""ചേട്ടായി .... ചേട്ടായി.... """

ഒരു കൊഞ്ചൽ നിറഞ്ഞ ഒരു കുഞ്ഞിന്റെ ശബ്ദമാണു പ്രവിയെ ഓർമകളുടെ ലോകത്തുനിന്നും വർത്തമാനകാലത്തിലേക്ക് എത്തിച്ചത് .....

പ്രവി പതിയെ കണ്ണു തുറന്നു നോക്കിയപ്പോൾ .... തന്റെ മുന്നിലെ സീറ്റിൽ ഒരു അഞ്ചാറു വയസ്സ് തോന്നിക്കുന്ന സുന്ദരി കുട്ടി അവളുടെ ചേട്ടനെ വിളിച്ചു പുറത്തെ കാഴ്ചകൾ കാണിക്കുന്നതാണു കണ്ടത്.....

പ്രവിയുടെ നോട്ടം കണ്ടപ്പോൾ ആ കുട്ടി അവളുടെ കുഞ്ഞി നുണക്കുഴി വിരിയിച്ചു ചെറു പുഞ്ചിരി പ്രവിക്കായി സമ്മാനിച്ചിട്ട് പുറത്തേക്ക് നോക്കാൻ ആംഗ്യം കാണിച്ചു....

പ്രവി ആ കുഞ്ഞിന്റെ നിഷ്കളങ്കമുഖത്തേക്ക് ചെറു പുഞ്ചിരി സമ്മാനിച്ചിട്ട് പുറത്തേക്കു നേത്രങ്ങൾ ചലിപ്പിച്ചു......

പുറത്തു ചെറിയ താഴ്ചയിൽ ഉള്ള കുറ്റിച്ചെടികൾ അങ്ങിങ്ങായി നിൽക്കുന്നിടത്ത് ഒരു ആനകൂട്ടം ..... രണ്ടു വലിയ ആനയും പിന്നെ അതിന്റെ കുഞ്ഞുങ്ങൾ രണ്ടുമൂന്നെണ്ണം നിൽക്കുന്നു .... യാത്രക്കാർ ഒക്കെ വണ്ടി ഒതുക്കി ആ കാഴ്ച കണ്ടാസ്വദിക്കുന്നു.... അതിനാൽ ആ ഭാഗത്തു തിരക്ക് അധികമായിരുന്നു.... ബസ് വളരെ വേഗം കുറച്ചായിരുന്നു സഞ്ചരിച്ചിരുന്നത്......

"""ഇനി കുറച്ചു സമയത്തെ യാത്രയൊള്ളു തന്റെ ലക്ഷ്യം സ്ഥാനത്തേക്ക്..... ""

""പ്രവിയുടെ മനസ്സ് മന്ത്രിച്ചു.... ഒപ്പം പ്രവിയുടെ മനസ് ഓർമകളിലേക്ക് സഞ്ചരിച്ചു.... "

""പ്രണയം .... അതിന് ഇത്രയും വേദനജനകമായ മറ്റൊരു മുഖം കൂടി ഉണ്ടെന്നു പ്രവിക്ക് മനസിലായത് അന്നായിരുന്നു.... ജെയിൻ ഇഷ്ടമല്ല എന്ന് പറഞ്ഞ ദിവസം..... അവളുടെ മനസ്സിൽ നിന്നുള്ള ഉത്തരം അല്ല അന്നവൾ പ്രവിക്ക് മുന്നിൽ അവതരിപ്പിച്ചത് എന്ന് പ്രവിക്ക് ഉത്തമബോധ്യം ഉണ്ടായിരുന്നു.... പക്ഷെ എന്നിരുന്നാലും അവൾക്ക് താല്പര്യം ഇല്ലെന്ന് പറഞ്ഞ സ്ഥിതിക്ക് അവളെ ഇനി ബുദ്ധിമുട്ടിക്കേണ്ട എന്ന് പ്രവി തീരുമാനിച്ചു ....""""

ആ കപ്പേളക്ക് മുന്നിൽ നിന്നും റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോംമിൽ പ്രവി എത്തിയപ്പോഴേക്കും ജെയിന് പോകാനുള്ള ട്രെയിൻ എത്തിയിരുന്നു.... പ്രവി വേഗം അവരുടെ അടുത്തേക്ക് നടന്നു എങ്കിലും ... പ്രവിയുടെ മനസ്സ് ആ വേഗതയിൽ ഒപ്പം ഉണ്ടായിരുന്നില്ല.... കുറച്ചു മുന്നേ കപ്പേളക്ക് മുന്നിൽ വെച്ചുണ്ടായ സംഭാഷണങ്ങളിൽ തട്ടി തടഞ്ഞ് നിൽക്കുകയായിരുന്നു പ്രവിയുടെ മനസ്സ്......

പ്രവി അവിടെ എത്തിയപ്പോൾ ജെനി മാത്രമേ പ്ലാറ്റ്ഫോമിൽ ഉണ്ടായുള്ളൂ അപ്പുവേട്ടനെയും ജെയിനേം കണ്ടില്ല....

""ഓഹ്... ഏട്ടൻ എവിടെ ആയിരുന്നു...... പറഞ്ഞോ ഏട്ടാ.... """

ചിരിക്കുന്ന മുഖത്തോടെ ജെനി ചോദിച്ചപ്പോൾ... ""പറഞ്ഞു... ""എന്നരീതിയിൽ പ്രവി തലയാട്ടി...

""രണ്ടും കൂടി ഭയങ്കര യാത്രപറച്ചിലിൽ ആയിരുന്നുലെ... രണ്ടിന്റേം മുഖത്ത് മഴ മേഘങ്ങൾ പെയ്തൊഴിഞ്ഞപോലെ ഉണ്ടല്ലോ.... """

അതു കേട്ടപ്പോൾ പ്രവി ഒന്നു പുഞ്ചിരിച്ചു ..... അവിടെ നടന്നതൊന്നും ഈ പാവം അറിയേണ്ട എന്ന് പ്രവി കണക്ക് കൂട്ടി......

""അതെ ... ഇപ്പോ വരുട്ടോ ആള് ... സീറ്റ് കണ്ടുപിടിച്ചു ബാഗ് വെച്ചിട്ട് വരും..... """"""

കള്ളച്ചിരിയോടെ ജെനി പറഞ്ഞു...

ജെനിയുടെ പറച്ചിൽ കേട്ടു നിൽക്കുമ്പോൾ ആണു ട്രെയിനിന്റെ വാതിൽക്കലിൽ നിന്നും ജെയിനും അപ്പുവേട്ടനും അവരുടെ അടുത്തേക്ക് വരുന്നത് പ്രവി കണ്ടത് .....

""പ്രവി ജെയിനെ ഒന്നു നോക്കി... മുഖം ഒക്കെ കഴുകിയ മട്ട് എന്നാൽ കണ്ണുകൾ കരഞ്ഞുതളർന്ന പോലെ.... """

പ്രവി ജെയിനെ ശ്രദ്ധിച്ചു എങ്കിലും ജെയിൻ പക്ഷെ പ്രവിയുടെ നേരെ നോക്കുന്നുണ്ടായിരുന്നില്ല....അവൾ എന്തൊക്കെ തന്നോട് മറച്ചു വെക്കുന്ന പോലെ പ്രവിക്ക് തോന്നി......

ജെയിൻ നേരെ വന്നു ജെനിയെ കെട്ടിപിടിച്ചു ... അവരുടെ യാത്രപറച്ചിൽ കുറച്ചു സമയം നീണ്ടുനിന്നു ... അത്രേം നേരം ചിരിച്ചു സംസാരിച്ച ജെനി ഒരു നിമിഷം കൊണ്ട് മാറിപ്പോയി.... ജെയിനെ വിട്ടുപിരിഞ്ഞു ഇരിക്കുന്നതിനുള്ള വേദന അവൾക്ക് താങ്ങാൻ പറ്റുന്നതല്ല എന്ന് അവളുടെ കണ്ണീരിൽ കുതർന്ന മുഖം കണ്ടപ്പോൾ പ്രവിക്ക് മനസിലായി......

അപ്പോഴേക്കും ട്രെയിന്റെ ചൂളം വിളി തുടങ്ങി.... ജെയിൻ പെട്ടന്ന് തന്നെ ജെനിയിൽ നിന്നും അടർന്നു മാറി

""പോയിട്ട് വരാം ""എന്ന് അപ്പുവേട്ടനോടും ജെനിയോടും പറഞ്ഞു വേഗം ട്രെയിനിൽ കയറി....

ട്രെയിൻ പതിയെ ചലിച്ചു തുടങ്ങി...അപ്പോഴും പ്രവിയോട് പോണെന്നു ഒരു വാക്കോ നോട്ടമോ അവളിൽ നിന്നും ഉണ്ടായില്ല....

ജെനിയെ കൈവീശി കാണിച്ചു ജെയിൻ അകത്തേക്ക് തിരിഞ്ഞു നിന്നു.... ട്രെയിൻ നീങ്ങി തുടങ്ങി... പ്രവി അവളുടെ വാതിൽക്കലിൽ തന്നെ നോക്കി നിന്നു .......ട്രെയിൻ കുറച്ചു നീങ്ങി കഴിഞ്ഞപ്പോൾ ജെയിൻ അവരുടെ നേരെ ഒന്നു തിരിഞ്ഞു നോക്കിയിട്ട് പെട്ടന്ന് അകത്തേക്ക് പോയി.....

"""ആ ഒരു നോട്ടം അതു തനിക്ക് വേണ്ടിയായിരുന്നു എന്ന് പ്രവി അവളുടെ നിറകണ്ണുകളുടെ കൃഷ്ണമണിയിൽ നിന്നും മനസിലാക്കി.... """

ട്രെയിൻ കണ്ണിൽ നിന്നും മായുന്ന വരെ പ്രവിയും അവരും അവിടെ നിന്നു .....

അങ്ങനെ ജെയിൻ പോയതിനു തൊട്ടുപിന്നാലെ ജെനിയും അപ്പുവേട്ടനും പ്രവിയോട് യാത്ര പറഞ്ഞു അവിടെനിന്നും പോയി .... ""കളിചിരികൾ നഷ്ട്ടപെട്ട മുഖമായിരുന്നു ജെനിയുടെ.... """

ആ അവസ്ഥയിൽ ആയതോണ്ടാകും അവൾ പ്രവിയോട് അധികം ഒന്നും സംസാരിക്കാതെ വേഗം യാത്രപറഞ്ഞു പോയത് ... എന്നാലും ""ഒരു ദിവസം ബത്‌ലേഹംമിലേക്ക് വരണൊട്ട.. ഏട്ടാ "" എന്ന് പ്രവിയോട് പറയാൻ അവൾ മറന്നില്ല....

അങ്ങനെ കലാചക്രം സഞ്ചരിച്ചുക്കൊണ്ടിരുന്നു പക്ഷെ പ്രവിയുടെ മനസ്സ് ആ വേഗതയിൽ എത്തിച്ചേർന്നില്ല ....

""സാർ ... സാറിനെ ... റിയാ മേം വിളിക്കുന്നു... """

ഓഫിസ് ക്യാബിനിൽ മേശയിൽ തലവെച്ചു കിടക്കുമ്പോഴാണു പ്രവിയോട് പ്രവിയുടെ അസിസ്റ്റന്റ് നീരജ് വേഗത്തിൽ വന്നിട്ട് അതു പറഞ്ഞത് ...

""എന്താ നീരജ് ... എന്താ ... ""

""അറിയില്ല... മേം ഇത്തിരി ചൂടിൽ ആണു .... """

""ഉം ... ശെരി ... '''

പ്രവി എഴുനേറ്റു റിയയുടെ ക്യാബിൻ ലക്ഷ്യം ആക്കി നടന്നു ....

""എന്താ പ്രവി ഇത് ...ഇതാണോ എഡിറ്റോറിയൽ.... """

മേശ പുറത്ത് ഒരു എഡിറ്റോറിയലിന്റെ ഫയൽ പ്രവിക്കു നേരെ വലിച്ചെറിഞ്ഞു കൊണ്ട് റിയ ചൂടൻ സ്വരത്തിൽ പറഞ്ഞു ....

""അതു മേം ... ഞാൻ .... ""

""പ്രവി .... നീ ഒന്നും പറയേണ്ട .... ജോലിയിൽ കുറച്ചു ആത്മാർത്ഥ ഒക്കെ വേണം .... അതെങ്ങനെയാ അവാർഡ് ഒക്കെ കിട്ടിയപ്പോൾ നീ ആകെ മാറിയില്ലേ.... """

റിയ ദേഷ്യത്തിൽ പറഞ്ഞു

ഇതുവരെയും റിയയിൽ നിന്നും ഇങ്ങനൊരു അനുഭവം ഇല്ലാതിരുന്ന പ്രവി റിയയുടെ ഭാവ മാറ്റത്തിൽ ഒന്നു പകച്ചു....

അവൻ വളരെ നേർത്ത ശബ്ദത്തിൽ

"""""മേം... """ എന്ന് വിളിച്ചു

""ഉം ... ശെരി .... ഈ പ്രവിശ്യത്തേക്ക് ക്ഷമിച്ചു.... ഇനി ഇങ്ങനെ ഉണ്ടാവരുത് .... വേഗം ഇത് കൊണ്ടോയി തിരുത്തി കൊണ്ടുവാ.... """

പ്രവിയുടെ മുഖം കണ്ടപ്പോൾ അധികം ചീത്ത പറയാൻ റിയക്ക് തോന്നിയില്ല .... അല്ലേലും റിയ ഇതുപോലെ പ്രവിയോട് ഇതുവരെയും പെരുമാറിയിട്ട് ഉണ്ടായിരുന്നില്ല .... ഇതിപ്പോ പ്രവിയുടെ അലസത കൂടി വരുന്നതും സ്റ്റാഫുകൾക്ക് ഇടയിൽ സംസാരം വന്നതുകൊണ്ടും ആണു റിയ ഇത്തിരി ചൂടായി സംസാരിച്ചത്.....

റിയയുടെ വാക്കുകൾ കേട്ടപ്പോൾ പ്രവി ആ ഫയലും എടുത്തു ഒന്നും പറയാതെ തിരിഞ്ഞു നടന്നു ...

""ഡാ ... പ്രവി.... ""

തിരിഞ്ഞു നടന്ന പ്രവിയെ റിയ വിളിച്ചു....

റിയയുടെ വിളികേട്ടു പ്രവി ഒന്നു നിന്നു ... പക്ഷെ തിരിഞ്ഞു നോക്കിയില്ല ..... ചേച്ചിയെ പോലെ കരുതുന്ന വ്യക്തിയിൽ നിന്നും വന്ന വാക്കുകൾ പ്രവിയുടെ മനസിനെ വല്ലാതെ ഉലച്ചു...

""ഡാ ... അനിയൻ കുട്ടാ ... സോറിഡാ... """

റിയ വേഗം ചെയറിൽ നിന്നും എഴുന്നേറ്റ് പ്രവിയുടെ അടുക്കൽ ചെന്നു പറഞ്ഞു .....

""ഡാ ... സോറിഡാ ... ഞാൻ അന്നേരത്തെ ദേഷ്യത്തിന് അങ്ങനെ ഒക്കെ പറഞ്ഞു ... നീ ഒന്നു ക്ഷമിക്കേടാ..... നിന്റെ ചേച്ചിയല്ലേടാ ഞാൻ ... പ്ലീസ് ഡാ.... """

പ്രവിയുടെ മൗനം റിയയെ വല്ലാതെ തളർത്തി....

"""നീ ഇവിടെ ക്ക് വന്നേ ... ഇവിടെ ഇരുന്നേ.... """

പ്രവിയുടെ മൗനം കണ്ടപ്പോൾ റിയ തന്നെ പ്രവിയെ കസേരയിലേക്ക് പിടിച്ചിരുത്തി..... എന്നിട്ട് അവന്റെ കൈയിലെ ഫയൽ വാങ്ങിച്ചു ടേബിളിൽ വെച്ച് എന്നിട്ട് റിയ അവനു നേരെ ടേബിളിൽ ചാരി നിന്നു.....

""എന്താ അനിയൻകുട്ടാ... എന്താ നിനക്ക് പറ്റിയെ... ""

പ്രവിയുടെ മുഖത്ത് നോക്കി റിയ ചോദിച്ചു....

""ഹേയ് ... ഒന്നുല്യാ മേം.... ""

""മേം... മോ.... ചേച്ചിന്നു വിളിക്കെടാ.... """

റിയ പറഞ്ഞു...

""അതു ചേച്ചി ... ഞാൻ... ""

""ഉം .. എന്താ നിനക്ക് പറ്റിയെ ... കുറച്ചു നാളുകൾ ആയല്ലോ ... ഒന്നിലും ശ്രദ്ധ ഇല്ലാതെ .. എന്താഡാ വല്ല പ്രേമത്തിലും പെട്ടോ.... ""

എടുത്തടിച്ച പോലെ റിയ ചോദിച്ചപ്പോൾ പ്രവി ഒന്നു പരുങ്ങി.... അതുകണ്ടപ്പോൾ ""ആ.. അപ്പൊ അതു തന്നെ കാര്യം... ""

റിയ ചിരിയോടെ പറഞ്ഞു...

""ആരാ ആ കുട്ടി .... ""

പുരികം ഉയർത്തി റിയ ചോദിച്ചു...

""ഹേയ് അങ്ങനെ ഒന്നുല്യാ ചേച്ചി... ""

""ഉവ്വ ....പറയെടാ അനിയൻകുട്ടാ... ""

ഒരു കൊഞ്ചലോടെ റിയ ചോദിച്ചു...

""ഉം... ഉണ്ടായിരുന്നു .. """റിയയുടെ മുഖത്ത് നോക്കി കള്ളം പറയാൻ പ്രവിക്കു തോന്നിയില്ല....

""ഉണ്ടായിരുന്നു??? എന്ന് വെച്ചാൽ ..അപ്പൊ ഇപ്പോ.... """

റിയ ചോദിച്ചു...

""ഉം... കുറച്ചു നാൾ മുൻപ് ഉണ്ടായിരുന്നു പക്ഷെ ഇപ്പോ ഇല്ല...."""

പ്രവി പറഞ്ഞു ...

അതു കേട്ടപ്പോൾ റിയക്കും വിഷമമായി...

""സാരമില്ലഡാ ... അവളു പോട്ടെഡാ .... നിനക്ക് വേണ്ടി വേറെ ആരെങ്കിലും കാത്തിരിക്കുന്നുണ്ടാകും.... """അങ്ങനെ ഓക്കേ റിയ അവനെ സമാധാനിപ്പിച്ചു....

റിയ എത്ര ചോദിച്ചിട്ടും... കുട്ടി ആരാണെന്നു പ്രവി പറഞ്ഞില്ല.....

അങ്ങനെ കുറച്ചു നേരം സംസാരിച്ചു ഇരിക്കുമ്പോൾ... റിയക്ക് ഒരു കാൾ വന്നു ... റിയ ലാൻഡ് ഫോണിന്റെ റിസീവർ എടുത്തു സംസാരിച്ചു...

""പ്രവി .. നിയിത് എന്ത് പണിയ കാണിച്ചേ.... ""

ഫോൺ വെച്ച ഉടനെ റിയ പ്രവിയോട് ചോദിച്ചു...

""എന്താ ചേച്ചി.... ""

""അല്ല നീയെന്തിനാ ഡോക്കുമെന്ററി എടുക്കാൻ ഏറ്റത്.... """

""ഓഹ് അതാണോ ... ശെരിയായോ അതു.... """

""ഉം .. ശെരിയായി... ""

അതു കേട്ടപ്പോൾ പ്രവിയുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു...

""നിയിത് എന്ത് തീരുമാനിച്ച പ്രവി.... ""

""അങ്ങനെ ഒരു ആഗ്രഹം തോന്നി.... """

""ഉം ... പല കൊലകൊമ്പൻ റിപ്പോർറ്റെർസ് വരെ ചെല്ലാൻ മടിക്കുന്ന നോർത്തിലെ വനങ്ങളിൽ പോയി ഡോക്കുമെന്ററി റിപ്പോർട്ട് തയ്യാറാക്കാൻ നിനക്ക് വട്ടാണോ.... """

""ഇല്ല ചേച്ചി ... എനിക്ക് കുറച്ചു നാൾ ഒന്നു മാറിനിൽക്കണം... ഇവിടെ നിന്നാൽ ശെരിയാകില്ല.... ഞാൻ വളരെ ആലോചിച്ചു എടുത്ത തീരുമാനമാണിത്... """

""എടാ അഞ്ചാറു മാസം എടുക്കും ഈ പ്രൊജക്റ്റ് .... """

""അതു കൊണ്ട് തന്നെയാ ഞാൻ ഇത് ഏറ്റെടുത്തത് .... """

""ഉം .. ശെരി ... നീ തീരുമാനം എടുത്താൽ പിന്നോട്ട് ഇല്ല എന്നറിയാം.... എന്നാലും വേണോ ഇത് .... """"

""ചേച്ചി പേടിക്കേണ്ട .... ഞാൻ ഇത് തീർത്ത് വേഗം വരില്ലേ..... """"

""വേഗം വന്നാൽ കൊള്ളാം ... അല്ലെങ്കിൽ ചിലപ്പോൾ നിന്റെ ആരാധികമാർ അവിടേക്ക് വരും .... """

അതിനൊരു ചിരി സമ്മാനിച്ചു പ്രവി......

അങ്ങനെ ആ ദിവസം കടന്നു പോയി .... പിന്നെ എല്ലാം പെട്ടന്നായിരുന്നു .. പ്രവി ഒരു ക്രൂ ഉണ്ടാക്കി..... അവരോടെല്ലാം അവിടെ എത്തിചേരാനുള്ള നിർദേശങ്ങൾ എല്ലാം പ്രവി കൊടുത്തു ..... എല്ലാവരും പോകാൻ തീരുമാനിച്ച ദിവസത്തിന് ഒരു ദിവസം മുന്നേ പ്രവി ഒറ്റക്ക് ട്രെയിൻ കയറി......

""മേം....പ്രവി... കേരളവിൽ നിന്നും വരുന്നു..... ഇവിടെ താമസിക്കുന്ന ജെയിൻ ഫെർണാണ്ടസിന്റെ ഫ്രണ്ട് ആണു ... എനിക്ക് ഒന്നു ജെയിനെ കാണണമായിരിന്നു.... """

ബാംഗ്ലൂർ മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ വാർഡനോട് പ്രവി കാര്യം പറഞ്ഞു....

പ്രവിയോട് വാർഡൻ കുറച്ചു നേരം വെയ്റ്റ് ചെയ്യാൻ പറഞ്ഞപ്പോൾ ... പ്രവി അവിടെ കുറച്ചു മാറി നിരത്തി ഇട്ടിരിക്കുന്ന കസേരയിൽ പോയി ഇരുന്നു....

വാർഡൻ ഒരു ചെറിയ ചെക്കനോട് എന്തോ പറയുന്നതും .. ആ ചെക്കൻ തലയാട്ടി നേരെ ഗോവണി കയറി പോകുന്നതും പ്രവി കണ്ടു...

കുറച്ചു കഴിഞ്ഞപ്പോൾ... അയഞ്ഞ ഒരു ബനിയൻ ടൈപ്പ് പാന്റും ഒരു അയഞ്ഞ ലേഡിസ് ഷർട്ടും ധരിച്ചു ജെയിൻ ആ ഗോവണി ഇറങ്ങി വരുന്നത് പ്രവിയുടെ മിഴികളിൽ തെളിഞ്ഞു ....

""ആ .. മാഷോ.... """

ജെയിൻ പ്രവിക്കരികിൽ എത്തിയപ്പോൾ പറഞ്ഞു ....

പ്രവി മുൻപ് കണ്ട ജെയിനെ അല്ലായിരുന്നു .... അവളുടെ പ്രസരിപ്പ് ഒക്കെ നഷ്ടപ്പെട്ടിരിക്കുന്നു...... അവളുടെ മുഖത്തെ കാന്തി നഷ്ടപ്പെട്ടിരിക്കുന്നു ... ജെയിൻ അവളാകെ മാറിയിരിക്കുന്നു ..... ഗോവണി ഇറങ്ങുമ്പോൾ തന്നെ കണ്ടപ്പോൾ അവളുടെ മുഖം ഒന്നു പ്രസന്നം ആയതാ എന്നാൽ അടുത്ത് എത്തിയപ്പോൾ മുഖത്ത് കാർമേഘം നിഴലിച്ചിരിക്കുന്നു.....

പ്രവി ജെയിനെ സസൂഷ്മം നോക്കി....

എന്തൊക്കെ ചോദിക്കണം പറയണം എന്നുണ്ടായിരുന്നു ... പക്ഷെ ജെയിന്റെ കോലം കണ്ടപ്പോൾ പ്രവി ഒന്നും ചോദിച്ചില്ല .... കുറച്ചു നേരം അവർ രണ്ടുപേരും മുഖത്തോട് മുഖം നോക്കി നിന്നു ....

""മാഷേ.... """ജെയിൻ എന്തോ ചോദിക്കാൻ വന്നപ്പോൾ പ്രവി....

""ജെയിൻ നമുക്ക് ഒന്നു പുറത്ത് പോയാലോ... """പ്രവി പെട്ടന്ന് ചോദിച്ചു..... ""ജെയിന് ബുദ്ധിമുട്ട് ആകുമോ?? """"".....

അതു കേട്ടപ്പോൾ ജെയിൻ ഒന്നും പറഞ്ഞില്ല പകരം ചെറുതായി തലയാട്ടി....

""ഹേയ് .മാഷേ ബുദ്ധിമുട്ട് ഒന്നും ഇല്ല..പോകാം """

ജെയിന്റെ തലയാട്ടിയതിനുള്ള അർത്ഥം പ്രവിയുടെ മനസ്സിൽ എത്തി......

പ്രവി പറഞ്ഞത് ജെയിനും ആഗ്രഹിച്ചിരുന്നു എന്ന് ജെയിന്റെ മുഖഭാവം കണ്ടപ്പോൾ പ്രവിക്ക് മനസിലായി....

""ഇപ്പോ വരാട്ടോ മാഷേ.... ""

ജെയിൻ സ്വന്തം ഡ്രെസ്സിൽ നോക്കി പറഞ്ഞപ്പോൾ പ്രവിക്കു മനസിലായി ജെയിൻ ഡ്രസ്സ് മാറാൻ പോകുക ആണെന്ന് ....

ഗോവണി കയറി മുകളിലേക്ക് പോയ ജെയിൻ അധികം വൈകാതെ തിരിച്ചെത്തി.... ഒരു ബ്ലൂ കളർ ജീൻസും ചുവപ്പിൽ കറുത്ത നേർത്ത വരകളാൽ കൊണ്ട് ഡിസൈനുള്ള ലേഡിസ് ഷർട്ടും അതായിരിരുന്നു അവളുടെ വേഷം....

""ഇന്നാ മാഷേ ... ""

പുറത്തു ഗേറ്റ്നരികിൽ ഇരിക്കുന്ന കൈനെറ്റിക്കിന് നേരെ നോക്കി കൊണ്ട് ഒരു ഒരു താക്കോൽ പ്രവിക്ക് നേരെ നീട്ടി കൊണ്ട് ജെയിൻ പറഞ്ഞു....

പ്രവി അതു വാങ്ങിച്ചു ....

അധികം വൈകാതെ പ്രവി കൈനെറ്റിക്ക് എടുത്തു സ്റ്റാർട്ടാക്കി... ജെയിൻ അതിന് പുറകിൽ കയറി....

കൈനെറ്റിക്ക് ഹോസ്റ്റൽ ഗേറ്റും കടന്ന് പുറത്തേക്കു ചലിച്ചു....

ജെയിനും ആയി കുറച്ചു സമയം ഒറ്റക്ക് ചിലവിടാൻ പറ്റിയ ഒരു സാഹചര്യം ഉള്ള സ്ഥലം തേടി കൈനെറ്റിക്ക് ടൗണിലൂടെ സഞ്ചരിച്ചു......

ബാംഗ്ലൂരിൽ ഒന്നു രണ്ടു തവണ വന്നിട്ടുള്ളത് കൊണ്ട് പ്രവിക്ക് അവിടെ ഒക്കെ കുറച്ചു അറിയായിരുന്നു....കുറച്ചു സഞ്ചാരത്തിനൊടുവിൽ പ്രവി കൈനെറ്റിക്ക് ഒരു ഫുട്ട് പാത്തിനു സമീപമായി ഒതുക്കി .... പ്രവിയും ജെയിനും വണ്ടിയിൽ നിന്നും ഇറങ്ങി ... ഇത്രയും സമയം ആയിട്ടും രണ്ടുപേരും ഒന്നും സംസാരിച്ചില്ല ... അവരുടെ ഇടയിൽ മൗനം കൊണ്ടുള്ള ഒരു മതിൽ കേട്ട് കെട്ടിപ്പടുക്കപ്പെട്ടു....

പ്രവിയെ അനുഗമിച്ചു ജെയിൻ പ്രവിയോടൊപ്പം ആ ഫുട്ട്പാത്തിത്തിലൂടെ നടന്നു .... കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഫുട്ട് പാത്തിനോട് ചേർന്നു ഒരു കുട്ടികളുടെ പാർക്ക് പ്രവിയുടെ ശ്രദ്ധയിൽ പെട്ടു ... പ്രവി ജെയിനേം കൂട്ടി അതിനുള്ളിലേക്ക് കടന്നു ....

അതിനുള്ളിൽ അധികം തിരക്കില്ലാത്ത ഭാഗത്തെ ഒരു ഇരിപ്പിടത്തിലേക്ക് ജെയിനെ പ്രവി ക്ഷണിച്ചു.....

ഇരിപ്പിടത്തിൽ രണ്ടുപേരും ഇരുന്നു ... പ്രവി ജെയിനെ നോക്കി...അവൾ അകലേ കളിക്കുന്ന കുഞ്ഞുങ്ങളെ നോക്കി ഇരിക്കുന്നു .... ചാടി തുള്ളി വർത്താനം പറഞ്ഞിരുന്ന ആൾ ഇപ്പോ ഒന്നും മിണ്ടാതെ ഇരിക്കുന്നു ...... ഇവൾക്ക് എന്താ പറ്റിയെ??? ...... അവൾക്കു സംഭവിച്ചത് തന്നെയല്ലേ നിനക്കും സംഭവിച്ചേ ...... പ്രവിയുടെ മനസ്സ് പ്രവിയോട് പറഞ്ഞു..... അപ്പോ അവൾ എന്നെ ഇഷ്ടപ്പെട്ടിരുന്നുവോ?? .... അവളുടെ ഈ അവസ്ഥക്കു കാരണം ഞാനാണോ?? ..... അപ്പോ എന്തിനാ അവൾ അന്ന് ഇഷ്ടമല്ല എന്ന് പറഞ്ഞെ?? .... അവൾ ഒരു കാരണവും ഇല്ലാതെ അങ്ങനെ പറയില്ലല്ലോ ..... പ്രവിയുടെ മനസ്സ് രണ്ടു തരത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു .... ശേ... എല്ലാം നിർത്ത് .... ഞാനിപ്പോ എന്തിനാ വന്നേ .... കഴിഞ്ഞതെല്ലാം മറക്കാൻ അല്ലെ ഈ യാത്ര .... ആ യാത്രയുടെ

തുടക്കം അവളെ ഒരു നോക്ക് കണ്ടു എന്നെന്നേക്കും ആയി പിരിയാൻ.... അതിനല്ലേ വന്നേ ..... ഇതിപ്പോ എവിടെക്കാ ചിന്തിച്ചു കൂട്ടുന്നെ..... അവളോട് യാത്രപറയുന്നതിനു മുന്ന് അവളെ പഴയ ജെയിൻ ആയി ഒരിക്കൽക്കൂടി കാണണം അതിനൊള്ള വഴി ആലോചിക്ക് പ്രവി ...... പ്രവിയുടെ മനസ്സ് പറഞ്ഞു .... ശെരിയാ അവളുടെ ഈ മൂഡ് മാറ്റണം .... അവളുടെ മൂഡ് മാറണമെങ്കിൽ അവളോട് താൻ ഫ്രീ ആയി സംസാരിക്കണം ...... പ്രവി മനസ്സിൽ പറഞ്ഞു....

അവൻ ഒന്നു അകലേക്ക് നോക്കി കണ്ണുകൾ അടച്ചു തുറന്നു പിന്നെ അവളുടെ നേരെ നോക്കി....

""ജെയിൻ """പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു.... അവന്റെ വിളിക്കായി കാതോർത്തിരുന്ന പോലെ ജെയിൻ അവന്റെ ശബ്ദത്തിൽ ലയിച്ചു അവന്റെ നേരെ കണ്ണുകൾ പായിച്ചു....

അവരുടെ കണ്ണുകൾ തമ്മിൽ ഉടക്കി ... അവളുടെ കണ്ണുകൾ നിറഞ്ഞപോലെ പ്രവിക്ക് തോന്നി.....

""എന്താ ജെയിൻ ... ഇതെന്ത് കൊലമാടോ.... """

കുറച്ചു നേരത്തെ മൗനം ഭേദിച്ചുകൊണ്ട് പ്രവി പെട്ടന്ന് ചോദിച്ചു....

""അതുപിന്നെ മാഷേ ... ഇവിടത്തെ ഫുഡ് ക്ലൈമറ്റ് ന്റെ ഒക്കെയാ... """

ജെയിൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു ....

""ഉവ്വ ... ഇതെങ്ങാനും ജെനി കാണേണ്ട..... """

അതു കേട്ടപ്പോൾ ജെയിൻ ചെറുപുഞ്ചിരി മുഖത്ത് വരുത്താൻ ശ്രമിച്ചു.....

""അല്ല മാഷെന്താ ഇവിടെ .... """

""ഞാനോ ...?? ""

"അല്ല പിന്നെ ഞാനോ?? ""

ജെയിൻ ചെറു ചിരിയോടെ ചോദിച്ചു ....

അവളിൽ പഴയ ജെയിൻ പുറത്ത് വരുന്നത് പ്രവി കണ്ടു ....

അതുകേട്ടപ്പോൾ ചെറു ചിരിയോടെ ""ഒരു വലിയ യാത്രയുടെ തുടക്കം ... അതു ജെയിനിൽ നിന്നും ആകട്ടെ എന്ന് കരുതി """"പ്രവി പറഞ്ഞു....

""ഓഹോ .... എവിടെക്കാ ... ഈ കലാകാരന്റെ യാത്ര.... വല്ല കാശിക്കും മറ്റും ആണോ .... """

ജെയിന്റെ സ്വസിദ്ധമായ ശൈലിയിൽ അതു പറഞ്ഞു കേട്ടപ്പോൾ പ്രവിയുടെ ഉള്ളം നിറഞ്ഞു ....

ഇത്രയും പെട്ടന്ന് അവൾ പഴയ പോലെ ആകും എന്ന് പ്രവി കരുതിയിരുന്നില്ല....

""ഹഹ ... കാശിക്ക് ഒന്നുമല്ല ... അതിനുള്ള പ്രായം നമുക്ക് ആയിട്ടില്ലല്ലോ.... """

ചെറുപുഞ്ചിരിയിൽ പ്രവി അതു പറഞ്ഞപ്പോൾ അവരുടെ ഇടയിലെ മൗനത്തിന്റെ മതിൽ മുഴുവനായി തകർന്നടിഞ്ഞു.... അവരുടെ ഇടയിൽ പഴയസൗഹൃദം ഉടലെടുത്തു....

""പിന്നെ എവിടെക്കാ മാഷുടെ യാത്ര.... """

അവൾ  പുഞ്ചിരിയോടെ ചോദിച്ചു.....

""ഹേയ് .. ഒരു  ഡോക്കുമെന്ററിയുടെ ആവിശ്യത്തിനായി നോർത്തിൽ ഉള്ള കുറച്ചു വനാന്തരങ്ങളിൽ പോകണം ..... """

""ഓഹോ ... അതു കൊള്ളാലോ... ""

""ഉം .. അല്ല...ജെയിൻ ... ജെനി  വിളിക്കാറുണ്ടോ..  """

""ഉം .. പിന്നെ ദിവസവും വിളിക്കാറുണ്ട്..... പിന്നെ കഴിഞ്ഞ ആഴ്ചയിൽ അങ്കിളും അവളും വന്നാരുന്നു.... """

"ഓഹോ..അപ്പൊ ഈ കോലം അവർ കണ്ടില്ലേ .... """

""ഉം .. കണ്ടു ... കുറെ ചീത്ത പറഞ്ഞിട്ടാ അവൾ പോയെ .... """

അതിനൊരു ചിരി പ്രവി അവൾക്കായി സമ്മാനിച്ചു....

""അല്ല...മാഷെന്താ ഇപ്പോ ബത്‌ലേഹംമിലേക്ക് വിളിക്കാത്തത്.... """

""ഉം .. ഞാനോ... """

""ഉം... ജെനി പറഞ്ഞു അവൾ വിളിച്ചാലും മാഷ് അധികം സംസാരിക്കാറില്ല എന്നും.... """

""അതുപിന്നെ ... തിരക്ക് ആയിരുന്നു... """

പ്രവി ഉത്തരം പറയാൻ താല്പര്യം ഇല്ലാത്ത പോലെ പറഞ്ഞു...

"""ഉം... ""

അവൾ ഒന്നു മൂളിയിട്ട് അകലങ്ങളിലേക്ക് കണ്ണും നട്ട് ഇരുന്നു ....

അവരുടെ ഇടയിൽ വീണ്ടും മൗനം തളം കെട്ടി ... കളി ചിരികൾ മാഞ്ഞു .... പ്രവിയും വേറൊന്തോ ചിന്തയിൽ മുഴുകി ഇരുന്നു ....

"""മാഷേ .... ""

കുറച്ചു നേരത്തെ മൗനത്തിൽ ഒടുവിൽ ..... ജെയിൻ പ്രവിയെ വിളിച്ചു .....

"""ഉം... "" പ്രവി അവളുടെ വിളി കേട്ട് അവളെ നോക്കി...

""മാഷേ ... ഞാനാണോ .. മാഷിന്റെ ഈ അവസ്ഥക്ക് കാരണം.... """

""ഉം... ഒരുതരത്തിൽ അങ്ങനെയും പറയാം .... പക്ഷെ തന്നെ കുറ്റം പറയാൻ പറ്റില്ലെടോ .... ശെരിക്കും കുറ്റകാരൻ ഞാൻ തന്നെയാ .... ആഗ്രഹിക്കാൻ പാടില്ലാത്തത് ആഗ്രഹിച്ചത് ഞാനല്ലേ..... ""

പ്രവി പറഞ്ഞു.....

""മാഷേ... ഞാൻ ... എന്റെ അവസ്ഥ അങ്ങനെയാണു മാഷേ ... ഞാൻ... """ജെയിൻ പറഞ്ഞു പകുതിയായപ്പോൾ """ഹേയ് ... അതു വിട് .... താൻ എന്നെ ഒഴുവാക്കണമെങ്കിൽ അതിനു തക്കതായ എന്തേലും കാര്യം ഉണ്ടാകും എന്നറിയാം..... ഞാനിപ്പോ വന്നത് പഴയ കാര്യങ്ങൾ ആവർത്തിക്കാൻ അല്ല....ഈ യാത്രക്ക് മുൻപ് തന്നെ ഒന്നു കാണണം എന്ന് തോന്നി കുറച്ചു നേരം സംസാരിക്കണം എന്നും .... """

""ഉം.... """പ്രവി പറഞ്ഞത് കേട്ടപ്പോൾ അവൾ ചെറുതായി മൂളി....

വീണ്ടും അവരുടെ ഇടയിൽ മൗനം നിറഞ്ഞു...

""ജെയിൻ ... വാ ... നമുക്ക് ഒരിടം വരെ പോകാം... """

പ്രവി അതും പറഞ്ഞു എഴുനേറ്റു...

""എവിടെക്കാ.. പോകുന്നെ ""എന്നുള്ള ഒന്നും ചോദിക്കാതെ ജെയിൻ പ്രവിയുടെ വാക്കുകൾ അനുസരിച്ചു പ്രവിയോടൊപ്പം നടന്നു....

കുറച്ചു നടത്തിനൊടുവിൽ അവർ പാർക്കിനു പുറത്ത് എത്തി....... ആ പാർക്കിനു മുന്നിലായുള്ള റോഡിന്റെ എതിർ വശത്തെ ഷോപ്പിംഗ് മാളിലേക്ക് ജെയിനേം കൂട്ടി പ്രവി നടന്നു ....

""ഇതെങ്ങനെ ഉണ്ട് ജെയിൻ ""

മാളിനുള്ളിലെ  കൂളിംഗ് ഗ്ലാസും ഐ പ്രൊട്ടക്ഷൻ ഗ്ലാസും വിൽക്കുന്ന ഐ സെന്റർ എന്ന കടയിൽ കയറി നീലയും ബ്ലാക്കും കൂടിയ ഫ്രെയിം ഉള്ള ഒരു കൂളിംഗ് ഗ്ലാസ് എടുത്തു ജെയിന്റെ മുഖത്ത് വെച്ച് കൊടുത്തിട്ട് പ്രവി ചോദിച്ചു.....

""ഇതെന്തിനാ മാഷേ ...."""

""തനിക്ക് ഇഷ്ടപ്പെട്ടോ.... """

""ഉം.. """"

അവൾ മൂളി ... പിന്നെ ""ഇതൊക്കെ വേണോ ""എന്ന രീതിയിൽ അവൾ പ്രവിയെ നോക്കി...

""ഇരിക്കട്ടെ ഡോ.... """

പ്രവി ചെറു ചിരിയൽ പറഞ്ഞു ....

പ്രവി അതിൻറെ ബില്ല് സെറ്റിൽ ചെയ്തു ...

പിന്നെ ജെയിനേം കൂട്ടി അടുത്ത ലേഡീസ് ഷോപ്പിൽ കയറി ... ആ ഷോപ്പിലെ ലേഡീസ് സ്കാർഫ് ഇരിക്കുന്ന ഇടത്തിലേക്ക് അവളേം കൂട്ടി പ്രവി നടന്നു ....

സ്കാർഫ് ന്റെ സെക്ഷനിൽ നിന്നും അവൾ ധരിച്ച ഡ്രെസിനു മാച്ച് ആയ

ഒരു സ്കാർഫ് സെലക്ട് ചെയ്തു... അതു അവളുടെ കഴുത്തിൽ പ്രവി ധരിപ്പിച്ചു കൊടുത്തു.....

ജെയിൻ ഒന്നും മനസിലാകാതെ നിന്നു.....

അതിന്റെം ബില്ല് പ്രവി സെറ്റിൽ ചെയ്തു .....

""മാഷേ .... """

മാളിന് വെളിയിലേക്ക് ഇറങ്ങുമ്പോൾ ജെയിൻ വിളിച്ചു...

പ്രവി ഒന്നു നിന്നു.... അവളുടെ നേരെ നോക്കി.... പ്രവിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു....

""എന്താ മാഷേ ഇതൊക്കെ ... ""

അവളുടെ കണ്ണുകളിലും നീർമുത്തുകൾ നിറഞ്ഞിരുന്നു ... പ്രവിയുടെ സ്നേഹവും കരുതലും ഓക്കേ അവളുടെ കണ്ണു നിറയാൻ കാരണമാക്കി.....

"""തന്നെ ഒരുതവണ കൂടി ഇതുപോലെ കാണണം എന്ന് തോന്നി.... ഇനിയൊരു കൂടിക്കാഴ്ച്ച നമ്മൾ തമ്മിൽ ഉണ്ടായില്ലെങ്കിലോ.... """

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ ജെയിൻ അറിയാതെ തന്നെ ചോദിച്ചു പോയി

""എന്ത്....എന്താ പറഞ്ഞെ മാഷേ.... """

""ഹേയ് .. ഒന്നുല്യാ ഡോ... ഞാൻ വേറൊന്തോ .... ഓക്കേ താൻ അത് വിട് ... വാ വന്നു വണ്ടിയിൽ കയറു.... """

പ്രവി മുഖത്തു ചെറു ചിരി വരുത്തിക്കൊണ്ട് ജെയിനോട് പറഞ്ഞു ..... പ്രവി എന്തൊക്കെ കണക്കു കൂട്ടിയത് പോലെ ജെയിന് തോന്നി ... പക്ഷെ പ്രവിയോട് ഒന്നും ജെയിൻ ചോദിക്കാൻ നിന്നില്ല ... അവനൊപ്പം ആ വണ്ടിയിൽ ജെയിനും കയറി ....

ഫുട്ട്പാത്തിൽ നിൽക്കുന്ന മരങ്ങളുടെ ചോലക്ക് കീഴിലുള്ള ആളൊഴിഞ്ഞ റോഡിലൂടെ അവരുടെ കൈനെറ്റിക്ക് സഞ്ചരിച്ചു....

""മാഷേ ഇവിടൊന്നു... """

ജെയിന്റെ വിരലുകൾ പ്രവിയുടെ തോളിൽ പതിഞ്ഞു .....

ജെയിന്റെ ആഗ്രഹം മനസിലാക്കിയ പ്രവി... ഫൂട്ട്പാത്തിനു ചേർന്നു മനോഹരമായ വെള്ളയിൽ ലയിച്ച മതിലിന്റെ ഇടയിൽ ഉള്ള കവാടത്തിനു ഇടയിലൂടെ തൂവെള്ളയിൽ കുളിച്ച മനോഹരമായ ഒരു പള്ളിയുടെ മുന്നിൽ കൈനറ്റിക് കൊണ്ട് നിർത്തി .....

ജെയിൻ ആദ്യം നടന്നു ... ജെയിനെ അനുഗമിച്ചു പ്രവിയും .... ആ പള്ളിയുടെ അകത്തേക്ക് പ്രവേശിച്ചു...

ജെയിൻ രൂപക്കൂടിനു മുന്നിൽ മുട്ടിപ്പായി നിന്നു ..... പ്രവിയും അവൾക്കരികിൽ മുട്ടിപ്പായി നിന്നു....

അവർ കണ്ണുകൾ അടച്ചു പാർത്ഥനയിൽ മുഴുകി...

ജെയിനും പ്രവിയും അല്ലാതെ ആരും ആ പള്ളിയിൽ ഉണ്ടായിരുന്നില്ല .... ദൈവം അവർക്ക് മുന്നിൽ അവരുടേതായ ലോകം സൃഷ്ടിച്ചു......

കുറച്ചു നിമിഷത്തിനു ശേഷം പ്രവി മിഴികൾ തുറന്നു.... രൂപക്കൂട്ടിലെ ഈശോ മിശിഹായിയെ ഒന്നു നോക്കിയ ശേഷം തന്റെ അരികത്തായി ഇരിക്കുന്ന ജെയിനെ പ്രവി നോക്കി....

ജെയിൻ.... അവൾ... കണ്ണുകൾ അടച്ചു ഇപ്പോഴും പാർത്ഥനയിൽ മുഴുകി ഇരിക്കുകയാണു .... അവളുടെ മിഴികളിൽ നിന്നും കണ്ണീർ ഒഴുകി വെളുത്ത മാർബിൾ തറയിൽ പതിക്കുന്നു.....

ആ കാഴ്ച പ്രവിക്ക് അധികനേരം കണ്ടിരിക്കാൻ സാധിച്ചില്ല .... പ്രവി അവിടെന്നു എഴുനേറ്റു പുറത്തേക്കു നടക്കാൻ തുനിഞ്ഞു .....

"""ഇച്ചായ """

എന്നുള്ള ജെയിന്റെ വിളി കേട്ട് പ്രവി ഒന്നു നിന്നു ....

പ്രവി തിരിഞ്ഞു നോക്കിയപ്പോൾ തന്നെ നോക്കികൊണ്ട് നിറഞ്ഞകണ്ണുകളാൽ നിൽക്കുന്ന ജെയിൻ.....

""ഇച്ചായ... ഇച്ചായൻ എന്നെ വിട്ട് പോവല്ലേ .... എനിക്ക് പറ്റണില്ലാ ഇച്ചായൻ ഇല്ലാതെ..... """"""

ജെയിൻ പ്രവിയുടെ മാറിലേക്ക് ചാഞ്ഞു പ്രവിയെ മുറുകെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു.....

ജെയിന്റെ ആ പെരുമാറ്റം പ്രവിയെ ഒരു നിമിഷം നിചലമാക്കി....

അവളുടെ കളങ്കമില്ലാത്ത സ്നേഹം മനസിലാക്കിയ പ്രവി അവളെ ആലിംഗനം ചെയ്തു അവളെ തന്നിലേക്ക് കൂടുതൽ ചേർത്തു....

അവരുടെ ആ സ്നേഹത്തിനു സാക്ഷി ആയി ഈശോ മിശിഹായും...

"""ജെയിൻ.... ""

അവളുടെ കരച്ചിൽ ഒന്നു അടങ്ങിയപ്പോൾ പ്രവി വിളിച്ചു..

അവൾ പ്രവിയുടെ നെഞ്ചിൽ നിന്നും തലയുയർത്തി പ്രവിയെ നോക്കി...

""അപ്പോ നിനക്ക് എന്നെ ഇഷ്ടമായിരുന്നല്ലേ...... ""

പ്രവി ആനന്ദകണ്ണീരോടെ ചോദിച്ചു.....

"""""ഇച്ചായ ... ഇച്ചായനെ എനിക്ക് ഒരുപാട് ഇഷ്ടാ... ഇച്ചായൻ ഇല്ലാതെ ..... ഈ ജീവിതം....ജീവിതം.. """
പെട്ടന്ന് എന്തോ ആലോചിച്ച പോലെ ജെയിന്റെ വാക്കുകൾ നിന്നു ....

""പാടില്ല... """

ജെയിൻ പെട്ടന്ന് ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ട് പ്രവിയിൽ നിന്നും അകന്നു.....

""പാടില്ല ... ഇച്ചായനെ ... വിഷമിപ്പിക്കാൻ പാടില്ല..... """

ജെയിൻ ആരോടെന്നില്ലാതെ പിറുപിറുത്തു.....

ജെയിന്റെ ഭാവമാറ്റം ഉൾകൊള്ളാൻ പെട്ടന്ന് പ്രവിക്ക് ആയില്ല... .....

""""ജെയിൻ """

അവൻ വിളിച്ചു ....

അവന്റെ വിളി അവൾ കേട്ടില്ല ... അവൾ വെറൊതോ ചിന്തയിൽ ആണെന്നു .... പ്രവിക്ക് തോന്നി...

"""ജെയിൻ... """

അവളുടെ ഇരുതോളിലും പിടിച്ചു പ്രവി വിളിച്ചു...

""ജെയിൻ... എന്താ പറ്റിയെ തനിക്കു.... ജെയിൻ... ""

""ഇല്ല... ഇല്ലാ മാഷേ നമ്മൾ തമ്മിൽ.... ശെരിയാവില്ല .... വേണ്ട എന്നെ മറന്നേക്കു മാഷേ .... """

""എന്ത്... നീ ഇതു എന്തൊക്കെയാ പറയുന്നേ .... """

""വേണ്ടാ മാഷേ... നമ്മൾ തമ്മിൽ

....മാഷിനെ വിഷമിപ്പിക്കാൻ എനിക്കവില്ല..... എന്നെ മറന്നേക്കു.... """

തോളിൽ വെച്ച പ്രവിയുടെ കൈകൾ എടുത്തു മാറ്റി ജെയിൻ പറഞ്ഞു.... ഒപ്പം ജെയിൻ തിരിഞ്ഞു നടക്കാൻ ആഞ്ഞു....

""ജെയിൻ.... ""

തിരിഞ്ഞു നടക്കാൻ തുനിഞ്ഞ അവളുടെ കൈയിൽ പിടിച്ചു നിർത്തികൊണ്ട് പ്രവി വിളിച്ചു...

""ജെയിൻ... ഒരിക്കൽ എന്റെ സ്നേഹം തിരസ്കരിച്ചു കൊണ്ട് പോയതാ ....വീണ്ടും അതാവർത്തിക്കുകയാണോ.... """

ജെയിന് പറയാൻ മറുപടി ഒന്നും ഉണ്ടായില്ല അവൾ നിസ്സഹായത്തോടെ പ്രവിയുടെ മുഖത്തേക്ക് നോക്കി നിന്നു...

""വീണ്ടും എന്നോട് കള്ളം പറഞ്ഞു ... എന്നിൽ നിന്നും കാണാമറയത്ത് അകന്നു നിൽക്കാനാണോ ജെയിൻ ശ്രമിക്കുന്നത്.... ആണോ ജെയിൻ?? ..... """""

പ്രവി അവളുടെ മുഖത്തേക്ക് നോക്കി ..... അവൾ ഒന്നും പറയാനാകാതെ നിൽക്കുന്നു....

""അങ്ങനെ ആണെങ്കിൽ ജെയിന് തെറ്റി .....ഇന്ന് എനിക്ക് എല്ലാം അറിയണം .... എന്തുകൊണ്ട് എന്നെ ഒരുപാട് ഇഷ്ടപെടുന്ന നീ എന്നെ ഇഷ്ടമല്ല എന്ന കള്ളം വീണ്ടും വീണ്ടും എന്റെമുന്നിൽ ആവർത്തിക്കുന്നത് എന്ന് ..... ""

പ്രവി പറഞ്ഞു നിർത്തി...

"""മാഷേ ... ഞാൻ.... """

""ജെയിൻ ... ഞാൻ നിന്നെ നിർബന്ധിക്കുനില്ല നിനക്ക് താല്പര്യം ഉണ്ടേൽ മാത്രം പറഞ്ഞാൽ മതി .... പക്ഷെ ഒരു കാര്യം .... ഇന്നും നീ മൗനം പാലിച്ചുകൊണ്ട് ഇവിടെന്നു പോകാനാണ് ഉദ്ദേശംമെങ്കിൽ ഇനി ഈ ജന്മത്തിൽ ഒരിക്കലും നമ്മൾ തമ്മിൽ കണ്ടുമുട്ടുകയില്ല..... """

പ്രവി തീരുമാനിച്ചുറപ്പിച്ചത് പോലെ പറഞ്ഞു....

""മാഷേ.... """"

അവൾ ഒരു ഞെട്ടലോടെ വിളിച്ചു....

""അതെ ജെയിൻ..... ഇന്നത്തെ നമ്മുടെ  കൂടിക്കാഴ്ച്ച ഏറ്റവും അവസാനത്തേത് ആയിരിക്കും ..... """

""മാഷേ ... പ്ലീസ് .... ഇങ്ങനെ ഒന്നും പറയല്ലേ ..... """

""അങ്ങനെയെങ്കിൽ പറ എന്തുകൊണ്ട് എന്നെ ഒഴിവാക്കുന്നു എന്ന് .... """"""

""""അതു മാഷേ ... ഞാൻ എങ്ങനെയാ പറയാ...."""

""ശെരി ... താല്പര്യം ഇല്ലേൽ വേണ്ട ജെയിൻ ... പറയേണ്ട.... വാ .. നമുക്ക് പോകാം.... """

പ്രവി അതും പറഞ്ഞു തിരിഞ്ഞു നടക്കാൻ തുടങ്ങി...

പ്രവിയുടെ വാക്കുകൾ ജെയിനെ വീണ്ടും സങ്കടത്തിലാഴ്ത്തി.....

കുറച്ചു നേരം ജെയിൻ മൗനം പാലിച്ചു ...

""ഞാൻ പറയാം .... """

ജെയിന്റെ  വാക്കുകൾ കാതിൽ പതിഞ്ഞപ്പോൾ പ്രവി നിന്നു ... പ്രവി തിരിഞ്ഞു നോക്കിയപ്പോൾ ജെയിൻ തലകുമ്പിട്ടു നിൽക്കുന്നു....

""മാഷേ.... """

ജെയിൻ നേർത്ത ശബ്ദത്തിൽ വിളിച്ചു ... പ്രവി അവളുടെ കണ്ണുകളിലേക്ക് നോക്കി...

ജെയിൻ പറഞ്ഞു തുടങ്ങി .... ജെയിന്റെ വാക്കുകൾ പ്രവിയെ നിഛലം ആക്കി ... പ്രവിയുടെ മിഴികൾ നിറഞ്ഞു .... ഒരു നിമിഷം കൊണ്ട് ജെയിൻ എല്ലാം പറഞ്ഞു അവസാനിപ്പിച്ചു .....

""ഇല്ല .... താൻ കള്ളം പറയുകയാ എന്നെ ഒഴിവാക്കാൻ .... """

പ്രവി നിറകണ്ണുകളോടെ പറഞ്ഞു ...

"""പറ ജെയിൻ ... ഞാൻ കേട്ടത് ഒക്കെ കള്ളം അല്ലെ """

ജെയിന്റെ ഇരുതോളിലും കുലുക്കി കൊണ്ട് പ്രവി ചോദിച്ചു ....

""ഇല്ല മാഷേ ... മാഷിപ്പോ  കേട്ടതെല്ലാം സത്യമാ.... """

അതു കേട്ടപ്പോൾ പ്രവി അവളെ വിട്ടു  ഒന്നു പുറകോട്ടു നീങ്ങി....

""ഇച്ചായ...."""

അവളുടെ വാക്കുകൾ കേട്ട് സ്തംഭതനായി നില്കുന്ന പ്രവിയെ അവൾ വിളിച്ചു.....

അവളുടെ വിളി കേട്ട് പ്രവി അവളെ നോക്കി.....

""ഞാൻ പറഞ്ഞതെല്ലാം സത്യമാ ഇച്ചായ......."""""

""ഉം...  """

പ്രവിക്ക് ഒന്നു മൂളാൻ മാത്രമെ കഴിഞ്ഞോള്ളൂ....

"""ഇത് കാരണമാ ഞാൻ ഇച്ചായനിൽ നിന്നും അകലം പാലിച്ചത് .... അല്ലാതെ ഇഷ്ടക്കുറവുണ്ടായിട്ടല്ല...ഒരുപാട് ഇഷ്ടമാ എനിക്ക് ഈ ഇച്ചായനെ .... ഇച്ചായൻ എന്നെ മനസിലാക്കുന്നതിന് എത്രയൊ കാലം മുന്നേ ഞാൻ ഈ മനസ്സ് ഇഷ്ടപെട്ട് തുടങ്ങിയിരുന്നു... മെഡിസിന് പഠിക്കുന്ന കാലത്ത് ഇച്ചായന്റെ കൃതികളിൽ ആകർഷ്ടിതയായി ഇച്ചായനോട് ആരാധന മൂത്ത് ... പല തവണ ഇച്ചായൻ കാണാതെ ഞാൻ പലയിടങ്ങളിലും ഇച്ചായന്റെ നിഴലായി വന്നിരിന്നു..... ഒരുപാട് തവണ ഇച്ചായനെ നോക്കി നിന്നിരിക്കുന്നു പലയിടങ്ങളിൽ ..... ഒടുവിൽ കത്തുകളിലൂടെ എന്നെ ഇച്ചായനു പരിചയപ്പെടുത്തി.... അങ്ങനെ ഇരിക്കെ ഒളിച്ചു കളി മതിയാക്കി ഇച്ചായനുമായി കണ്ടുമുട്ടാം എന്ന് കരുതിയ സമയത്തു ആണ് .... ഈ സംഭവം ഞാൻ അറിയുന്നത് ...... ഒരുപാട് ദുഃഖങ്ങൾ അനുഭവിച്ച ആളെ വീണ്ടും വിഷമിപ്പിക്കാൻ തോന്നിയില്ല അങ്ങനെ സ്കോളർഷിപ്പ് കിട്ടിയപ്പോൾ പോകാൻ താല്പര്യം ഇല്ലാഞ്ഞിട്ടും ഞാൻ പോയി .... ഇച്ചായനെ മറക്കാൻ .... പക്ഷെ ആ ഒരു വർഷം കൊണ്ട് മറക്കാൻ പറ്റുന്ന കാര്യമല്ല അതു എന്ന് എന്നിക്ക് മനസിലായി .... പഠനം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ പലവട്ടം കാണാൻ കൊതിച്ചെങ്കിലും പരമാവധി കാണൽ ഒഴിവാക്കാൻ ശ്രമിച്ചു .... പക്ഷെ പറ്റിയില്ല ... ഞാൻ അറിയാതെ തന്നെ എന്റെ മനസ്സ് ഇച്ചായനെ തേടി എത്തി ...... ഇച്ചായനും ആയി അകലം പാലിക്കാൻ മനസ്സ് പറയുന്നുണ്ടായിരുന്നുവെങ്കിലും എന്നൊക്കൊണ്ട് പറ്റുന്നുണ്ടായിരുന്നില്ല.... അത്രയ്ക്ക് ഇഷ്ടം ആയിരുന്നു ഇച്ചായനെ ..... """"

അവളുടെ മിഴികളിൽ നിറഞ്ഞൊഴുകി......

"".... ""ഡി പ്രവിയേട്ടൻ കൊള്ളാട്ടോ ... നിനക്ക് ആലോചിച്ചാലോ ഏട്ടനെ .... """ഒരു ദിവസം ജെന്നി അതു പറഞ്ഞപ്പോൾ സന്തോഷതേക്കാൾ ഏറെ വേദന ആയിരുന്നു എനിക്ക് .....

""ഇച്ചായനു എന്നെ ഇഷ്ടമാണെന്നു എനിക്ക് അറിയായിരുന്നു .... ഒരു നാൾ എന്നോട് അതു തുറന്നു പറയും എന്ന് അറിയായിരുന്നു ......കപ്പേള യുടെ അവിടെ വെച്ച് ഇച്ചായന്റെ മനസ്സ് തുറന്നപ്പോൾ എനിക്ക് അതു തിരസ്കരിക്കാതെ നിവർത്തിയുണ്ടായിരുന്നില്ല..... ഇച്ചായനെ വലിയൊരു ദുഃഖത്തിലേക്ക് തള്ളി വിടാൻ എനിക്കാകിലായിരുന്നു.... അത്രക്കും ഞാൻ ഇഷ്ടപെടുന്നു എന്റെ ഈ ഇച്ചായനെ......."""""

അവൾ അതും പറഞ്ഞു തലകുമ്പിട്ടു നിന്നു..... അവളുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞിരുന്നു......

"""ഇച്ചായാ... """"

ജെയിൻ പെട്ടന്ന് ഞെട്ടി തലയുയർത്തി..... ജെയിനെക്കാൾ വേഗത്തിൽ പ്രവിയുടെ കൈ ചലിച്ചു കഴിഞ്ഞിരുന്നു.....

ഈശോ മിശിഹായെ സാക്ഷിയാക്കി ജെയിന്റെ കഴുത്തിൽ പ്രവി മിന്ന് അണിയിച്ചു .....

ജെയിൻ സ്വന്തം കഴുത്തിലേക്ക് നോക്കി .... അവൾ ഒരുപാട് ആഗ്രഹിച്ചിരുന്നത് ..... ഇച്ചായന്റെ കൈകൊണ്ടു തന്റെ കഴുത്തിൽ ഒരു മിന്ന് ........ അവളുടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു പക്ഷെ ആ സന്തോഷം അധികനേരം നിലനിന്നില്ല അവളുടെ മനസ്സിൽ വീണ്ടും ദുഃഖം ഇരച്ചുകയറി....

"""വേണ്ടായിരുന്നു ഇച്ചായ """"""

അവളുടെ മനസ്സ് മന്ത്രിച്ചത് അവളുടെ കണ്ണിലൂടെ പ്രവി മനസിലാക്കി......

പ്രവി രണ്ടു കൈകൊണ്ടും അവളുടെ മുഖം കോരിയെടുത്തു....

""ജെയിൻ.... """

അവളുടെ നിറ കണ്ണുകളിലേക്ക് നോക്കി അവൻ വിളിച്ചു അവന്റെ വിളി കേട്ടോണം അവൾ അവന്റെ കണ്ണിലേക്കു സൂക്ഷമതയോടെ നോക്കി .....

""തന്നെ ഞാൻ പ്രൊപ്പോസ് ചെയ്യാൻ തീരുമാനിച്ചപ്പോൾ തനിക്കായി പണി കഴിപ്പിച്ചത് ഈ താലി..... """

പ്രവി ഒരു കൈകൊണ്ടു അവളുടെ കൈയിലെ മിന്ന് പിടിച്ചു കൊണ്ട് പറഞ്ഞു.....

""ഇത് ഞാൻ ഇന്ന് തന്നെ ഏൽപ്പിച്ചു .... എന്നെന്നേക്കുമായി നമുക്ക് പിരിയാം എന്ന് കരുതിയ വന്നേ ..... പക്ഷെ .... ഞാൻ വേദനിക്കും എന്നുകരുതി എന്നിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന തന്നെ അടുത്തറിഞ്ഞ നിമിഷം ഞാൻ ഉറപ്പിച്ചു ഈ താലി തന്റെ കൈയിൽ അല്ല തന്റെ കഴുത്തിലാ വേണ്ടത് എന്ന് ...... എന്നെ ജീവനോളം സ്നേഹിക്കുന്ന തനിക്ക് ഞാൻ ഇതെങ്കിലും ചെയ്തില്ലേൽ പിന്നെ ഞാനെന്തിനാ ജീവിക്കുന്നെ..... ജെയിൻ .... ഇനിയുള്ള കാലം സുഖമായാലും ദുഃഖമായാലും നമുക്ക് ഒരുമിച്ചു അനുഭവിക്കാഡൊ...... """"

""""ഞാനുണ്ട് എന്റെ ഈ കുസൃതികുടുക്കക്കി കൂട്ടായി....... """"

അവനവളുടെ മൂർദ്ധാവിൽ മുത്തം നൽകി കൊണ്ട് പറഞ്ഞു .....

അവളുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു .... പ്രവിയുടെ കരുതലും സ്നേഹവും അവളുടെ ഉള്ളിലെ ദുഃഖം അലിയിച്ചു കളഞ്ഞു .... അവൾ സന്തോഷതോടെ അവൻറെ നെഞ്ചിലേക്ക് ചാഞ്ഞു .......

അവരുടെ സ്നേഹത്തിനു സാക്ഷിയായി ആ പള്ളിയും.........

""ഇച്ചായ....എന്താ ഇവിടെ നിർത്തിയെ....."""

പള്ളിയിൽ നിന്നും ജെയിന്റെ ഹോസ്റ്റലിലേക്കുള്ള വഴിമധ്യേ...... ഒരു മരത്തിന്റെ കീഴിലുള്ള തട്ടുകടയുടെ സൈഡിലായി പ്രവി കൈനെറ്റിക്ക് നിർത്തിയപ്പോൾ.... അത്രയും നേരം പ്രവിയെ ചാരി പ്രവിയുടെ തോളിൽ തലവെച്ചിരുന്ന ജെയിൻ കണ്ണുകൾ തുറന്നു ചുറ്റുപാടും വീക്ഷിച്ചിട്ട് പ്രവിയോട് ചോദിച്ചു....

""താനിതുവരെ ഒന്നും കഴിച്ചില്ലല്ലോ ... നമുക്ക് എന്തേലും കഴിച്ചിട്ട് യാത്ര തുടരാം.... """

സന്ധ്യസമയം .... ഇരുട്ട് വീണു തുടങ്ങിയിരുന്നു.....പ്രവി കൈനെറ്റിക്ക് ഒതുക്കിയിട്ട് തട്ടുകടയുടെ സൈഡിലായി മതിൽ കെട്ടാൻ ഉള്ള കരിങ്കൽ തറയുടെ അടുത്തേക്ക് ജെയിനേം കൂട്ടി നടന്നു .....

""താനിവിടെ ഇരിക്കു.... ഞാനിപ്പോ വരാം .... """

പ്രവി അതും പറഞ്ഞു തട്ടുകടയുടെ അടുത്തേക്ക് നടന്നു ... ജെയിൻ പ്രവിയുടെ വാക്കുകൾ അനുസരിച്ചുകൊണ്ട് ആ തറയിൽ ഇരുന്നു .....

"""കല്യാണ സദ്യയാ വേണ്ടത് ..... ഇന്ന് നമുക്ക് ഇത് വെച്ച് അഡ്ജസ്റ്റ് ചെയാം..... """

ഒരു പ്ലേറ്റിൽ മൂന്നാലു ദോശയും ചട്ടിണിയും ആയി പ്രവി ജെയിനരുകിൽ വന്നുകൊണ്ട് പറഞ്ഞു.....

അതു കേട്ടപ്പോൾ ജെയിൻ ചെറു പുഞ്ചിരി പ്രവിക്കായി സമ്മാനിച്ചു ....

പ്രവി ജെയിനരുകിൽ ഇരുന്നു .... ഒരു കഷ്ണം ദോശ എടുത്തു ചട്ടിണിയിൽ മുക്കി ജെയിന് നേരെ നീട്ടി....

"""ലേഡീസ് ഫസ്റ്റ്.... """

പ്രവി പറഞ്ഞു... ഒപ്പം അവളുടെ വായിലേക്ക് ആ ആഹാരം അവൻ പകർന്നു ....

ജെയിൻ സന്തോഷത്തോടെ അതു ഏറ്റുവാങ്ങി.... അവളുടെ കണ്ണിൽ സന്തോഷത്തിൻറെ നീർമുത്തുകൾ നിറഞ്ഞു....

പിന്നെയും ഒരുതവണ കൂടി ജെയിനെ അവൻ കഴിപ്പിച്ചു.....

അതുകഴിഞ്ഞു ജെയിന്റെ ഊഴം ആയിരുന്നു .... പ്രവി എങ്ങനെ തനിക്ക് നൽകിയോ അതുപോലെ നൂറുഇരട്ടി സ്നേഹത്തോടെ അവളും പ്രവിക്ക് ആഹാരം പകർന്നു കൊടുത്തു ....

കുറച്ചേറെ സമയം എടുത്തു അവരുടെ ആഹാരം കഴിക്കൽ അവസാനിക്കാൻ......

അങ്ങനെ ആഹാരം കഴിച്ചു കൈയും കഴുകി .... കടക്കാരന് പൈസയും കൊടുത്തു അവർ അവിടെന്നു ഇറങ്ങി ....

സമയം സന്ധ്യ ആയിരുന്നു എങ്കിലും നല്ലോണം ഇരുട്ട് വീണിരുന്നു ..... ആകാശം കാർമേഘങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു ...... അതിനാൽ തന്നെ മഴക്ക് മുന്നേ ഹോസ്റ്റലിൽ എത്താൻ വേണ്ടി അവർ ഇത്തിരി വേഗത്തിൽ ആണ് സഞ്ചരിച്ചിരുന്നത് ..... ഹോസ്റ്റലിൽ എത്തുന്നതിനു മൂന്നാലു കിലോമീറ്റർ മുന്നേ ശക്തിയായി മഴ പെയ്യാൻ തുടങ്ങി .... ഇടതു വശത്തു റയിൽപാളവും വലതു സൈഡിൽ ചെറിയ കുറ്റിക്കാടും നിറഞ്ഞ അധികം ആൾപ്പാർപ്പില്ലാത്ത വിജനമായ ഏരിയ ആയിരുന്നു അവിടം .... പ്രവി കയറിനിൽക്കാൻ വേണ്ടി സ്ഥലം നോക്കിയിട്ട് ഒന്നും കണ്ടു കിട്ടിയില്ല ... കുറ്റിക്കാടുകൾ മാത്രമായിരുന്നു അവിടം..... അവൻ കുറച്ചു ദൂരം കൂടി മുന്നോട്ടു സഞ്ചരിച്ചു..... കുറച്ചു മാറി ഒരു തണൽ മരം നിൽക്കുന്നത് കണ്ടപ്പോൾ പ്രവി വേഗം അതിൻറെ ചുവട്ടിൽ കൈനെറ്റിക്ക് കൊണ്ട് നിർത്തി.....

""ശ്ശോ... ആകെ നനഞ്ഞല്ലേ .... """

കൈനെറ്റിക്കിൽ നിന്നും ഇറങ്ങിയപ്പോൾ പ്രവി പറഞ്ഞു ....

പെട്ടന്ന് ഉള്ള ശക്തമായ മഴയായതിനാൽ ജെയിനും പ്രവിയും നന്നായി നനഞ്ഞു.....

കുറച്ചു സമയം അവർ ആ മരച്ചുവട്ടിൽ നിന്നു ... കുറച്ചു കഴിഞ്ഞപ്പോൾ ശക്തമായ കാറ്റും മഴക്ക് ഒപ്പം എത്തി അതോടെ ആ മരച്ചുവട്ടിൽ നിൽക്കാൻ പറ്റാതെയായി..... കയറി നിൽക്കാൻ പറ്റിയ വേറെ സ്ഥലം അന്വേഷിച്ചു പ്രവിയുടെ മിഴികൾ അവിടെകമാനം അലഞ്ഞു ..... അവസാനം കുറച്ചു മാറി ഉപയോഗ്യശൂന്യമായ റയിൽട്രാക്കിൽ ഒരു പഴയ ട്രെയിന്റെ കുറച്ചു ബോഗികൾ കിടക്കുന്നത് പ്രവിയുടെ മിഴികളിൽ പതിഞ്ഞു....

""ജെയിൻ ... നമുക്ക് അവിടെ കയറി നിന്നാലോ.... """

പ്രവിയുടെ വാക്കുകൾ കേട്ടപ്പോൾ ജെയിൻ ""പോകാം "എന്നർത്ഥത്തിൽ തലയാട്ടി.....

അരയടി പൊക്കമുള്ള പച്ചപുല്ലുകൾ മുകളിലൂടെ ജെയിന്റെ കൈയും പിടിച്ചു പ്രവി വേഗത്തിൽ ആ ബോഗിയുടെ അടുത്തേക്ക് നടന്നു .... പ്രവി ആദ്യം ബോഗിയുടെ ചവിട്ടു പടി ചവിട്ടി കയറി .... മുകളിൽ എത്തിയ പ്രവി ജെയിന് പിടിച്ചു കയറാനായി വലതു കൈ നീട്ടി .... പ്രവിയുടെ കൈയിൽ പിടിച്ചു ജെയിൻ പടിയിൽ ചവിട്ടി കയറി ....

"""ഠോ """"

ജെയിൻ മുകളിൽ എത്തിയ ഉടനെ ഒരു ശക്തമായ ഇടിമിന്നൽ അവർ നേരെത്തെ നിന്നിരുന്ന മരത്തിനടുത്തായി പതിച്ചു ......

ആ ശബ്ദ തരംഗത്തിന്റെ പ്രകമ്പനത്തിൽ ജെയിൻ ഞെട്ടി വിറച്ചു ......

അവൾ ""ഇച്ചായാ.... ""എന്നുറക്കെ നിലവിളിച്ചു കൊണ്ട് പ്രവിയെ ചുറ്റിവരിഞ്ഞു........... അവളുടെ പേടി കണ്ടു പ്രവി ചെറു പുഞ്ചിരിയോടെ അവളെ തന്നോട് ചേർത്തു

""ജെയിൻ """

കുറച്ചു കഴിഞ്ഞപ്പോൾ പ്രവി പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു ...

ആ വിളിയുടെ മാധുര്യത്തിൽ അവൾ മിഴികൾ പതിയെ തുറന്നു .... പ്രവിയുടെ മുഖത്തേക്ക് നോക്കി ....

""പേടിച്ചു പോയോ എന്റെ മുത്ത്.... """

പ്രവി അവളുടെ മിഴികളിൽ നോക്കി പതിയെ ചോദിച്ചു....

അവൾ അതിന് ഉത്തരം എന്ന നിലയിൽ ""ഉം.. ""എന്ന് മൂളിക്കൊണ്ട് മിഴികൾ അടച്ചു കാണിച്ചു ....

""നിനക്ക് തണലെകാൻ ഞാനുള്ളപ്പോൾ ...പേടിയെന്തിന് എൻ പ്രിയ സഖി.... .... """"""

പ്രവി അതും പറഞ്ഞു ജലകണകളാൽ നിറഞ്ഞ അവളുടെ നെറ്റിയിൽ ചുണ്ട് ചേർത്തു........

------------------------------------

""ജെയിൻ..... പോകണോടോ ഞാൻ.... """

റെയിൽവേ പ്ലാറ്റ്ഫോംമിലെ ചാരുബെഞ്ചിൽ പ്രവിയെ ചാരി ചെറു മയക്കത്തിലെന്നപോലെ മിഴികൾ അടച്ചിരിക്കുന്ന ജെയിനോട് പ്രവി ചോദിച്ചു....

""പോയിട്ട് വാ ഇച്ചായ...."""

""തന്നെ ഇവിടെ ഒറ്റക്ക് ആകിയിട്ട് പോകാൻ തോനുനില്ലല്ലടോ.... """

""ഇച്ചായ...നേരത്തെ എല്ലാം സംസാരിച്ചതല്ലേ ഇതേ കുറിച്ച് നമ്മൾ ... എനിക്ക് പ്രോമിസും താനതാ പോകാം എന്ന് ..... എന്നിട്ട് ഇപ്പോ....ഒരു അഞ്ചു മാസത്തിന്റെ കാര്യം അല്ലെ ഒള്ളു.... പോയിട്ട് വാ ""

""അത്രേം നാൾ തന്നെ കാണാതെ ... ""

""എന്താ ഇച്ചായ...ഇച്ചായനു പേടിയുണ്ടോ ... ഇച്ചായൻ തിരിച്ചു വരുമ്പോൾ ഞാൻ പോയിട്ടുണ്ടാകും എന്ന് ..... ""

""ജെയിൻ ... മിണ്ടാതെ ഇരിക്കുന്നുണ്ടോ... നീ എവിടേക്കും പോകില്ല.....നിന്നെ ഞാൻ എവിടേക്കും വിടില്ല.... ഇനി ഇതുപോലെ എങ്ങാനും പറഞ്ഞാലുണ്ടല്ലോ..... """

പ്രവി ദേഷ്യത്തിൽ പറഞ്ഞുകൊണ്ട് മറു സൈഡിലേക്ക് നോക്കി ഇരുന്നു ....

""ഹഹ... അപ്പോ അതാണ് കാര്യം .... ഇച്ചായൻ പേടിക്കണ്ടാട്ടൊ ഞാൻ ഇവിടെ തന്നെ ഉണ്ടാകും... മഴ കാത്തിരിക്കുന്ന വേഴാമ്പൽ പക്ഷിയെ പോലെ ഞാൻ ഇച്ചായനെ കാത്തിരിക്കുന്നുണ്ടാകും...... """""

അവൾ അതും പറഞ്ഞു .... പ്രവിയുടെ കവിളിൽ ചുണ്ടുകൾ കൂർപ്പിച്ചു മുത്തി.....

അവളുടെ സ്നേഹത്തിൽ പ്രവിയുടെ ദേഷ്യം അലിഞ്ഞില്ലാതെ ആയി അവൻ അവളുടെ മുഖം കൈകളിൽ കോരിയെടുത്തു..... തുരു തുരെ ഉമ്മകൾ കൊണ്ടു അവളുടെ മുഖം പൊതിഞ്ഞു ....

""പോകാൻ താല്പര്യം ഉണ്ടായിട്ടല്ല ... അവളുടെ നിർബന്ധം .... അവളുടെ വാക്കുകളെ എതിർക്കാൻ സാധിക്കാത്തത് കൊണ്ട് ..... അവളെ ധിക്കരിക്കാൻ കഴിയാത്തത് കൊണ്ട്...... അവളെ ഈ അവസ്ഥയിൽ ഒറ്റക്ക് ആക്കി പോകാൻ മനസ്സ് അനുവദിക്കുന്നില്ല... പക്ഷെ പോയെ പറ്റു എന്നവൾ വാശി പിടിക്കുമ്പോൾ ..... """

""""""""ഇച്ചായ....ഇച്ചായൻ ഡോക്യുമെന്ററി ചെയ്യാൻ പോയിട്ട് വാ .... ഇച്ചായൻ വന്നിട്ട് നമുക്ക് ഒരുമിച്ചു നാട്ടിലേക്കു പോകാം ... അങ്കിളിനോട് നമ്മുടെ കാര്യങ്ങൾ അറിയിക്കാം ..... """

"""ജെയിൻ ... നമുക്ക് നാട്ടിലേക്കു പോയാൽ പോരേ ഡോക്കുമെന്ററി ഞാൻ വേണ്ടാന്നു വെക്കാം ......"""""

"""""വേണ്ടാ.... ഞാൻ കാരണം അതു മുടങ്ങരുത്...... """"

""ജെയിൻ.... നിന്നെ ഈ അവസ്ഥയിൽ ... ഞാൻ എങ്ങനാടോ പോകാ......."""""

"""""പോകണം... പോയെ പറ്റു ..... ഞാൻ കാരണം ... ഇച്ചായന്റെ കരിയറിൽ ചുവന്ന വരകൾ വീഴാൻ പാടില്ല.... """""

""കരിയറിനേക്കാൾ വലുതല്ലേ എനിക്ക് നീ..... """""

""ആണോ... എന്നിട്ട് ആണോ ഞാൻ പറഞ്ഞത് അനുസരിക്കാത്തത്... """"

"""""അതു പിന്നെ... """"""

"""""""ഒരു പിന്നെയും ഇല്ല .... മര്യാദക്ക് ഞാൻ പറയുന്ന പോലെ പോയിട്ട് വാ ... ഇല്ലേൽ ... ഈ ജെയിനെ അറിയാലോ..... """""

കുറച്ചു മണിക്കൂറുകൾ മുൻപ് നടന്ന സംഭാഷണം പ്രവിയുടെ മനസ്സിൽ ഓടിയെത്തി........

കുറച്ചു സമയത്തിനകം പ്രവിക്ക് പോകേണ്ട ട്രെയിൻ വന്നു നിന്നു....

""എന്നാ ഞാൻ പോട്ടെ.... """

വാതിക്കലിലേക്ക് കയറാൻ പോകുന്നതിനു മുന്ന് പ്രവി ജെയിനോട് പറഞ്ഞു .....

""പോയിട്ട് വരാം എന്ന് പറയു ഇച്ചായാ.... """"""

ജെയിന്റെ മിഴികൾ ജലകണകകൾ കൊണ്ട് നിറഞ്ഞു....

""ഇച്ചായ.... """

ചെറു തേങ്ങലോടെ അവൾ അവനെ വരിഞ്ഞു മുറുകി....

പ്രവിയുടെ കണ്ണുകൾ നിറഞ്ഞു....

കുറച്ചു സമയം അവർ അവിടെ അങ്ങനെ നിന്നു .... ട്രെയിനിന്റെ ചൂളം വിളി കേട്ടപ്പോൾ ....

""ഒരായുസ്സിന്റെ സ്നേഹം ഒരറ്റ ദിവസം കൊണ്ട് എനിക്ക് നൽകിയില്ലെ എന്റെ ഇച്ചായൻ ... എനിക്ക് ഓർത്തിരിക്കാൻ അതുമതി..... """"""""

അവൾ അതും പറഞ്ഞു എത്തി വലിഞ്ഞു പ്രവിയുടെ ചുണ്ടിൽ മുത്തിയിട്ട് പ്രവിയിൽ നിന്നും അടർന്നു മാറി .....

""പോയിട്ട് വരാം .... """"

പ്രവി അത്രയും പറഞ്ഞു ചലിച്ചു തുടങ്ങിയ ട്രെയ്നിലേക്ക് കയറി....

കണ്ണെത്താദൂരം എത്തുന്നത് വരെ അവരുടെ മിഴികൾ കോർത്തിരുന്നു...... ട്രെയിനിന്റെ വേഗത കൂടുതോറും പതിയെ പതിയെ പ്രവിയുടെ കണ്ണിൽ നിന്നും അവൾ മാഞ്ഞു പോയി................

-----------------------------

"""ഡിംഗ്.... ഡിംഗ്.... ""സൂര്യനെല്ലി... സൂര്യനെല്ലി..... """

ബെൽ ശബ്ദത്തിനൊപ്പം കിളിയുടെ നാദവും പ്രവിയുടെ കാതുകളിൽ മുഴുകിയപ്പോൾ പ്രവിയുടെ മിഴികൾ താനേ തുറന്നു.......

ഓർമകളിലൂടെ ഒരുപാട് സഞ്ചരിച്ച പ്രവിയുടെ കണ്ണുകൾ ജാലകണകളാൽ നിറഞ്ഞു കവിഞ്ഞിരുന്നു....

നിറഞ്ഞ കലങ്ങിയ മിഴികൾ കൈകൊണ്ടു തുടച്ചു ... പ്രവി സീറ്റിൽ നിന്നും എഴുനേറ്റു ......

"""വർഷങ്ങൾക്കു മുൻപ് ജീവിതവും ജീവന്റെ അടയാളങ്ങളും ഉപേക്ഷിച്ചുകൊണ്ടുള്ള യാത്രയുടെ ആരംഭം ഇവിടുന്നയിരുന്നു ...... ആ യാത്രയുടെ പൂർത്തീകരണത്തിനായി വീണ്ടും ഇവിടം..... """"""

ബസിൽ നിന്നും ഭൂമിയിലെ മണ്ണിലേക്ക് കാലെടുത്തു വെക്കുമ്പോൾ പ്രവിയുടെ മനസ്സ് മന്ത്രിച്ചു......

മുൻപ് ഒരു തവണ വനിട്ടൊള്ളുയെങ്കിലും

ബത്‌ലേഹമിലേക്ക് ഉള്ള വഴിയൊക്കെ പറച്ചുമാറ്റാൻ കഴിയാത്ത വിധം പ്രവിയുടെ മനസിന്റെ ആഴങ്ങളിൽ പതിഞ്ഞിട്ടുണ്ടായിരുന്നു......

ബസ് സ്റ്റോപ്പിനടുത്തുള്ള ചായക്കടയും... ചെറിയ പലവ്യഞ്ജനകടകളും ഒക്കെ ഒരു നോക്ക് വീക്ഷിച്ചിട്ട് ..... പ്രവി മെയിൻ റോഡിലൂടെ പതിയെ നടന്നു .....

കുറച്ചു നടത്തിനൊടുവിൽ..... ""ആൻസ് ബത്‌ലേഹം "" എന്ന് ഒരു ആർച്ചു പോലെ എഴുതിയ ഒരു ഗേറ്റ് നു മുന്നിൽ പ്രവി എത്തിച്ചേർന്നു......

""ഫെർണാണ്ടസ് സാറിനെ ഒന്നു കാണണമായിരുന്നു.... """

അവിടത്തെ സെക്യൂരിറ്റിയോട് പ്രവി ആഗമനുദ്ദേശം പറഞ്ഞു.....

അതുകേട്ടപ്പോൾ സെക്യൂരിറ്റി പ്രവിക്ക് ഗേറ്റ് തുറന്നു ഓഫീസ് റൂം ലേക്ക് ഉള്ള വഴി പറഞ്ഞു കൊടുത്തു.....

സെക്യൂരിറ്റി യുടെ നിർദേശം അനുസരിച്ചു പ്രവി അവിടത്തെ ഓഫീസിൽ എത്തിച്ചേർന്നു....

""ഫെർണാണ്ടസ് സാർ?? .... """

റിസെപ്ഷനിലെ പെണ്കുട്ടിയോട് പ്രവി ചോദിച്ചു....

"""""സാർ പുറത്തു പോയിരിക്കുകയാണല്ലോ ..... """

""ഉം.എപ്പോൾ വരും .. അധികം വൈകുമോ?? ..."""

""അറിയില്ല....കുറച്ചു കഴിയും എന്ന് തോന്നുന്നു..... """

"""ഉം... അല്ല ... ജെനി.... സോറി... ജെന്നിഫർ ഉണ്ടോ?? ..... """

""ആ... ജെനി മേം അകത്തുണ്ട്.... """

""എനിക്ക് ഒന്നു കാണാൻ പറ്റുമോ.... """

""ഒരു മിനിറ്റ് സാർ....... """

""സാർ അവിടെ ഇരുന്നോളു.... ""

റിസെപ്ഷൻ ടേബിളിന് മുന്നിലുള്ള കസേരയിലേക്ക് നോക്കി

അതും പറഞ്ഞു ആ കുട്ടി റിസ്പെഷൻ ഡസ്ക്ന്റെ സൈഡിലെ വാതിൽ വഴി അകത്തേക്ക് കടക്കാൻ ഭാവിച്ചു....

പ്രവി അവളുടെ വാക്കുകൾ കേട്ട് ആ കസേരയിലേക്ക് ഇരുന്നു....

""സാർ...സോറി..ചോദിക്കാൻ മറന്നു .. ജെനി മേം നോട് ആരു വന്നു ന്നു പറയണം... ""

ആ വാതിൽ തുറന്നു അകത്തു കടക്കാൻ ഭവിച്ച ആ കുട്ടി പെട്ടന്ന് നിന്നു തിരിഞ്ഞു നോക്കികൊണ്ട് പ്രവിയോട് ചോദിച്ചു...

"""ഓർമ്മത്താളുകളിലെ ഇന്നലകളിൽ

കണ്ടുമുട്ടിയ ഒരു ഏട്ടൻ വന്നിട്ടുണ്ടെന്നു പറഞ്ഞാൽ മതി ........ """"

പ്രവി ചെറു പുഞ്ചിരിയോടെ പറഞ്ഞപ്പോൾ .... ചെറു ചിരിയോടേ പറയാം എന്നർത്ഥത്തിൽ മുഖം കാണിച്ചു ആ പെൺകുട്ടി അകത്തേക്ക് പോയി....

പ്രവി കുറച്ചു നേരം അവിടെ ഇരുന്നു ആ ഓഫീസിന്റെ ചുറ്റുപാടും വീക്ഷിച്ചു ..... പ്രവിയുടെ മിഴികൾ അവിടെ അലഞ്ഞു തിരിയുന്നതിനിടയിൽ ആ ഓഫീസിന്റെ ഒരു സൈഡ് ഭിത്തിയിലെ ഒരു വലിയ പെയിന്റിങ്ങിൽ അവന്റെ മിഴികൾ ഉടക്കി നിന്നു....

പ്രവി കസേരയിൽ നിന്നും എഴുനേറ്റു.... ആ പെയ്ന്റിങ്ങിന്റെ അടുത്തേക്ക് നടന്നടുത്തു....

"""അങ്കിൾ .... ""കസേരയിൽ ഇരിക്കുന്ന ഫെർണാണ്ടസ് അങ്കിൾ ന്റെ ഫോട്ടോയിൽ നോക്കികൊണ്ട് പ്രവിയുടെ മനസ്സ് മന്ത്രിച്ചു..... '''ജെനി.... """ഫെർണാണ്ടസ് അങ്കിളിന്റെ ഇടത്തെ വശത്തു പുഞ്ചിരിയോടെ വീൽചെയറിൽ ഇരിക്കുന്ന ജെനിയെ കണ്ടപ്പോൾ പ്രവിയുടെ മനസ്സ് മന്ത്രിച്ചു .... അവരുടെ രണ്ടുപേരുടെയും പുറകിൽ ഇരുന്നുകൊണ്ട് അവരുടെ തോളിലൂടെ കൈയിട്ടു അവരുടെ ഇടയിൽ നടുക്കായി രണ്ടു ചെയറിന്റെയും ഒരുമിച്ചു മുട്ടുന്ന ഭാഗത്തായി തലവെച്ചു പുഞ്ചിരിയോടെ അവൾ ...... """ ജെയിൻ """"".......പ്രവിയുടെ കണ്ണുകൾ ഇറാനായി .... അവളുടെ ആ തിളങ്ങുന്ന കണ്ണുകളിൽ നോക്കി അവൻ കുറച്ചു നേരം നിന്നു.......

""""""ഏട്ടാ..... """

ജെനിയുടെ ശബ്ദം പ്രവിയുടെ കാതുകളിൽ അലയടിച്ചു..... പ്രവി തിരിഞ്ഞു.....

നിറപുഞ്ചിരിയോടൊപ്പം ജലകണകളാൽ നിറഞ്ഞ മിഴികളുമായി വീൽ ചെയർ ഉരുട്ടി തന്റെ നേരെ വരുന്ന ജെനിയെ അവൻ കണ്ടു ......

ജെനി അവനരുകിൽഎത്തിയപ്പോൾ അവൻ അവൾക്കു മുന്നിൽ മുട്ടുകുത്തി .....

രണ്ടുപേരും ഒന്നും സംസാരിക്കാൻ ആകാതെ കുറച്ചു നിമിഷങ്ങൾ അങ്ങനെ നിന്നു.....

""ബാർബർ ഷോപ്പ് ഇല്ലാത്ത നാട്ടിൽ ആയിരുന്നു വോ ഇത്രേം കാലം എന്റെ ഏട്ടൻ .... """"

പ്രവിയുടെ നീളൻ മുടിയിഴകളിൽ കൈ കൊണ്ട് കോതിയിട്ട് ജെനി ചെറു ചിരിയോടെ ചോദിച്ചു ....

ജെനിയുടെ കളിചിരി നിറഞ്ഞ മുഖം ദർശിച്ചപ്പോൾ പ്രവിയുടെ മുഖത്ത് പുഞ്ചിരി വിടർന്നു....

അവന്റെ പുഞ്ചിരി കണ്ടപ്പോൾ ""എന്താ ""എന്നർത്ഥത്തിൽ അവൾ അവനെ നോക്കി....

"""എന്റെ പെങ്ങളൂട്ടിയുടെ കൈയിൽ നിന്നും ഒരടിയാ ഈ ഏട്ടൻ പ്രതീക്ഷിച്ചേ........ """"

പ്രവി ചെറു ചിരിയോടെ പറഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽ ജലകണങ്ങൾ നിറഞ്ഞു.....

""ന്റെ ഏട്ടനെ തലോടാനല്ലതേ തല്ലാൻ ഏട്ടന്റെ പെങ്ങളൂട്ടിക്ക് ആവുമോ... """

അവളതും പറഞ്ഞു പ്രവിയുടെ തോളിലേക്ക് തലചായ്ച്ചു......

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി .... അവളുടെ സ്നേഹത്തിനു മുന്നിൽ പ്രവിയുടെ കണ്ണുകളും നിറഞ്ഞു ....

""എന്തിനായിരുന്നു ഏട്ടാ ഈ ഒളിച്ചോട്ടം ... ഞങ്ങളെ ഒക്കെ ഉപേക്ഷിച്ചു ഇങ്ങനെ ഒരു യാത്ര വേണമായിരുന്നുവോ..... """

പ്രവിയിൽ നിന്നും അകന്നു മാറി കൊണ്ട് ജെനി ചോദിച്ചു.....

ജെനിയുടെ ചോദ്യത്തിന് ഉത്തരം പറയാതെ പ്രവി ചെറു ചിരി മുഖത്ത് വരുത്തിക്കൊണ്ട് ജെനിയുടെ നിറഞ്ഞകണ്ണുകൾ തുടച്ചു മാറ്റി....

""സുഖമാണോ എന്റെ പെങ്ങളൂട്ടിക്ക് """"

പ്രവിയുടെ ചോദ്യത്തിന് ""ഉം... '"എന്ന് മൂളി കൊണ്ട് അവൾ തലയാട്ടി....

അവളുടെ മൂളലിനു പകരമെന്നനിലയിൽ അവൻ അവൾക്കു ഒരു പുഞ്ചിരി സമ്മാനിച്ചു......

""എവിടെയായിരുന്നു ഏട്ടാ ഇത്രയും കാലം..... ""

"""""യാത്രയിൽ ആയിരുന്നു .....

ജീവിതാർത്ഥം തേടിയുള്ള യാത്രയിൽ.... """"

"""ഉം.... ""

ആ സംഭാഷണത്തിനു ശേഷം കുറച്ചു നിമിഷങ്ങളിൽ അവരുടെ ഇടയിൽ മൗനം നിറഞ്ഞു നിന്നു....

ആ മൗനത്തിനു വിരാമം ഇട്ടു കൊണ്ട് ജെനി.... ""ഏട്ടാ... ""എന്ന് ചെറു ശബ്ദത്തിൽ വിളിച്ചു ....

അവളുടെ വിളി കേട്ടോണം അവൻ അവളെ നോക്കി ....

""ഏട്ടന് കാണണ്ടേ അവളെ.... """

ജെനിയുടെ വാക്കുകൾക്ക് ""ഉം..കാണണം .. ""എന്നർത്ഥത്തിൽ തലയാട്ടി കൊണ്ട് അവൻ അവളുടെ മുന്നിൽ നിന്നും എഴുനേറ്റു....

""പോകാം.... """

ജെനിയുടെ വീൽചെയറിന്റെ പിടികളിൽ കൈ പതിപ്പിച്ചു കൊണ്ട് പ്രവി പറഞ്ഞു...

അതിനവൾ ""പോകാം... ""എന്നർത്ഥത്തിൽ തലയാട്ടി.....

""അഞ്ചു വർഷങ്ങൾക്ക് ശേഷം വീണ്ടും അവളുടെ മുന്നിലേക്ക് ....എന്റെ ജീവന്റെ പാതിയുടെ മുന്നിലേക്ക് ..... എന്റെ കൃസൃതികുടുക്കയുടെ മുന്നിലേക്ക് ..... എന്റെ ജെയിനിലേക്ക്..... """"""

പ്രവിയുടെ മനസ്സ് മന്ത്രിച്ചു....

വീൽ ചെയർ മുന്നോട്ടു സഞ്ചരിക്കും തോറും പ്രവിയുടെ മനസ്സ് വർഷങ്ങൾക്കു പുറകോട്ടേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു......

""ജെയിന്റെ കഴുത്തിൽ പ്രവി മിന്ന് അണിഞ്ഞ ദിവസം....അവരുടെ മനസും ശരീരവും തമ്മിൽ ഒന്നായ ദിവസം..... അവളുടെ സ്നേഹത്തിൽ പ്രവി ലയിച്ചു ചേർന്ന ദിവസം ..... """""

അന്ന് .... അധികം വൈകാതെ തിരിച്ചെത്താം എന്ന് ജെയിനോട് വാക്ക് പറഞ്ഞ് ട്രെയിനിൽ കയറി യാത്രപറഞ്ഞുപോയ

പ്രവി തിരിച്ചു ബാംഗ്ലൂർ വരുന്നത് ഒൻപതു മാസങ്ങൾ ക്ക് ശേഷം ആണ്......

ഡോക്കുമെന്ററിയുടെ ആദ്യ രണ്ടുമാസങ്ങളിൽ പ്രവി ജെയ്ന് കത്തുകൾ അയച്ചിരുന്നു .... പിന്നെ ഫോൺ ചെയ്യാൻ പറ്റുന്ന സാഹചര്യത്തിൽ അവളെ വിളിക്കാനും അവൻ ശ്രമിച്ചു.... പക്ഷെ പിന്നിടുള്ള മാസങ്ങളിൽ അവനു അവളെ കോൺടാക്ട് ചെയ്യാനോ അവൾക്ക് കത്തുകൾ

അയക്കനോ കഴിയാതെ പോയി.... അവനെ കുറ്റം പറയാൻ പറ്റില്ല അതിനുള്ള സാഹചര്യം ആ വനാന്തരങ്ങളിൽ ഇല്ലാതെ പോയി... അങ്ങനെ മൂന്നു മാസം എങ്ങനെ യൊക്കെ കടന്നു പോയി ... അവളെ കാണാനുള്ള തിടുക്കത്തിൽ പ്രവി ഡോക്കുമെന്ററി അഞ്ചു മാസം കൊണ്ട് കപ്ലീറ്റ് ആക്കി..... അങ്ങനെ തിരിച്ചു വരാൻ ഇരിക്കുന്ന സമയത്താണ് പ്രവിയുടെ ഗ്രൂപ്പിനു നേരെ തീവ്രവാദിആക്രമണം ഉണ്ടാകുന്നത് .... പ്രവിയെയും പ്രവിയുടെ കൂടെയുള്ളവരെയും അവർ തടവിലാക്കി..... പ്രവിയെം കൂട്ടരേം കാണാനില്ല എന്ന വാർത്ത ഗവണ്മെന്റ്ന്റെ ഇടപെടൽ മൂലം അധികം ആരും അറിയാതെ പോയി ...... രാപകലുകൾ അറിയാത്ത ദിനങ്ങൾ .... അവരുടെ താവളങ്ങളിൽ പ്രവിയും കൂട്ടരും ... മാസങ്ങൾ കഴിഞ്ഞു .... ഗവണ്മെന്റ്ന്റെ രഹസ്യഅന്വേഷണ വിഭാഗത്തിനു ലഭിച്ച വിവരത്തെ തുടർന്ന് പ്രവിയെ കൂട്ടരേം തടവിലാക്കിയ ഒളിസങ്കേതത്തിനു നേരെ ഒരു കമാന്റോ ഓപ്പറേഷൻ.... അതിലൂടെ പ്രവിയും കൂട്ടരും പുറംലോകം കണ്ടു..."""

""തീവ്രവാദികളുടെ പീഡനങ്ങളിൽ പ്രവിയെ തളരാതെ പിടിച്ചു നിർത്തിയത് ജെയിനെ കാണണം എന്നുള്ള ചിന്തയാണ്... അതിനാൽ തന്നെ അവിടെന്നു രക്ഷപെട്ട അവൻ ആദ്യം എത്തിയത് ബാംഗ്ലൂരിലേ അവളുടെ ഹോസ്റ്റലിൽ ആയിരുന്നു..... പക്ഷെ ആ ഹോസ്റ്റലിൽ അവൾ ഉണ്ടായിരുന്നില്ല ..... അവൾ മാസങ്ങൾക്കു മുൻപ് കോഴ്സ് നിർത്തി നാട്ടിലേക്ക് പോയെന്നു മാത്രം അവിടെന്നു അറിയാൻ കഴിഞ്ഞു.... പുതിയ വാർഡൻ ആയതോണ്ട് എന്താ കാര്യമെന്നു പോലും അറിയാൻ പ്രവിക്ക് കഴിഞ്ഞില്ല.....പ്രവി അതറിഞ്ഞപ്പോൾ തന്നെ നാട്ടിലേക്കു വണ്ടി കയറി... നാട്ടിലെത്തിയ പ്രവി വീട്ന്റെ താക്കോൽ വേലു ഏട്ടനെ ഏല്പിച്ചു ഒരാളെ കാണാൻ പോകുക ആണെന്ന് മാത്രം പറഞ്ഞു സൂര്യനെല്ലിക്ക് ബസ് കയറി..... """"""

""സൂര്യനെല്ലിയിൽ ബസ് ഇറങ്ങിയ പ്രവിക്ക് ... ""ആൻസ് ബത്‌ലേഹം ""എന്ന് മുഴുവൻ ചോദിക്കുന്നതിനു മുന്നേ""ദേ ആ കാണുന്ന ആളുകളുടെ പുറകെ പൊക്കൊളു അവർ അങ്ങോട്ടേക്കാ... ""എന്ന് കടക്കാരന്റെ പക്കൽ നിന്നും ഉത്തരം ലഭിച്ചു....

പ്രവി അവരുടെ പുറകെ നടന്നു .... കുറച്ചു നടത്തിനിടുവിൽ വഴിയരികിൽ അങ്ങിങ്ങായി കുറച്ചു കാറുകൾ നിർത്തിയിട്ടിയിരിക്കുന്നത് പ്രവിയുടെ ശ്രദ്ധയിൽ പെട്ടു .... പിന്നെ അവിടിവിടെയായി ആളുകൾ കൂട്ടം കൂടി നിൽക്കുന്നതും....

പ്രവിയുടെ മുന്നിൽ നടക്കുന്നവരുടെ എണ്ണം കൂടിവരുന്നത് പോലെ പ്രവിക്ക് തോന്നി .... പ്രവി വീണ്ടും മുന്നോട്ടു സഞ്ചരിച്ചു .... പ്രവിയുടെ മുന്നിൽ ആൻസ് ബത്‌ലേഹമിന്റെ ആർച്ചു പ്രത്യക്ഷപെട്ടു .... പ്രവിയുടെ മുന്നിൽ ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വന്നു ... ബത്‌ലേഹം മിന്റെ കവാടം എത്തുന്നതിനു മുന്നേ നിലവിളിയുടെ മണി മുഴക്കം മുഴുക്കികൊണ്ട് ഒരു ആംബുലൻസ് പ്രവിക്കരികിലൂടെ കടന്നു പോയി ... ആ ആംബുലൻസ് കുറച്ചു മുന്നോട്ടു സഞ്ചരിച്ചിട്ട് ഒന്നു നിർത്തി പുറകോട്ടേക്ക് എടുത്ത് കൊണ്ട് ബത്‌ലേഹം ന്റെ കവാടത്തിലൂടെ അകത്തേക്ക് പ്രവേശിച്ചു ......

അവിടെവിടെയായി തിങ്ങി നിറഞ്ഞു നിൽക്കുന്ന എല്ലാ ജനങ്ങളുടെ മുഖത്തും വിഷാദഭാവം നിറഞ്ഞിരുന്നു.... ആൻസ് ബെത്ലെഹിമിന്റെ ആർച്ചിൽ കെട്ടിയ കറുത്ത കൊടിയും പ്രവിയുടെ മിഴികളിൽ നിറഞ്ഞു നിന്നു ....

പ്രവിയുടെ നടത്തത്തിനു വേഗത കുറഞ്ഞു വന്നു .....

തിങ്ങി നിറഞ്ഞ ജനങ്ങൾക്ക് അരികിലൂടെ ആ ആംബുലൻസിനോട് ചേർന്നു പ്രവി ആംബുലൻസിന്റെ പുറകിലെ ഒരു സൈഡിലായി എത്തി.....

മൂന്നാലു പേർ ചേർന്നു ആംബുലൻസിനു ഉള്ളിൽ നിന്നും ഒരു ചില്ലു കൂടാരം ഇറക്കി ജനമദ്ധ്യത്തിൽ പൂക്കൾ കൊണ്ടലങ്കരിച്ച ചുവന്നപരവതാനിയിൽ കൊണ്ടുവച്ചു...... ആ ചില്ലു കൂടാരത്തിനു പുറകെ ആംബുലൻസിൽ നിന്നും വീൽചെയറിൽ കരഞ്ഞു തളർന്ന കണ്ണുകളുമായി ജെനിയും അവളുടെ അങ്കിളും ഇറങ്ങി ആ ചില്ലു കൂടാരത്തിനു അരികിലായി നിന്നു ......

""പ്രിയ ജെയിന് പ്രണാമങ്ങളോടെ വിട """"

എന്ന കുറിപ്പോടെയുള്ള ജെയിന്റെ ചിരിച്ച മുഖം ആ ചില്ല് കൂടാരത്തിനു മുന്നിലായി കണ്ടതോടെ പ്രവിയുടെ സകല നാഡീഞെരമ്പുകളും നിഛലമായി കഴിഞ്ഞിരുന്നു ..... പ്രവി നിറകണ്ണുകളോടെ അവൾക്കരികിലേക്ക് നടന്നടുക്കാനാവാതെ ആ ആംബുലൻസിനരുകിൽ മുട്ടുകുത്തി.........

ജെയിനെ കാണാനുള്ള ആളുകളുടെ തിക്കും തിരക്കും.... ബത്‌ലേഹെമിലെ അന്തേയിവാസികളുടെ കൂട്ടനിലവിളികളോ..... ഒന്നും പ്രവിയുടെ കാതുകളിലോ മിഴികളിലോ പതിഞ്ഞത് പോലുമില്ല ...... അവന്റെ മിഴികളിൽ ജെയിന്റെ ചിരിച്ച മുഖം മാത്രമായിരുന്നു........ അവന്റെ കാതുകളിൽ അവളുടെ കൊഞ്ചൽ നിറഞ്ഞ ""മാഷേ ""എന്നുള്ള വിളിയും...... പ്രവിയുടെ ലോകം അതായിരുന്നു.....

ജെയിനെ... അടക്കാനായി എടുത്തോണ്ട് പോയപ്പോഴും അവളെ ഒരു നോക്ക് കാണന്നോ അവൾക്ക് അവസാനചുംബനം നൽകാനോ പ്രവി ശ്രമിച്ചില്ല .... ആർക്കും മുഖം നൽകാതെ നാട്ടുകാരിൽ ഒരാളായി പ്രവി അവരുടെ ഇടയിലൂടെ അവളുടെ അമ്മയുടെ കുഴിമാടത്തിനരുകിൽ അവൾക്കായി കുത്തിയ കുഴിക്ക് അരികിൽ എത്തിച്ചേർന്നു ....

കുറച്ചു നേരത്തെ പാർത്ഥനകൾക്കും അടക്കിന്റെ കർമങ്ങൾക്കും ശേഷം അവളുടെ ശവമഞ്ചൽ കയറു കെട്ടി കുഴിയിലേക്ക് ഇറക്കി .... അവിടെ നിന്നവരെലാം ഒരുപിടി മണ്ണുവാരി അവളുടെ ശവമഞ്ചലിന് മുകളിൽ ഇട്ടു.... നിമിഷങ്ങൾക്കകം അവളുടെ മഞ്ചലിനു മുകളിൽ മണ്ണ് നിറഞ്ഞു ..... ജെയിൻ ... അവൾ എന്നെന്നേക്കുമായി ഈ ഭൂമി വിട്ടകനിരിക്കുന്നു.......

സമയം കടന്നുപോയി അവളുടെ കുഴിമാടത്തിന് അരികിൽ ഉണ്ടായിരുന്ന ഓരോരുത്തരായി പിരിഞ്ഞു പോയി ..... അവസാനം കരഞ്ഞു തളർന്ന കണ്ണുകളുമായി വീൽചെയറിൽ ഇരിക്കുന്ന ജെനിയെം കൊണ്ട് അങ്കിൾ നടന്നു പോകുന്നത് ആ മലമുകളിലെ കുറ്റികാട്ടിൽ ആർക്കും മുഖം കൊടുക്കാതെ നിന്ന പ്രവി കണ്ടു....

""""""""ജെയിൻ..... നിന്നെ തേടിയുള്ള എന്റെ യാത്ര പരിസമാപ്തിയിൽ എത്തിയിരിക്കുന്നു....... എത്രയെത്ര രാപ്പകലുകൾ നിന്നെ തേടി എന്റെ മനസലഞ്ഞു......

അവസാനം ഇങ്ങനെയൊരു കൂടിക്കാഴ്ച്ചക്കായിരുന്നുവോ..... നമ്മൾ സ്നേഹിച്ചത്...... """""""

ജെയിന്റെ കുഴിമാടത്തിന്നു ഒപ്പം കിടന്നു ആ മണൽതിട്ടയെ കെട്ടിപിടിച്ചുകൊണ്ട് പ്രവിയതുപറഞ്ഞപ്പോൾ പ്രവിയുടെ വാക്കുകൾക്ക് കണ്ണീരിന്റെ ചുവയുണ്ടായിരുന്നു ........

------------------------------

""ഏട്ടാ.... ഈ വഴിയാ... """

ജെനിയുടെ ശബ്ദമാണ് പ്രവിയെ ഓർമ്മകളിൽ നിന്നും തിരികെയെത്തിച്ചത്...

വള്ളിപ്പടർപ്പുകളും കുറ്റിച്ചെടികളും നിറഞ്ഞ മലമുകളിലെ കാട്ടു വഴിയിലൂടെ പ്രവി ആ വീൽചെയർ ഉന്തി .....

കുറച്ചു നടത്തിനൊടുവിൽ പ്രവിയുടെ കണ്ണിൽ പതിഞ്ഞു രണ്ടു കല്ലറകൾ ..... ഒന്നു ആൻ ന്റെയും മറ്റൊന്നു തന്റെ പ്രിയസഖിയുടെയും......

പ്രവി ജെനിയെം കൂട്ടി ജെയിന്റെ കല്ലറക്ക് മുന്നിൽ എത്തിച്ചേർന്നു .....

കറുത്ത ഗ്രാനൈറ്റിൽ തീർത്ത ആ കല്ലറക്ക് കുരിശിന്റെ ഭാഗത്തായി തിളങ്ങുന്ന ഗ്രാനൈറ്റിൽ ജെയിന്റെ ചിരിക്കുന്ന മുഖം കൊത്തിവെച്ചിരുന്നു.....

"""""ഒരിക്കലും തിരിച്ചു വരണം എന്ന് കരുതിയതല്ല ഇവിടേക്ക് ... അന്ന് നിന്നോട് യാത്രപറഞ്ഞു പോകുമ്പോൾ മനസ്സിൽ ഉറപ്പിച്ചതാ നിന്നെ കാണാനായി നിന്റെ ലോകത്തിലേക്കുള്ള യാത്ര..... പലവട്ടം അതിനായി ശ്രമിച്ചു .... പക്ഷെ എന്റെ നിഴലായി അദൃശ്യയായി എന്നോടൊപ്പം നിന്നുകൊണ്ട് എന്നെ നീ അതിൽ നിന്നും ഒക്കെ പിന്തിരിപ്പിച്ചു......

എന്തിനുവേണ്ടിയായിരുന്നു ജെയിൻ അതൊക്കെ??? ...... """

കല്ലറക്ക് മുന്നിൽ നിന്നുകൊണ്ട് പ്രവിയുടെ മനസ്സ് ജെയിനോട് ചോദിച്ചു.... അതിന് ഉത്തരമെന്നനിലയിൽ പ്രവിയുടെ മനസ്സിൽ വിരിഞ്ഞത് ""അതൊക്കെ വഴിയേ മനസിലാകും മാഷേ ""എന്നരീതിയിൽ പുഞ്ചിരിയോടെ നിൽക്കുന്ന ജെയിന്റെ രൂപമായിരുന്നു.......

""""ഏട്ടാ... """

ജെനിയുടെ ശബ്ദതരംഗങ്ങൾ കാതിൽ അലയടിച്ചപ്പോൾ പ്രവി ജെനിയെ നോക്കി.....

""ഏട്ടന് അറിയായിരുന്നല്ലേ ജെയിന്റെ അസുഖത്തെ കുറിച്ചു,, """

"""ഉം.... ""

പ്രവിക്ക് ഒന്നു മൂളാൻ മാത്രമേ കഴിഞ്ഞൊള്ളു ....

"""എന്നിട്ട് എന്താ ഏട്ടാ അവളെ ഒറ്റക്ക് ആക്കി പോയെ..... """

""അവൾ എല്ലാം എന്നോട് പറഞ്ഞിരുന്നു .... അവളുടെ എപ്പോ വേണേലും നിൽക്കാവുന്ന ഹാർട്ടിനെ കുറിച്ചും .... അവളുടെ ജീവൻ നിലനിർത്താനുള്ള ഒരു ചികിത്സയും ഇല്ല എന്നതിനെ കുറിച്ചും ..... അതു അറിഞ്ഞേ പിന്നെ ഞാൻ കരുതിയതാ ഒരു നിമിഷം പോലും അവളെ വിട്ട് നിൽക്കില്ല എന്ന് ..... പക്ഷെ ഡോക്കുമെന്ററി എടുക്കാൻ പോയില്ലേൽ പിന്നെ ""ഇച്ചായൻ ഒരിക്കലും എന്നെ കാണില്ല""...എന്നൊക്കെ പറഞ്ഞപ്പോൾ എനിക്ക് അവളുടെ വാക്കുകൾ നിരസിക്കാൻ ആയില്ല....അവളെ വിഷമിപ്പിക്കാനും തോന്നിയില്ല ... അവളുടെ ആഗ്രഹം സാധിച്ചു കൊടുക്കാം എന്നുമാത്രമേ അപ്പോ ചിന്തിച്ചോള്ളൂ...... പിന്നെ ഞാൻ കരുതിയില്ല അവൾ ഇത്ര പെട്ടന്ന് എന്നെ വിട്ട് പോകുമെന്ന്..... അല്ലേലും നമ്മൾ സ്നേഹിക്കുന്നവർക്ക് എത്ര വലിയ രോഗത്തിന് അടിമയാണേലും അവർ പെട്ടന്ന് നമ്മളെ വിട്ടു പോകില്ല എന്നല്ലേ നമ്മൾ ചിന്തിക്കു.....പക്ഷെ അവൾ പോയി എന്നെന്നേക്കുമായി..... .""""

അതു പറയുമ്പോൾ പ്രവിയുടെ കണ്ണുകൾ നിറഞ്ഞിരുന്നു........

""ഉം... ഏട്ടാ ... അവൾ അങ്ങനെ പെട്ടന്ന് പോകില്ലായിരുന്നു .... അവൾക്കു ഒരു ഓപ്ഷൻ ഉണ്ടായിരുന്നു ഡോക്ടർ മാർ കുറേ പറഞ്ഞതാ ... പക്ഷെ അവൾ കേട്ടില്ല...... """

ജെനിയുടെ വാക്കുകൾ കേട്ടപ്പോൾ ""ഓപ്ഷനോ.... എന്താ ജെനി എന്താ എനിക്ക് മനസിലായില്ല """""" എന്ന് ചോദിച്ചു കൊണ്ട് പ്രവി ജെനിയെ നോക്കി....

""ഉം . പറയാം ""എന്നർത്ഥത്തിൽ ജെനി മുഖം കാണിച്ചു...

ജെനിയുടെ വാക്കുകൾ കേൾക്കാനായി പ്രവി കാതോർത്തുനിന്നു

""ഏട്ടൻ അവളുടെ കഴുത്തിൽ മിന്ന് അണിയിച്ചു കഴിഞ്ഞു മൂന്നുമാസങ്ങൾക്ക് ശേഷം...ജെയിൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്ന് പറഞ്ഞു അവളുടെ ഹോസ്പിറ്റലിൽ നിന്നും ഞങ്ങൾക്ക് വന്ന കോൾ..... അങ്ങനെ ആണ് ഞങ്ങൾ അവൾ കിടക്കുന്ന ഹോസ്പിറ്റലിൽ പോകുന്നത് ...... അവിടെ വെച്ച് അറിയാൻ കഴിഞ്ഞു അവളുടെ അസുഖ ത്തെ കുറിച്ചും അവളുടെ വയറ്റിൽ.......... """

ജെനിയുടെ വാക്കുകൾ നിന്നു..... പ്രവിയുടെ പുറകിൽ ആരേയോ കണ്ടപോലെയുള്ള ജെനിയുടെ നോട്ടം പ്രവി ശ്രദ്ധിച്ചു......

""""""മാഷേ """

ഒരു കുഞ്ഞ് നാദം പ്രവിയുടെ കാതുകളിൽ അലയടിച്ചു....

പ്രവി ആ ശബ്ദത്തിന്റെ ഉടമയെ തേടി തിരിഞ്ഞു ...... മുന്നിൽ നിൽക്കുന്ന അങ്കിളിന്റെ രൂപം പ്രവിയുടെ കണ്ണുകൾ ഒപ്പിയെടുത്തു .... പ്രവി ചെറു പുഞ്ചിരി അങ്കിളിനായി സമ്മാനിച്ചു...... ""അങ്കിളിന്റെ ശബ്ദമല്ലല്ലോ താൻ കേട്ടത്.... ""പ്രവിയുടെ മനസ്സ് മന്ത്രിച്ചു ....

പ്രവിയുടെ മനസ്സ് മനസിലാക്കിയ അങ്കിൾ പ്രവിയോട് താഴേക്കു നോക്കാനായി കണ്ണു കാണിച്ചു....

പ്രവിയുടെ മിഴികൾ താഴേക്കു ചലിച്ചു ...... ഒരു നിമിഷം പ്രവി നിഛലമായി ..... മൂന്നാല് വയസ്സ് തോന്നിക്കുന്ന ഒരു സുന്ദരി പെൺകുട്ടി തനിക്ക് മുന്നിൽ തനിക്കു നേരെ ഒരു റോസാപ്പൂബൊക്ക നീട്ടി കൊണ്ട് നിൽക്കുന്നത് പ്രവിയുടെ മിഴികളിൽ പതിഞ്ഞു ...... ആ കുഞ്ഞിന്റെ നിഷ്കളങ്ക മുഖത്തേക്ക് സൂക്ഷിച്ചു നോക്കിയ പ്രവിയുടെ വായിൽ നിന്നും പ്രവി അറിയാതെ തന്നെ ""ജെയിൻ ""എന്നപേര് ഉച്ചരിച്ചു.....

""ജെയിൻ അല്ല ... ജാൻവി.... """

അങ്കിളിന്റെ ശബ്ദം പ്രവിയുടെ കാതിൽ അലയടിച്ചു......

പ്രവി മനസിലാകാതെ വീണ്ടും അവളുടെ കണ്ണുകളിലേക്ക് നോക്കി ... ""അതെ ജെയിന്റെ അതെ കണ്ണുകൾ ... അവളുടെ അതെ മുഖച്ഛായ..... """പ്രവി മനസ്സിൽ പറഞ്ഞതാണേലും പ്രവിയുടെ ചുണ്ടുകളുടെ അനക്കത്താൽ ചെറു ശബ്ദത്തിൽ ആ വാക്കുകൾ അവിടെ അലയടിച്ചു .....

""മുഖച്ഛായ മാത്രമല്ല..... അവളുടെ രക്തംമാ ജാൻവി.... ജെയിന്റെ.... അല്ല .... നിന്റെയും ജെയിന്റെയും മോള്..... ജാൻവി..... """"

അങ്കിളിന്റെ വാക്കുകൾ പ്രവിയുടെ നെഞ്ചിൽ ആണ് പതിച്ചത്....

""എന്റെ മോളോ..... """

"""അതെ ഏട്ടാ... ഏട്ടന്റെയും എന്റെ ജെയിന്റെയും മോളാ അവൾ...... """

ജെനിയുടെ വാക്കുകൾ കേട്ടപ്പോൾ ജെനിയുടെ നേരെ പ്രവി നോക്കി ...

""ഒരു കുഞ്ഞിന് ജീവൻ നൽകിയിട്ടാ അവൾ നമ്മളെ വിട്ടു പിരിഞ്ഞേ.. """

"'അപ്പോ ഇതിനായിരുന്നുലെ ഇത്രേം കാലം എന്നെ നീ സംരക്ഷിച്ചു നിർത്തിയെ... """

ജെയിന്റെ കല്ലറയിലേക്ക് നോക്കി പ്രവി പറഞ്ഞപ്പോൾ അവളുടെ കല്ലറയിൽ കൊത്തിയ ചിത്രത്തിന് പുഞ്ചിരിയുടെ അഴകായിരുന്നു.....

""മാഷേ... ഇതൊന്നു വാനിച്ചേ.... എനിച്ചു കൈ വേനിച്ചുനു.... """

ജാൻവിയുടെ കിളി കൊഞ്ചൽ കേട്ട് പ്രവി അവളുടെ നേരെ നോക്കി .... പ്രവിക്ക് സന്തോഷം അടക്കാനായില്ല ..... ആദ്യമായി ജെയിനെ കണ്ടത് പ്രവിയുടെ മനസിലേക്ക് ഓടിയെത്തി ....ജെയിൻ

ചായ കപ്പും നീട്ടി കൈ വേദനിക്കുന്നു എന്ന് പറഞ്ഞു നിൽക്കുന്ന രംഗം ആണ് ജാൻവി മോള് തനിക്ക് നേരെ റോസാപ്പൂ ബൊക്ക നീട്ടി നിൽക്കുമ്പോൾ പ്രവിക്ക് തോന്നിയത്....

പ്രവിയുടെ മുഖം സന്തോഷത്താൽ വിടർന്നു .... പ്രവി വേഗം തന്നെ ജാൻവിയെ എടുത്തുയർത്തി.....

""ഇങ്ങനെ ഒരു മോളു അച്ഛനെ കാത്തിരിക്കുന്നത് അറിഞ്ഞില്ലല്ലോ ഈ അച്ഛൻ.... """"

എന്നുപറഞ്ഞുകൊണ്ട് പ്രവി

അവളുടെ കവിളിലും മുഖത്തും തുരുതുരെ ഉമ്മ വെച്ചു ഒരച്ഛന്റെ സ്നേഹം അവളെ അറിയിച്ചു.....

ജാൻവി ഒന്നും മനസിലാകാതെ പ്രവിയുടെ കൈകുളിൽ ഇരുന്നു....

""ജാൻവി മോളെ ഇതാണ് അച്ചാച്ചൻ പറയാറുള്ള മോളുടെ പപ്പ....... """

അങ്കിൾ ജാൻവിയോട് പറഞ്ഞു ....

അവൾ അങ്കിളിനെ നോക്കി നുണക്കുഴി കാട്ടി പുഞ്ചിരിച്ചിട്ട് പ്രവിയുടെ മുഖത്തേക്ക് കുറച്ചു നേരം സൂക്ഷിച്ചു നോക്കി ... ചെറുപുഞ്ചിരിയോടെ അവൾ പ്രവിയുടെ കവിളിൽ ചുണ്ടുചേർത്തു കുഞ്ഞിപ്പല്ലുകൾ കൊണ്ട് പ്രവിയുടെ കവിളിൽ വാച്ചിന്റെ ചിത്രം പതിപ്പിച്ചു.... എന്നിട്ട് കുണുങ്ങി ചിരിച്ചുഅവൾ ......

പ്രവിക്കതൊരു സുഖമുള്ള വേദനയായിരുന്നു....

""അവൾക്കു സ്നേഹം കൂടുമ്പോൾ ഇങ്ങനെയാ ഏട്ട അവൾ ..... """

ജെനിയുടെ വാക്കുകൾ പ്രവിയിൽ ഉണ്ടായ സന്തോഷത്തിനു ആക്കം കൂട്ടി ..... സന്തോഷം കൊണ്ട് പ്രവിയുടെ കണ്ണുകൾ നിറഞ്ഞു....

പ്രവി ജാൻവിയെ എടുത്തു കൊണ്ട് തന്നെ നിന്നു ...

""""മോനെ..... """

പ്രവിയുടെ തോളിൽ അങ്കിൾ കൈവെച്ചു....

""അങ്കിൾ ഞാൻ.... """

""ഒന്നും പറയേണ്ട ഞങ്ങൾക്ക് മനസിലാകും നിന്റെ മനസ്സ്..... നീ വരും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു .......ജെയിൻ അവസാനമായി പറഞ്ഞതും അതാണ് ..... ഇച്ചായൻ വരുമ്പോൾ എന്റെ കുഞ്ഞിനെ ഇച്ചായനെ ഏൽപ്പിക്കണം എന്ന് ..... അവളുടെ ജീവൻ ആണിത്.... ഡോക്ടർ മാർ എത്ര പറഞ്ഞിട്ടും അവളുടെ ജീവനു ആപത്താണെന്നു പോലും പറഞ്ഞിട്ടും കുഞ്ഞിനെ അവൾ ഒഴിവാക്കിയില്ല....., """

അങ്കിൾ പറഞ്ഞു നിർത്തി....

""""ഏട്ടാ..... ""

ജെനിയുടെ ശബ്ദം കേട്ടപ്പോൾ അവൻ അവൾക്കു നേരെ നോക്കി ... അപ്പോ ജെനി ഒരു മടക്കിയ പേപ്പർ പ്രവിക്ക് നേരെ നീട്ടി ... ""അവൾ ലേബർ റൂമിൽ കയറുന്നതിനു മുൻപ് എന്നെ ഏല്പിച്ചതാ ഏട്ടന്റെ കൈയിൽ നൽകാനായി..... ""

ജെനി പറഞ്ഞു.....

പ്രവി അതു ഒരു കൈയാൽ വാങ്ങിച്ചു നിവർത്തി വായിച്ചു....

"""""ഇച്ചായൻ എനിക്ക് തന്ന സ്നേഹം തിരിച്ചു നൽകാനുള്ള ആയുസ്സ് ഈ ജന്മം എനിക്ക് ദൈവം വിധിച്ചിട്ടില്ല പക്ഷെ ഇച്ചായന്റെ സ്നേഹത്തിൽ ലയിക്കാനും ഇച്ചായനെ സ്നേഹിച്ചു കൊല്ലാനും ഞാൻ വരും ഇച്ചായന്റെ കുട്ടി കുറുമ്പിയായി.... """

ജെയിന്റെ വാക്കുകൾ ..... പ്രവിയുടെ കണ്ണുകൾ ഇറാനാക്കി .....

പ്രവി ജാൻവിയെ എടുത്തു കൊണ്ട് തന്നെ കല്ലറക്കു മുന്നിൽ മുട്ടുകുത്തി ..... കല്ലറക്ക് മുകളിൽ ജാൻവിയെ കൊണ്ട് ആ റോസാപൂബൊക്ക പ്രവി വെപ്പിച്ചു....

""""ഒരായിരം സ്നേഹപുഷ്പങ്ങൾ ബാക്കിയാക്കി എന്നിൽ നിന്നും മാഞ്ഞുപോയ എൻ പ്രണയപുഷ്പമേ...... ഇനിയുള്ള നാളുകളിൽ നിന്നിലെ ഇതളുകൾ കൊഴിയാതെ കാത്തുസൂക്ഷിക്കാൻ നമ്മുടെ കുട്ടി കുറുമ്പിക്ക് കൂട്ടായി നിന്റെ ഇച്ചായനും...... """""

കുറച്ചു ഏറെ വർഷങ്ങൾക്ക് ശേഷം.......

""""ലേഡീസ് ആൻഡ് ജെന്റിൽമാൻ """"

അവതാരകിയുടെ ശബ്ദ തരംഗങ്ങൾ ആ സ്റ്റേജ് മുഴുവൻ മുഴുകി കേട്ടു....

""നിങ്ങൾ ഏവരും പ്രതിക്ഷയോടെ കാത്തിരുന്ന

മൂഹൂർത്തത്തിലേക്കാണ് നമ്മൾ അടുത്തതായി കടക്കാൻ പോകുന്നത് ..... ഇന്നലകളിലെ വസന്തകാലം എന്ന അപൂർവ രചനയിലൂടെ ഈ വർഷത്തെ കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരം കരസ്ഥമാക്കിയ നമ്മുടെ എല്ലാവരുടെയും പ്രിയങ്കരിയും നമ്മുടെ കുട്ടികുറുമ്പിയുമായ ജാൻവി ജെയിനെ ഞാൻ ഈവേദിയിലേക്ക് പുരസ്കാരം ഏറ്റുവാങ്ങുന്നതിനായി ഹാർദ്ദവമായി ക്ഷണിക്കുന്നു..... """"

""ജാൻവി പ്ലീസ് കം ഓൺ ദ സ്റ്റേജ്... """""

ആ ഓഡിറ്റോറിയത്തിലെ ജനരവങ്ങളുടെ കൈയടികളുടെ അകമ്പടിയോടെ ജാൻവി ആ സ്റ്റേജിലേക്ക് നടന്നു കയറി .....

അധികം വൈകാതെ ജാൻവി പുരസ്കാരം ഏറ്റുവാങ്ങി.....

പുരസ്കാരം ഏറ്റുവാങ്ങിസന്തോഷതോടെ നിൽക്കുന്ന ജാൻവിയോട് രണ്ടു വാക്ക് സംസാരിക്കാനായി അവതാരിക ആവിശ്യപെട്ടു.....

""എല്ലാവർക്കും നമസ്കാരം.... """"

""""ഒരുപാട് സന്തോഷം ഉണ്ട് ഇങ്ങനെ ഒരു വേദിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങാൻ സാധിച്ചതിൽ.....

എന്നെ സ്നേഹിച്ചു എന്നെ ഈ നിലയിൽ എത്തിച്ച എല്ലാവർക്കും എന്റെ ഹാർദ്ദവമായ നന്ദി അറിയിക്കുന്നു ആദ്യമേ ......

ഇന്നലകളിലെ വസന്തകാലം എന്ന രചനയാണു എനിക്ക് ഈ പുരസ്കാരം ലഭ്യമാക്കാൻ കാരണമായ കൃതി.... സാധാരണ അതു വായിക്കുന്നവർക്ക്

അതുവെറും ഒരു കഥയായിരിക്കാം പക്ഷെ എനിക്കതല്ലായിരുന്നു..... എന്നിലൂടെ ഞാൻ കണ്ട എന്റെ പപ്പയുടെയും മമ്മയുടെയും ചിതലരിക്കാത്ത പ്രണയസാഫല്യമായിരുന്നു....... പ്രണയം എന്നത് രണ്ടാത്മാക്കൾ

തമ്മിലുള്ള ഒന്നുചേരൽ ആണെന്നു മനസിലാക്കിയത് അവരുടെ പ്രണയം കണ്ടിട്ടായിരുന്നു.....എന്റെ പിറവിയിലൂടെ എനിക്ക് നഷ്പ്പെട്ട എന്റെ അമ്മയുടെ സ്നേഹം എനിക്ക് തിരിച്ചുകിട്ടിയത് എന്റെ എല്ലാമെല്ലാമായ എന്റെ പപ്പയിൽ നിന്നായിരുന്നു..... ഒന്നിനും ഒരു കുറവ് വരുത്താതെ മമ്മ ഇല്ലെന്ന സങ്കടം തോന്നിപ്പിക്കാത്തവിധം എന്നെ വളർത്തി ഈ നിലയിൽ എത്തിച്ചു എന്റെ പപ്പ ...... ആ പപ്പക്ക് അവകാശ പെട്ടതാ ഈ പുരസ്കാരം ....... """"""

സ്റ്റേജിന്റെ മുൻ നിരയിൽ ഇരിക്കുന്ന പ്രവിയെ നോക്കി ജാൻവിയത് പറഞ്ഞുകേട്ടപ്പോൾ പ്രവിയുടെ കണ്ണു നിറഞ്ഞു ........

""പപ്പ പോകാം.... """

ഫങ്ക്ഷൻ കഴിഞ്ഞു .... വില്ലിസ് ന്റെ ഡ്രൈവിങ് സീറ്റിലേക്ക് കയറിക്കൊണ്ട് ജാൻവി പറഞ്ഞു....

""ഹഹ ... ഇതുകൊള്ളാം... ഇവിടെരുന്നു കരയുക ആണോ... ""

വില്ലിസ് ന്റെ സൈഡ് സീറ്റിൽ ചാരി ഇരിക്കുകയായിരുന്ന പ്രവിയോട് ജാൻവി ചോദിച്ചു...

""ഇല്ല മോളെ ഞാൻ.... """

""ഓഹ് കള്ളം ഒന്നും പറയേണ്ട ... ഞാൻ കണ്ടു ...... മമ്മയെ ഓർത്തല്ലേ....എന്റെ പൊന്നു """

പ്രവിയുടെ താടിയിൽ പിടിച്ചുകൊണ്ടു ജാൻവി പറഞ്ഞു....

"""ഉം... നിന്നുടെ ഉയർച്ചകൾ കാണാൻ ഉള്ള ഭാഗ്യം അവൾക്കില്ലാതെ പോയല്ലോ എന്നോർത്തപ്പോൾ...... """"

""ആരു പറഞ്ഞു മമ്മ ഉണ്ടായില്ല എന്ന് .... ഞാൻ കണ്ടു എന്റെ മുന്നിൽ ഓഡിറ്റോറിയത്തിൽ പപ്പയുടെ കൂടെ എന്നെ ആശീർവദിച്ചുകൊണ്ട് ഒരു മാലാഖയുടെ ഉടുപ്പ് ഇട്ടു നിൽക്കുന്ന എന്റെ മമ്മയെ........ """

ജാൻവിയുടെ വാക്കുകൾ പ്രവിയുടെ കണ്ണുകളെ ഈറനാക്കി .........

"""മതി കരഞ്ഞത് ... ദേ കരയുന്നത് മമ്മ ക്കു ഇഷ്ടമല്ല എന്നറിയില്ലെ """

പ്രവിയുടെ കണ്ണീർ തുടച്ചു കൊണ്ട് ജാൻവി പറഞ്ഞു ......

അതുകേട്ടപ്പോൾ പ്രവി അവൾക്കായി ചെറുപുഞ്ചിരി സമ്മാനിച്ചു..... ഒപ്പം അവളുടെ നെറുകയിൽ സ്നേഹചുംബനവും നൽകി അവൻ......

"""ആ ഇപ്പോഴാ എന്റെ പപ്പയായത്.... എന്റെ ജെയിൻ കുട്ടിയുടെ ഇച്ചായൻ ആയതു........ """

""എന്നാ പോകാം ജെയിന്റെ ഇച്ചായ...... """"""

അവൾ പ്രവിയെ കളിയാക്കി....

""ഉം .. പോകാം... പോകാം... """"

ചെറുചിരിയോടെ പ്രവി പറഞ്ഞു....

ഒരു ഇരമ്പലോടെ അവരുടെ വാഹനം റോഡിലൂടെ പാഞ്ഞു ....

അവരുടെ തുണക്കായി അവർക്ക് കൂട്ടായി മാലാഖയുടെ രൂപത്തിൽ അവരുടെ പ്രണയപുഷ്പവും.........

========== **ശുഭം** ===========